032:3M726:11 F3
PANDAVANMAR. ACHOTHA MENON.

032:3M726:11
F3

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

M726:11 F3
MENON.
r.

MUL
061863

**Madras University Library**

Call Number 032:3M726:11 F3

Accession Number 61863

Available for loan from

This book should be returned on or before the date last marked below.

| | | | |
|---|---|---|---|
| | | | |

O. 61

# Pandavanmar.

Approved Text Book
By the Cochin & Travancore Book Committees.

EDITED BY
M. Achutha Menon

MADRAS UNIVERSITY
24 MAR 1931
RESEARCH INSTITUTE

Published by
P. I. KRISHNAN.

[Second Edition 500 Copies]

# പാണ്ഡവന്മാർ.

(കൊച്ചിതിരുവിതാംകൂർ പാഠപുസ്തകകമ്മി
റ്റികളാൽ അംഗീകരിക്കപ്പെട്ടതു്)

ഗ്രന്ഥകർത്താവ്:—മേലങ്ങത്തു അച്ചുതമേനോൻ
പണ്ഡിതർ, കാളേജ്, എറണാകുളം.

പ്രസാധകൻ:—പി. ഐ. കൃഷ്ണൻ,
കേരളചിന്താമണി അച്ചുക്കൂടം,
തൃശ്ശിവപേരൂർ.

1098

വില 10 അണ. Price 10 Annas

☞ പാണ്ഡവന്മാർ എന്ന ഈ ബുക്കിന്റെ ഈ പതിപ്പിലും മേലാൽ ഉണ്ടാകുന്ന പതിപ്പുകളിലുമുള്ള ആദായം ഗ്രന്ഥകർത്താവിനും കേരളചിന്താമണി അച്ചുകൂടത്തിലേക്കും സമവീതമാകുന്നു.

61863
0.32:3M72b;1
F3

# INTRODUCTION.

Mr. Melangathu Achutha Menon is known to the literary Malayalam public as the author of the works 'Vanchirajeeyam'. and 'Sreehastharatnavali'. This brochure is the story of the *Pandavas* abridged from the world famous Epic *Mahabarata* for the use of the juvenile readers, and is written in a style suited to their requirements. The subject is well chosen and is both interesting and instructive, It will help them to develope their imaginative faculties and moral principles. I commend it to the reading public.

Trivandrum
9—5—1095

K. Sankara Menon,
M. A. L. T., M. R. A. S.
Director of Ayurveda,
Travancore.

# പാണ്ഡവന്മാർ.

## ഒന്നാം അദ്ധ്യായം.

സോമവംശരാജാക്കന്മാൎക്ക ഹസ്തിനപുരം എന്നൊരു രാജധാനി ഉണ്ടായിരുന്നു. ഇപ്പോൾ ഡൽഹി എന്നു വിളിച്ചുവരുന്ന നഗരത്തിൽനിന്നു അറുപതു നാഴിക ദൂരത്തായിരുന്നു ഈ രാജധാനി. ഹസ്തിയെന്ന രാജാവു നിൎമ്മിച്ചതുകൊണ്ടു ഇതിന്നു ഈ പേർ ഉണ്ടായി. ഈ രാജകുലത്തിൽ പ്രസിദ്ധനായിരുന്ന ഭരതന്റെ നാമധേയത്തെ അടിസ്ഥാനമാക്കിയിട്ടാണു ഇന്ത്യക്ക ഭാരതവൎഷം അല്ലെങ്കിൽ ഭാരതം എന്ന സംജ്ഞ നൽകിയിരിക്കുന്നതു. ഭരതന്റെ പരമ്പരയിൽ സംഭവിച്ച സന്താനങ്ങൾ തമ്മിലുണ്ടായ ഘോരസമരത്തേയും അവരുടെ വീരകൃത്യങ്ങളേയും ലോകസമക്ഷം പ്രത്യക്ഷപ്പെടുത്തുന്ന ഒരു മഹാ മണിദൎപ്പണമാകുന്നു വ്യാസനിൎമ്മിതമായ "മഹാഭാരതം".

ഈ രാജവംശത്തിന്നു അലങ്കാരഭൂതനായിരുന്ന ശന്തനു മഹാരാജാവു വളരെക്കാലം ഭൂമിയെ പരിപാലിച്ചു. ഇദ്ദേഹത്തിന്നു ഭാഗീരഥിയെന്ന പത്നിയിൽ ദേവവ്രതനെന്നൊരു പുത്രനുണ്ടായി. അങ്ങിനെയിരിക്കുമ്പോൾ ശന്തനു സത്യവതിയെന്ന ദാശകന്യകയെ കണ്ടുമോഹിച്ചു. ദേവവ്രതൻ രാജ്യമുപേക്ഷിച്ചു, നിത്യബ്രഹ്മചൎയ്യമവലംബിച്ചു, കൈവൎത്തനോടു കന്യകയെ വാങ്ങി പിതാവിന്നു കൊടുത്തു. ഇദ്ദേഹത്തെ മഹാജനം വിളിക്കുന്നതു ഭീഷ്മരെന്നാണു. വിവാഹത്തിന്നുമുമ്പു സത്യവതിക്കു പരാശര മഹൎഷിയുമായുള്ള സംഗമത്താൽ വേദവ്യാസനെന്നൊരു പുത്രനുണ്ടായിരുന്നു. പിന്നീടു ശന്തനുവിന്റെ തനയന്മാരായി ചിത്രാംഗദനെന്നും വിചിത്രവീൎയ്യനെന്നും രണ്ടുപേർകൂടി ഉണ്ടായി. ശന്തനുവിന്റെ കാലാനന്തരം രാ

ജ്യം പരിപാലിച്ചിരുന്ന ചിത്രാംഗദനെ ചിത്രാംഗദനെന്ന ഒരു ഗന്ധൎവ്വരാജാവു നിഗ്രഹിച്ചു. ഉടനെ ബാലനായ വിചിത്രവീൎയ്യനെ ഭീഷ്മർ രാജാവായി അഭിഷേകം ചെയ്തു. വിചിത്രവീൎയ്യൻ അംബികയെന്നും അംബാലികയെന്നും രണ്ടു കമനീയഗാത്രികളെ ഭാൎയ്യമാരായി വരിച്ചു. അങ്ങിനെയിരിക്കേ വിചിത്രവീൎയ്യൻ ക്ഷയരോഗഗ്രസ്തനായി ചരമഗതിയെ പ്രാപിക്കയും, രാജ്യവാസികൾ സന്തപിക്കയും ചെയ്തു. സന്തതിയില്ലാത്തതിനാൽ സത്യവതി ദുഃഖാക്രാന്തയായി. ജനനിയുടെ മതപ്രകാരം വേദവ്യാസമുനി ഭ്രാതൃപത്നികളെ സ്വീകരിച്ചു അവരുടെ യൌവനത്തെ സഫലമാക്കിത്തീൎത്തു. അംബികയിൽ ധൃതരാഷ്ട്രരും അംബാലികയിൽ പാണ്ഡുവും ജനിച്ചു. ഇവരുടെ വൃഷലിയിൽ വ്യാസക്കുണ്ടായ പുത്രനാണു ജ്ഞാനിയായ വിദുരർ. ധൃതരാഷ്ട്രൻ ജനനാൽതന്നെ അന്ധനായിരുന്നതുകൊണ്ടു പാണ്ഡു ഹസ്തിനപുരത്തിലെ രാജാവായി. പാണ്ഡുവിന്നു കുന്തിയെന്നഭാൎയ്യയിൽ യുധിഷ്ഠിരൻ, ഭീമസേനൻ, അൎജ്ജുനൻ എന്നു മൂന്നു പുത്രന്മാരും, മാദ്രിയെന്ന പത്നിയിൽ നകുലനെന്നും സഹദേവനെന്നും രണ്ടു പുത്രന്മാരും ജനിച്ചു. പാണ്ഡു യൌവനദശയിൽത്തന്നെ ഹിമവാൻ പൎവ്വതത്തിന്റെ സാനുപ്രദേശത്തുവെച്ചു മൃതനായി. അക്കാലത്തു ധൃതരാഷ്ട്രർ, അന്ധനാണെന്നിരിക്കിലും, ഭാരതസാമ്രാജ്യത്തിന്റെ ആധിപത്യം കയ്യേററ് പാണ്ഡുവിന്റെ അനന്തരഗാമിയായിത്തീൎന്നു. മാദ്രി ഭൎത്താവിന്റെകൂടെ ചിതയിൽ ചാടി ശരീരം ദഹിപ്പിച്ചു ഈ വിധം ഭൎത്താവിന്റെ മൃതശരീരം ദഹിക്കുന്ന ചിതയിൽ ചാടി ഉത്തമ പത്നിമാർ ജീവിതമൊടുക്കുകയെന്നുള്ളതു മാദ്രിയായിട്ടു തുടങ്ങിയ ഏൎപ്പാടല്ല. ഇതു അതിനു മുമ്പും പിമ്പും ഹൈന്ദവലോകത്തിൽ പടൎന്നുപിടിച്ചിരുന്ന ഉറപ്പുള്ള അനാചാരങ്ങളിൽ ഒന്നായിരുന്നു. ഇന്ത്യാജനനിയ്ക്കു് ബ്രിട്ടീഷ് സിംഹക്കൊടിയുടെ നിഴലത്ത് പരിപൂൎണ്ണമായ സമാധാനമുണ്ടായതോടുകൂടി സതി ഉടന്തടിചാട്ടം,

അനുമരണം എന്ന നാമങ്ങളോടുകൂടി പുലൎന്നിരുന്ന ഈ ഏൎപ്പാടു അസ്തമിച്ചുപോയി. പതിവ്രതാ ലോകത്തിലേക്കുള്ള അന്ത്യമായ സോപാനം അനുമരണമാണെന്നുള്ള തെററിദ്ധാരണയിൽ കുടുങ്ങി സാധുവായ മാദ്രി ജീവിതം അവസാനിപ്പിച്ചപ്പോൾ നകുലസഹദേവന്മാരുടെ മേൽ നോട്ടവുംകൂടി കുന്തീദേവി കയ്യേല്ക്കുകയാണുണ്ടായതു. അനന്തരം യുധിഷ്ഠിരജനനി പാണ്ഡുപുത്രന്മാരെ അഞ്ചു പേരേയുംകൊണ്ടു ഹസ്തിനപുരത്തിൽ തിരിച്ചു ചെന്നു. ധൃതരാഷ്ട്രർ അവരെ സ്വന്തം പുത്രന്മാരെപ്പോലെ രക്ഷിച്ചു. പാണ്ഡുപുത്രന്മാർ ധൃതരാഷ്ട്രരുടെ നൂറു മക്കളോടൊരുമിച്ചു കളിച്ചും പഠിച്ചും വളൎന്നു വന്നു. എന്നാൽ പാണ്ഡവന്മാർ ദേവന്മാരെപ്പോലെ കോമളന്മാരും ശക്തിമാന്മാരുമായിത്തീൎന്നു. വാസ്തവത്തിൽ ഇവർ ദേവന്മാരുടെ പുത്രന്മാർ തന്നെയായിരുന്നു. കിന്ദമൻ എന്ന മഹൎഷിയുടെ ശാപം നിമിത്തം തനിക്കു കാന്തമാരെ സ്പൎശിക്കുവാൻ പാടില്ലാതിരിക്കുന്ന കാലത്ത് സന്തതിയുണ്ടാകുവാനുള്ള വഴിയെന്തെന്നു പാണ്ഡു കുന്തിയോടു ചോദിച്ചു. ദുൎവ്വാസാവെന്ന മുനിയുടെ അടുക്കൽനിന്നും തനിക്കു അഞ്ചു മന്ത്രങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അവ മാൎഗ്ഗമായി സന്താനലാഭം വരുത്താമെന്നും മറുപടി പറഞ്ഞു കുന്തീദേവി പാണ്ഡുവിന്റെ മനസ്സിനു സമാധാനമുണ്ടാക്കി. മന്ത്രവരബലംകൊണ്ടു ധൎമ്മരാജാവിനെ പ്രാപിച്ചു യുധിഷ്ഠിരനേയും വായുഭഗവാനെ ചിന്തിച്ചു ഭീമസേനനേയും ദേവേന്ദ്രനെ സ്മരിച്ചു അൎജ്ജുനനേയും കുന്തി പ്രസവിച്ചു. അൎഭകന്മാരില്ലാതെ ദുഃഖിക്കുന്ന മാദ്രിക്കു മനസ്വിനിയായ കുന്തീദേവി ശേഷമുള്ള മന്ത്രത്തെ ഉപദേശിച്ചുകൊടുത്തു. മാദ്രിയാകട്ടെ ആ മന്ത്രംകൊണ്ടു അശ്വിനിദേവകളെ ധ്യാനിച്ചു നകുലസഹദേവന്മാരെ പ്രസവിക്കുകയും ചെയ്തു.

ഗുണവതിയായ കുന്തീദേവി അവളുടെ സപത്നിയോടു ഏതു വിധം പെരുമാറിയെന്നു നോക്കുക! ത്രേതായുഗത്തിൽ പ്രതാപത്തോടുകൂടി രാജ്യം ഭരിച്ചിരുന്ന സൂൎയ്യവംശരാജാവായ ദശരഥന്റെ പുത്രനായ രാമചന്ദ്രനെ കൈകേയി കാട്ടി

ലേക്ക ആട്ടിയോടിച്ചു നാട്ടാരേയും നാട്ടുകൂടയോനേയും അപകടത്തിൽ കുടുക്കിയത് സപത്നികലഹത്തിന്റെ ശക്തികൊണ്ടാണു. പലമാതിരി പരമാനന്ദങ്ങൾ അനുഭവിക്കുന്ന ഒരു പുരുഷൻ ഒന്നിലധികം ഭാൎയ്യമാരെ സ്വീകരിക്കുന്നുവെങ്കിൽ അയാൾക്ക സപത്നീകലഹം മൂലമുണ്ടാവുന്ന മനഃക്ഷോഭം ഒന്നുകൊണ്ടു ഭൂലോകനരകം അനുഭവിക്കാൻ ഇടവരുമെന്ന വസ്തുത വിവേകികൾ പരമാൎത്ഥമായി പാടിവരുന്നു. ഇപ്രകാരമൊരു നരകം പാണ്ഡുമഹാരാജാവു ഒരു കാലത്തും അനുഭവിച്ചിട്ടില്ലെന്നു കുന്തീദേവിയുടെ ഈ പ്രവൃത്തികൊണ്ടു നമുക്ക മനസ്സിലാക്കാം. ഇത്രയും സ്വഭാവഗുണമുള്ളവരായ കുന്തീമാദ്രിമാരുടെ ഓമനക്കുട്ടികൾക്ക നീണ്ടുനില്ക്കുന്ന പരിതാപം ഒരു കാലത്തുമുണ്ടാവാൻ വഴികാണുന്നില്ല. എന്തിനധികം പറയുന്നു? കിന്ദമമഹൎഷിയുടെ ശാപംകൊണ്ടു തടസ്സമായിരുന്ന പാണ്ഡുമഹാരാജസംസൎഗ്ഗംകൂടാതെ കുന്തിയും മാദ്രിയും ധൎമ്മപുത്രൻ, ഭീമൻ, അൎജ്ജുനൻ, നകുലൻ, സഹദേവൻ എന്നിങ്ങിനെ അഞ്ചു പുത്രന്മാരെ കണ്ടു സന്തോഷിക്കുന്നതിനു ഭാഗ്യമുള്ളവരായിത്തീൎന്നു. ഈ അഞ്ചു പുത്രന്മാരേയും പാണ്ഡവന്മാരെന്നാണു സാധാരണ വിളിച്ചുവരുന്നതു.

പാണ്ഡവന്മാർ ധാൎത്തരാഷ്ട്രന്മാരോടുകൂടി ഹസ്തിനപുരിയിൽ വസിക്കുമ്പോൾ കുമാരന്മാരെ ആയുധാഭ്യാസം ചെയ്യിപ്പിക്കുന്നതിനായി ഭീഷ്മർ ദ്രോണാചാൎയ്യരെ നിയമിച്ചു. ഇദ്ദേഹം ഭരദ്വാജമുനിയുടെ പുത്രനും എതിരില്ലാത്ത വില്ലാളിയുമായിരുന്നു. രാജകുമാരന്മാർ ദ്രോണാചാൎയ്യരുടെ പക്കൽനിന്നും സകലവിധ ധനുൎവ്വിദ്യകളും കരസ്ഥമാക്കി. സാമൎത്ഥ്യംകൊണ്ടു പാണ്ഡുപുത്രന്മാർ ധാൎത്തരാഷ്ട്രന്മാരെ അതിശയിച്ചു. ഇവരിൽ എല്ലാവരിലുംവെച്ചു മൂത്തവനും ഏററവും ബുദ്ധിമാനുമായ യുധിഷ്ഠിരൻ അതിവീരനായ സാരഥിയായിത്തീൎന്നു. ഗദാപ്രയോഗത്തിൽ ഭീമസേനൻ പ്രഥമഗണനീയനായി. അൎജ്ജുനൻ അദ്വിതീയനായ വില്ലാളിയുമായിത്തീൎന്നു. മററു രണ്ടുപേരും ഖഡ്ഗപ്രയോഗത്തിലായിരുന്നു സാമൎത്ഥ്യം കാണിച്ചിരുന്നതു.

ചരിത്രഗതികൾ ഇങ്ങിനെയിരിക്കെ ധൃതരാഷ്ട്രരുടെ സീമന്തപുത്രനായ ദുൎയ്യോധനന്ന് പാണ്ഡവന്മാരോട്, പ്രത്യേകിച്ച് ഭീമസേനനോട്, അശേഷം രസമുണ്ടായിരുന്നില്ല. ഗദാപ്രയോഗത്തിലും ഓട്ടത്തിലും, ചാട്ടത്തിലും, ഭീമസേനൻ പ്രകാശിപ്പിച്ചിരുന്ന സാമൎത്ഥ്യം ദുൎയ്യോധനന് അനല്പമായ അസൂയയേയും വൈരത്തേയും ജനിപ്പിച്ചു. ഗുരുശുശ്രൂഷാരതനായ അർജ്ജുനനോടായിരുന്നു ദ്രോണാചാൎയ്യൎക്ക് അധികം സ്നേഹമുണ്ടായിരുന്നതു.

രാജകുമാരന്മാൎക്ക് യൌവനാരംഭമായതു കണ്ടു അവരുടെ ശക്തി പരീക്ഷിപ്പാൻ ദ്രോണർ ധൃതരാഷ്ട്രരോടു അനുവാദം വാങ്ങി. ഇക്കാലത്ത് ദ്രോണൎക്ക് ദ്രുപദൻ എന്നൊരു ശത്രുവുണ്ടായിരുന്നു. ഇദ്ദേഹം പാഞ്ചാലരാജ്യത്തെ രാജാവാണ്. ദ്രുപദനും ദ്രോണരും തമ്മിൽ വിരോധമുണ്ടാകുന്നതിന്നു ചെറുതായ ഒരു കാരണവുമില്ലാതിരുന്നില്ല. ഗൃഹസ്ഥാശ്രമത്തിൽ അനല്പമായ ദാരിദ്ര്യദുഃഖമനുഭവിച്ചുകൊണ്ടിരുന്ന കാലത്തു തന്റെ സഹപാഠിയും സഖിയുമെന്നോൎത്തു ദ്രോണർ ദ്രുപദനെ സന്ദൎശിക്കുകയുണ്ടായി. അപ്പോൾ രാജാവാകട്ടെ, പൂൎവ്വസ്മരണ തെല്ലുമില്ലാതെ, പ്രസിദ്ധനും, ബുദ്ധിശാലിയും, ശൂരനുമായ ദ്രോണാചാൎയ്യരെ അധിക്ഷേപിച്ചു വിടുകയാണുണ്ടായതു. ഇതു കേട്ടു യാതൊന്നും മിണ്ടാതെ ദ്രോണർ പ്രതിക്രിയാതല്പരനായി അങ്ങിനെയിരിക്കുമ്പോഴാണു സമൎത്ഥന്മാരായ രാജകുമാരന്മാർ ശിഷ്യന്മാരായിത്തീൎന്നതു. പഠിച്ചു മിടുക്കന്മാരായ കൊച്ചുതമ്പുരാക്കന്മാർ ഗുരുനാഥന് ദക്ഷിണ കൊടുക്കുവാനൊരുമ്പെട്ടു. തത്സമയം ദ്രോണാചാൎയ്യരാകട്ടെ, ദ്രുപദനെ കെട്ടി തന്റെ മുമ്പിൽ വെച്ചു ദക്ഷിണ ചെയ്യുന്നതാണു തനിക്കു ഏററവും പ്രിയമെന്നു ശിഷ്യജനങ്ങളെ ഗ്രഹിപ്പിച്ചു. പരാക്രമികളായ രാജപുത്രന്മാർ ആൎത്തുവിളിച്ചു പാഞ്ചാലരാജ്യത്തിലെത്തി ദ്രുപദനോടു യുദ്ധമാരംഭിച്ചു. ഭീമസേനന്റെ ഗദാഘാതങ്ങളും, അർജ്ജുനന്റെ ബാണപരമ്പരകളും, നകുലസഹദേവന്മാരുടെ അശനിസമങ്ങളായ ഖഡ്

ഗപാതങ്ങളുമേററു ദ്രുപദന്റെ ഭടന്മാർ കടയററ വൃക്ഷങ്ങളെപ്പോലെ ഭൂമിയിൽ വീണു. ഒടുവിൽ അൎജ്ജുനൻ ദ്രുപദനെ പിടിച്ചു ബന്ധിച്ചു ദ്രോണാചാൎയ്യരുടെ സന്നിധിയിൽ കൊണ്ടുചെന്നു കാഴ്ചവെച്ചു. ബന്ധിതനായി കാൽചുവട്ടിൽ കിടക്കുന്ന പാഞ്ചാലനെ ചവുട്ടുന്നതിനായി ആചാൎയ്യർ പൂൎവ്വസ്മരണയാൽ ജ്വലിച്ച കോപത്തോടുകൂടി കാലുപൊക്കി. ഉചിതജ്ഞനും ധൎമ്മപുത്രാനുജനുമായ അൎജ്ജുനൻ ഗുരുനാഥന്റെ പൊക്കിയ കാൽവെട്ടുന്നതിനായി അരവാളൂരി. ഹാ! നിനക്കിങ്ങിനെ ഔചിത്യബുദ്ധി തോന്നട്ടേ! എന്നിപ്രകാരം ആചാൎയ്യസ്വാമി അൎജ്ജുനനെ അനുഗ്രഹിച്ചു സന്തുഷ്ടനായി. ദ്രുപദനെ കൊല്ലാതെ വിട്ടയച്ചെങ്കിലും തന്നെ അധിക്ഷേപിച്ചതിനു, അന്നത്തെ കാലധൎമ്മമനുസരിച്ചുള്ള ശിക്ഷയായിട്ടു അയാളുടെ രാജ്യത്തിൽ പകുതി ദ്രോണർ എടുത്തു.

ദ്രുപദമഹാരാജാവു പാഞ്ചാലരാജ്യത്തെയ്ക്കു മടങ്ങി. ദ്രോണാചാൎയ്യരോടു അതിഘോരമായ ദ്വേഷം ദ്രുപദന്റെ ഉള്ളിൽ അങ്കുരിച്ചു. ദുൎജ്ജയനായ ദ്രോണരെ കൊല്ലുവാൻ ഇന്ദ്രതുല്യനായ ഒരു പുത്രനും, യുദ്ധവീരനും ഉചിതജ്ഞനുമായ അൎജ്ജുനനു നൽകുവാൻ ഒരു പുത്രിയും ഉണ്ടാകേണമെന്നു പ്രാൎത്ഥിച്ചുകൊണ്ടു ദ്രുപദൻ ഒരു യജ്ഞം നടത്തി. ദേവന്മാർ യാഗംകൊണ്ടു തൃപ്തിപ്പെട്ടു ദ്രുപദന്റെ പ്രാൎത്ഥനയെ സദയം കൈക്കൊണ്ടു. ആദിത്യനെപ്പോലെ കാന്തിമാനായി വില്ലും അമ്പും വാളും ധരിച്ചുകൊണ്ടു ഒരു വീരപുരുഷൻ ഹോമകുണ്ഡത്തിൽനിന്നു ആശ്ചൎയ്യകരമാംവണ്ണം പ്രത്യക്ഷമായി. അതിനുശേഷം ലക്ഷ്മീദേവിക്കു തുല്യയായ ഒരു സ്ത്രീരത്നം പൊങ്ങിവന്നു. പിന്നീടു ആണും പെണ്ണുമല്ലാത്തതായ ഒരു സത്വമാണു ഉയൎന്നു വന്നതു. ധൃഷ്ടദ്യുമ്നൻ, കൃഷ്ണാ, ശിഖണ്ഡി എന്നീ നാമധേയം ധരിച്ച ഈ ശരീരികൾ കൌതുകപൂൎവ്വം വളൎന്നുതുടങ്ങി.

ഇക്കാലത്ത് ഭീഷ്മരും ദ്രോണരും കൃപരും വിദുരരും ധൃതരാഷ്ട്രരുംകൂടി ന്യായാവകാശിയും സ്ഥിരചിത്തനുമായ ധൎമ്മ

പുത്രരെ യുവരാജാവായി അഭിഷേകം ചെയ്തു. യുധിഷ്ഠിരനു ലഭിച്ച സ്ഥാനമാനങ്ങളും ദ്രുപദബന്ധനത്തിൽ അർജ്ജുനൻ പ്രദർശിപ്പിച്ച ധീരകൃത്യങ്ങളും ദുര്യോധനന്റെ ഉള്ളിൽ കിടന്നെരിഞ്ഞിരുന്ന സ്പർദ്ധാനലനെ പൂർവ്വാധികം ഉജ്ജ്വലിപ്പിച്ചു. കുലഘാതകനായ സുയോധനൻ പിതാവിന്റെ ഈ പ്രവൃത്തി കണ്ട് ഒട്ടും സഹിച്ചില്ല. രാജ്യം കൈവശമാക്കേണമെങ്കിൽ പാണ്ഡവന്മാരെ നശിപ്പിക്കാതെ കഴികയില്ലെന്നു കണ്ടു അതിനുള്ള ഉപായങ്ങൾ ആലോചിപ്പാനായി കർണ്ണൻ, ശകുനി കണിങ്കൻ എന്നിവരെ വരുത്തി. ചതികൊണ്ടല്ലാതെ നേരിട്ടു പൊരുതി അവരെ സംഹരിപ്പാൻ സാധിക്കയില്ലെന്നു നാലു പേരുംകൂടി തീരുമാനിച്ച് വർത്തമാനം ധൃതരാഷ്ട്രരെ അറിയിച്ചു. അരക്കും മരവുംകൊണ്ടു ഒരു പുരം തീർത്തു അതിലിട്ടടച്ച് കൊള്ളിവെച്ചു അമ്മയേയും മക്കളേയും ദഹിപ്പിച്ചു കളയുവാനാണ് തീരുമാനിച്ചത്. രാജാവായ ധൃതരാഷ്ട്രർ ഉള്ളിലെ വ്യാജം മറച്ചുവെച്ചുകൊണ്ടു ധർമ്മപുത്രരെ വിളിച്ചു ഇപ്രകാരം പറഞ്ഞു:—

"എന്റെ പുത്രന്മാർ ദുസ്സ്വഭാവികളാണ്. നിങ്ങളോടു അവർക്കു മത്സരമുള്ളതായി കാണുന്നു. രണ്ടു ഭാഗക്കാരും കൂടി ഇവിടെ താമസിച്ചാൽ ആപത്തിനിടയുണ്ടു. അതിനാൽ, സുയോധനനു അത്ര ഇഷ്ടമല്ലെങ്കിലും, ഞാൻ ഒരു നന്മ പറയാം. വാരണാവതം എന്ന കോട്ട ഇപ്പോൾ ഒഴിഞ്ഞുകിടക്കയാണ്. നിങ്ങൾക്കിരിപ്പാനായി അതു നന്നാക്കിച്ചു അതിൽ ഒരു ഭവനം പുതുതായിത്തീർത്തുതരാം. ധനവും വേണ്ടേടത്തോളം അയച്ചുതരാം. നിങ്ങൾ അമ്മയോടുകൂടി അവിടെ ചെന്നു സുഖമായി വസിക്കുവിൻ. ഭൃത്യനായിട്ടു പുരോചനനെ നിയോഗിച്ചുകൊള്ളാം. അവിടെ താമസിക്കുന്നവർക്കാണു രാജ്യഭാരത്തിന്നുള്ള അവകാശം. അത്രതന്നെയുമല്ല, ഞാൻ പറയുന്നതുപോലെ നടന്നാൽ നിങ്ങൾക്കു ശത്രുപീഡ ഉണ്ടാവുകയുമില്ല."

‘ആചാൎയ്യനിയോഗത്തെപ്പാലിക്കം ജനങ്ങൾക്ക
നാശങ്ങളൊന്നുമനുഭവിക്കയില്ലയല്ലോ.’

രാജശാസനം അനുസരിച്ചു പുരോചനൻ അരക്കില്ലം ഉടനേതീൎത്തു. ബുദ്ധിമാനായ വിദുരർ ചതിപ്രയോഗമറിഞ്ഞു ശില്പിയെക്കൊണ്ടു അതിൽ ഒരു വിലം നിൎമ്മിപ്പിച്ചിരുന്നു. ദുൎമ്മതിയായ പുരോചനൻ ഈ വൎത്തമാനം ഒട്ടുംതന്നെ അറിഞ്ഞില്ല. പാണ്ഡവന്മാരും മാതാവായ കുന്തിയും അവിടെ ചെന്നു വേണ്ട കൎമ്മങ്ങളൊക്കെ കഴിച്ചു പുതിയ ഭവനത്തിൽ വസിച്ചു. പുരോചനൻ ഐവരിലും ഒരുപോലെ വിശ്വാസം ജനിപ്പിച്ചു കൂടെ താമസിച്ചുപോന്നു. സോമവംശജാതന്മാരായ പാണ്ഡവന്മാർ ശങ്കാപൂൎവ്വം ഒരാണ്ടവിടെ കഴിച്ചുകൂട്ടി. അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം വിലം തീൎത്ത ഖനകൻ വന്നു വിദുരോക്തികളെ വിശ്വാസപൂൎവ്വം പാണ്ഡവന്മാരെ ധരിപ്പിക്കയും കറുത്തപക്ഷത്തിലെ ചതുൎദ്ദശിനാൾ അൎദ്ധരാത്രി സമയത്ത് ദുൎയ്യോധനനിയോഗപ്രകാരം പുരോചനൻ ഭവനത്തിന്നു തീവെക്കുവാൻ നിശ്ചയിച്ചിരിക്കയാൽ എല്ലാവരും സൂക്ഷിച്ചിരുന്നുകൊള്ളേണമെന്നുപദേശിച്ചു തിരിച്ചുപോകയും ചെയ്തു. അന്നേ ദിവസം വിപ്രഭോജനം വേണമെന്നു തീൎച്ചപ്പെടുത്തി കുന്തിദേവി എല്ലാവൎക്കും മൃഷ്ടാന്നം നൽകി. ഭോജനത്തിന്നു ഒരു കാട്ടാളസ്ത്രീ തന്റെ അഞ്ചു പുത്രന്മാരുമായി വന്നു ചെന്നിരുന്നു. അവർ ഭക്ഷണം കഴിച്ച് ആകണ്ഠം മദ്യം സേവിച്ചു അവിടെ കിടന്നുറങ്ങിപ്പോയി. ശക്തനായ ഭീമസേനൻ വിലശോധനം ചെയ്തു പുരോചനന്റെ അടുത്തു ചെന്നു വിശ്വാസത്തോടെ ഉറങ്ങുവാൻ കിടന്നു. കുന്തിയും ബാലന്മാരും മുമ്പേതന്നെ വിലംപ്രവേശിച്ചിരുന്നു. ഗൃഹത്തിന്നു തീ വെച്ച് പിന്നാലെ ഭീമനുമിറങ്ങി.

‘അപ്പുരംവേകുന്നേരം മുപ്പുരംവേകുമ്പോലെ
മുപ്പാരുംനിറഞ്ഞിതൊരൊച്ചയുംവെളിച്ചവും.’

കുന്തിയും . പുത്രന്മാരും പാതാളത്തിൽക്കൂടി വിലമുഖ

ത്തിന്റെ മറ്റുഭാഗത്തു ചെന്നു അവിടെയുണ്ടായിരുന്ന കാനനപ്രദേശത്തെത്തി. അരക്കില്ലം എരിഞ്ഞു ഭസ്മമാകുകയും ചെയ്തു.

പിറ്റേ ദിവസം നേരം പുലൎന്നപ്പോൾ വാരണാവതവാസികളായ ജനങ്ങൾ പുറത്തിറങ്ങി അഗ്നിയുടേയും ധൂമത്തിന്റേയും അവശിഷ്ടങ്ങൾ കണ്ടു അരക്കില്ലത്തിൽ ചെന്നുനോക്കിയപ്പോൾ നിഷാദിയുടേയും അഞ്ചു പുത്രന്മാരുടേയും അസ്ഥികൂടങ്ങൾ ദഹിച്ചുവെ[illegible]ടിഞ്ഞുകിടക്കുന്നതു കാണുവാനിടയായി. പാണ്ഡവന്മാരും കുന്തിയും വെന്തുപോയി എന്നു ധരിച്ചു അവരെല്ലാവരും അത്യന്തം വ്യസനിച്ചു. ഈ വൎത്തമാനം ഹസ്തിനപുരത്തിൽഎത്തി അവിടെയുള്ള പൌരന്മാരെ ഒരുപോലെ വിഷാദത്തിൽ മുക്കി.

ഗുണനിധികളായ പാണ്ഡുപുത്രന്മാരോടു ജനങ്ങൾക്കുണ്ടായിരുന്ന സ്നേഹബഹുമാനങ്ങൾ നിസ്സീമങ്ങളായിരുന്നു. ധൃതരാഷ്ട്രരും ദുൎയ്യോധനാദികളും തങ്ങളുടെ ക്രൂരപ്രവൃത്തികൾ ഫലിച്ചതു കണ്ടു അത്യധികം സന്തോഷിച്ചു. കപടപ്രയോഗത്തിൽനിന്നുണ്ടാകുന്ന അന്തരംഗസുഖം അല്പവും, അടുത്ത ഭാവിയിലുണ്ടാകുന്ന അനന്തമായ ദുരിതാനുഭവം അനല്പവുമാണെന്നുള്ള തത്വം ആരറിയുന്നു? തന്റെ വേലയുടെ കൂലി താനിസ്സാണെന്നുള്ള ദൈവവിധി അന്ധരായ പിതാവും പുത്രനും അറിഞ്ഞിട്ടില്ലെങ്കിൽ കഷ്ടം തന്നേ!

## രണ്ടാം അദ്ധ്യായം.

അരക്കില്ലത്തിൽനിന്നും രക്ഷപ്രാപിച്ചു പാണ്ഡവന്മാരും മാതാവും വനത്തിൽക്കൂടി തെക്കോട്ടു സഞ്ചരിച്ചു ഗംഗാതീരത്തു ചെന്നു. സഹായാൎത്ഥം വിദുരൻ അയച്ചിരുന്ന തോണിയിൽ കയറി മറുകരയെത്തിയശേഷം എല്ലാവരും ബ്രാഹ്മണവേഷം ധരിച്ചു നദിയുടെ ദക്ഷിണതീരത്തുള്ള വനാന്തരങ്ങളിലേക്കു തിരിച്ചു. സഞ്ചരിക്കുന്തോറും മാൎഗ്ഗം ദുൎഗ്ഗമമായിട്ടു തീൎന്നു. ക്ഷുൽപിപാസകളെ ശമിപ്പിക്കുവാൻ യാതൊരു നിവൃത്തിയും ഇല്ലാതായി. വഴിനടന്നു തളൎന്ന മാതാവിനെ ഭീമസേനൻ തോളിലെടുക്കേണ്ടതായിട്ടു വന്നു. ബാലന്മാരായ നകുലസഹദേവന്മാർ അവിടവിടെ ഇരുന്നുതുടങ്ങി. അപ്പോൾ സമീപത്തു ഒരു അരയാൽ വൃക്ഷം

കാണാറായി. സഹോദരന്മാരേയും ജനനിയേയും അതിം
ചുവട്ടിൽ ഇരുത്തി ഭീമസേനൻ ജലം അന്വേഷിച്ചു പുറ
റെ ചെന്നപ്പോൾ കാടിന്റെ നടുക്ക് ഒരു താമരപ്പൊയ്ക കണ്ടു.
ഭീമസേനൻ ആഹ്ളാദപൂർവ്വം അതിലിറങ്ങി കുളിച്ചു ജല കുടിച്ചു
ദാഹം തീർത്ത് താമരയിലകളിൽ വെള്ളം പകർന്നു ആ ൻ ചുവ
ട്ടിൽ എത്തി. ഉറക്കമിളച്ചു വഴിനടന്നു വലഞ്ഞവ കയാൽ
സഹോദരന്മാരും അമ്മയും തളർന്നുറങ്ങിപ്പോയതു കണ്ടു ഭീമസേ
നൻ ദുഃഖാർത്തനായി വിലപിച്ചു അവരുടെ ശരീരങ്ങളി വ
ള്ളം തളിച്ചു നില്ക്കുമ്പോൾ മനുഷ്യഗന്ധമറിഞ്ഞു, ഹിഡിംബൻ
എന്ന നിശാചരന്റെ കല്പനപ്രകാരം ഇവരെ കൊന്നുകൊണ്ടു
പോകുന്നതിനു ഹിഡിംബി എന്ന അവന്റെ സോദരി പുറപ്പെ
ട്ടു. ഭീമന്റെ നിസർഗ്ഗവീരമായ മുഖവും വിസ്തൃതമായ വക്ഷസ്സും
സലതുല്യമായ കരങ്ങളും കണ്ടു ഹിഡിംബി മോഹപരവശയാ
കൊന്നു ഭക്ഷിപ്പാൻ കൊണ്ടുപോകേണ്ടതായ മനുഷ്യനെ കാമുക
നായി മനസ്സിൽ ഉറപ്പിച്ചു, തന്റെ ഭീമാകാരത്തെ ത്യജിച്ചു, ഒരു
മോഹിനിയായി അവൾ ഭീമന്റെ മുമ്പിൽ പ്രത്യക്ഷമായി. ഭീമ
സേനൻ നേരെ നോക്കിയപ്പോൾ അവൾ ലജ്ജാവതിയായിട്ടു മു
ഖം താഴ്ത്തി ചില നാട്യങ്ങളെക്കൊണ്ടും മററും അദ്ദേഹത്തി
ന്റെ മനസ്സിനെ അപഹരിച്ചെടുത്തു. ഇവർ തമ്മിൽ സംഭാഷ
ണം നടത്തിക്കൊണ്ടിരിക്കുമ്പോൾ അക്ഷമനും മനുഷ്യഭോജിയുമാ
യ ഹിഡിംബൻ പാഞ്ഞലറിക്കൊണ്ടു ഭീമന്റെ നേർക്കണഞ്ഞു. മ
ടങ്ങിച്ചെല്ലുവാൻ വൈകിയ സോദരി മനുഷ്യാകാരിണിയായി, ഭ
ക്ഷണത്തിനു പിടിച്ചുകൊണ്ടു ചെല്ലേണ്ടതായ മനുഷ്യനോടുകൂടി
സല്ലപിക്കുന്നതു കണ്ടു കാട്ടുതീപോലെ അവന്റെയുള്ളിൽ കോ
പം ഉജ്വലിച്ചു. സിംഹത്തെപ്പോലെ ഗർജ്ജിച്ചുകൊണ്ടു അവൻ
ഭീമനോടെതിർത്തു. രണ്ടു പേരും തമ്മിൽ ഘോരമായ മുഷ്ടിയുദ്ധ
മുണ്ടായി. ഒടുവിൽ ഭീമൻ ഹിഡിംബനെപ്പിടിച്ചു മേല്പോട്ടെറിക
യും പാറപ്പുറത്തു വന്നു വീണു അവന്റെ തല ഉടഞ്ഞു പോകയും
ചെയ്തു. രാക്ഷസൻ ക്ഷണം മരിച്ചു. ഭീമനാദം കേട്ടു എല്ലാവ
രും ഉണർന്നു. തദവസരത്തിൽ തന്നെ ഭാര്യയായി സ്വീകരിക്കേ
ണമെന്നു ഹിഡിംബി ഭീമനോടാവശ്യപ്പെടുകയും അമ്മയുടെ അ
നുവാദപ്രകാരം അവളെ വരിക്കയും ചെയ്തു.

വെള്ളം കുടിച്ചു ദാഹം ശമിച്ചതിനു ശേഷം എല്ലാവരുംകൂ

ടി ദക്ഷിണഭാഗത്തേക്കു തിരിച്ചു. കൂടെ ഹിഡിംബിയുമുണ്ടായിരുന്നു. പോകുംവഴിക്കു വേദവ്യാസനെ കാണ്മാനിടയായി. കഴിഞ്ഞ വൎത്തമാനങ്ങൾ പറഞ്ഞു കരയുകയും വീഴുകയും ചെയ്യു പാണ്ഡവന്മാരേയും മാതാവിനേയും കണ്ടു മുനി അത്യന്തം ആകുലപ്പെട്ടു. മേലിൽ നല്ലതു വരട്ടെ എന്നനുഗ്രഹിച്ച് അദ്ദേഹം അവരെ ആശ്വസിപ്പിച്ചു. ആപത്തുവരുമ്പോൾ ദുഃഖവും സമ്പത്തുണ്ടാകുമ്പോൾ സന്തോഷവും അരുതെന്നായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം.

ഇവിടെ വെച്ചാണു ഹിഡിംബിക്കു ഘടോൽക്കചൻ എന്ന പുത്രൻ ഉണ്ടായതു. കുറച്ചുനാൾ ശാലിഹോത്രൻ എന്ന മുനിയുടെ ആശ്രമത്തിൽ വസിച്ചശേഷം പാണ്ഡവന്മാർ ജടയും വല്ക്കലയും ധരിച്ചു അടവികളും അചലങ്ങളും, കാട്ടാറുകളും കണ്ടകപ്രദേശങ്ങളും കടന്നു ഏകചക്രയെന്ന ഗ്രാമത്തിലെത്തി. കുറെക്കാലം അവിടെ ഭിക്ഷാടനം ചെയ്തു കാലക്ഷേപം കഴിച്ചു. ഒരു ബ്രാഹ്മണന്റെ ഗൃഹത്തിലായിരുന്നു അവരുടെ താമസം. പകലൊക്കെ പുത്രന്മാർ നടന്നു യാചിച്ചു വാങ്ങിക്കൊണ്ടുവരുന്ന പദാൎത്ഥങ്ങളെ കുന്തി സ്വന്തം കൈകൊണ്ടു പാകം ചെയ്തു കൊടുത്തുപോന്നിരുന്നു. ഒരു ദിവസം യുധിഷ്ഠിരാദികൾ ഭിക്ഷാടനത്തിന്നു പോയിരുന്നപ്പോൾ കുന്തി, തനിച്ചു, ചിന്താഗ്രസ്തയായിട്ടു ഇരിക്കയായിരുന്നു. അപ്പോൾ ഗൃഹത്തിൽ അപാരമായ സങ്കടത്തെ ദ്യോതിപ്പിക്കുന്ന കരച്ചൽ കേൾക്കാറായി. കരഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ, "ഞാൻ പോകാം നിന്റെയൊ കുട്ടികളുടേയൊ ജീവൻ കളഞ്ഞിട്ടു ഞാൻ ജീവിച്ചിരിക്കണമെന്നു വിചാരിക്കുന്നില്ല" എന്നു ബ്രാഹ്മണൻ പറഞ്ഞു. "പ്രാണനാഥാ, അതു ഒരിക്കലും വയ്യ; അങ്ങെയ്ക്കു പകരം ഞാൻ പൊയ്ക്കൊള്ളാം. അങ്ങുന്നു മരിച്ചാൽ കുട്ടികളെ രക്ഷിക്കുന്നതാരാണ്?" എന്നിങ്ങിനെ നിലവിളിച്ചുകൊണ്ടു ബ്രാഹ്മണപത്നി തടുത്തു പറഞ്ഞു. അപ്പോൾ അവരുടെ മകൻ, "അല്ലയോ പ്രിയപിതാക്കന്മാരെ!, എനിക്കു പ്രാണധാരണം നൽകുന്നതു നിങ്ങളാണു. അതിന്റെ പ്രതിഫലം ഞാൻ നിങ്ങൾക്കു തരേണ്ടതു ഇപ്പോഴാകുന്നു. നിങ്ങൾ ഗൃഹത്തിൽ സുഖമായി വസിക്കുക. ഞാൻ ചോറും വണ്ടിയും കൊണ്ടുപോകാം—" എന്നു ധൈൎയ്യസമേതം പറഞ്ഞു.

വിപ്രനും പത്നിയും മക്കളും ഇരുന്നിരുന്ന മുറിയിലേക്കു കരച്ചിലും സംസാരവും കേട്ടു കുന്തി കയറിച്ചെന്നു.

കുന്തി—'നിങ്ങളുടെ സങ്കടത്തിനുള്ള സംഗതി എന്നോടുകൂടി ധരിപ്പിക്കുവിൻ.'

ബ്രാഹ്മണൻ—'ഞങ്ങൾ ഇപ്പോൾ ഏററവും വലിയ വ്യസനത്തിലാണു അകപ്പെട്ടിരിക്കുന്നതു. ഞങ്ങളുടെ വാസഭൂമിയായ ഈ ഏകചക്രയെന്ന ഗ്രാമം ഭയങ്കരനും മനുഷ്യഭോജിയുമായ ബകൻ എന്ന രാക്ഷസനാൽ ആക്രമിക്കപ്പെട്ടു. അവൻ വന്നു എല്ലാവരേയും ഭക്ഷിപ്പാൻ ഒരുമ്പെടുകയുണ്ടായി. അതിനാൽ ഗ്രാമവാസികളായ ഞങ്ങളെല്ലാവരും കൂടി അവൻെറ സന്നിധിയിൽ ചെന്നു ഒരു ദിവസംകൊണ്ടു എല്ലാവരേയും പിടിച്ചു ഭക്ഷിച്ചുതീക്കേണ്ടെന്നും, ദിവസംപ്രതി ഓരോരുത്തരായി അവൻെറ ഇരിപ്പിടത്തിൽ ചെന്നുകൊള്ളാമെന്നും, സത്യം ചെയ്തിട്ടുണ്ടായിരുന്നു. അതനുസരിച്ചു ദിവസവും ആയിരം നാഴി അരിയുടെ ചോറും നൂറുകുടം രസങ്ങളും ഈ രണ്ടു പോത്തും ഒരാളും നിശ്ചിതസമയത്തു അവൻെറ വാസസ്ഥലത്തെത്തണം. ഇന്നലെവരെ ഈ ഏപ്പാടു മുടക്കംകൂടാതെ നടന്നു. ഇന്നു ഇവിടെ നിന്നാണു ഒരാൾ പോകേണ്ടിയിരിക്കുന്നതു. ചോറും തൈരും പോത്തും തയ്യാർ ചെയ്തിട്ടുണ്ടു. പുത്രനെ അയക്കുന്ന കാൎയ്യമോൎത്താണു ഞങ്ങൾ ദുഃഖിക്കുന്നതു. അയക്കാതെയോ പോകാതെയോ ഇരുന്നാൽ ഞാൻമൂലം ഏകചക്രാഗ്രാമം നശിച്ചുപോകും. ഇതോൎത്താണു ഞങ്ങൾ സങ്കടപ്പെട്ടു കരയുന്നതു."

അല്പനേരം ആലോചിച്ചതിനുശേഷം കുന്തി— "വ്യസനിക്കേണ്ടാ. സങ്കടത്തിന്നു നിവൃത്തി ഞാൻ ഉണ്ടാക്കാം. അങ്ങേക്കു പുത്രനായിട്ടു ഒരുത്തൻ മാത്രമല്ലേയുള്ളു? എനിക്കു അഞ്ചു പേരുണ്ടു. അതിലൊരുത്തനെ നിങ്ങളുടെ ദുഃഖശാന്തിക്കുവേണ്ടി ഞാൻ നിങ്ങൾക്കു നൽകുന്നുണ്ടു. നിങ്ങൾ കരയണ്ട."

ഇപ്രകാരം പറഞ്ഞു കുന്തി ഭീമസേനനെ വിളിച്ചു, 'ഭീമനായ നിശാചരനെ നീ വധിക്കണം. ബ്രാഹ്മണരെ രക്ഷിക്കേണ്ടതു രാജാക്കന്മാരുടെ ധൎമ്മമാകുന്നു. ഗ്രാമത്തെ പരിപാലിക്കുന്നതുകൊണ്ടു നമുക്കു അഭീഷ്ടങ്ങളെ നിസ്സംശയം നിറവേററാം.' എന്നു കല്പിച്ചു.

ഭീമസേനൻ വിപ്രനോടു ചോറും രസാളയും വാങ്ങി വണ്ടി തെളിച്ചു കാന്താരത്തിൽ ചെന്നു തന്നെത്താൻ ഭക്ഷിച്ചുതുടങ്ങി. ഇതു കണ്ടു നിശാചരൻ ക്രുദ്ധിച്ചടുത്തു. മാരുതി ഊണും കഴിഞ്ഞു കോപിഷ്ഠനായി നിലത്തിറങ്ങി. ബകൻ ഒരു മരം പറിച്ചു ഭീമന്റെ നേരെ ഓങ്ങി. ഭീമൻ ഇടത്തുകൈകൊണ്ടതു തടുത്തു വലത്തുകൈകൊണ്ടവന്റെ അരക്കെട്ടു പററിപ്പിടിച്ചു മറിച്ചിട്ടു മീതെ കയറി മുട്ടുകാലുകൊണ്ടു അവന്റെ നെഞ്ചു തകർത്തുകളഞ്ഞു. കൊന്നതിനുശേഷം രാക്ഷസന്റെ ശരീരത്തെ വലിച്ചിഴച്ചു ഗ്രാമത്തിൽ കൊണ്ടുപോയി പൌരന്മാരെല്ലാവരുമറിവാനായിട്ടു ഒരു പ്രധാന സ്ഥലത്തിട്ടു. ഗ്രാമവാസികൾ ഇതറിഞ്ഞു ഭീമസേനനെ സ്തുതിക്കയും അദ്ദേഹത്തിന്റെ മുമ്പിൽ സന്തോഷസൂചകങ്ങളായ ആഘോഷങ്ങളെ നടത്തുകയും ചെയ്തു.

ബകനെ സംഹരിച്ചു ഏകചക്രാവാസികളുടെ ആനന്ദത്തിനും ആശീർവ്വാദത്തിനും പാത്രവന്മാരായി പാണ്ഡവന്മാർ ബ്രാഹ്മണാലയത്തിൽ സുഖവാസം ചെയ്തുകൊണ്ടിരിക്കെ, ഒരു ദിവസം രാത്രി അവിടെ ഒരു വഴിപോക്കനായ ബ്രാഹ്മണൻ വന്നുകൂടി. അദ്ദേഹവുമായുള്ള സംഭാഷണംകൊണ്ടു, പാഞ്ചാലപുരത്തിങ്കൽ ഒരു വലിയ സ്വയംവരമുണ്ടെന്നും, പാൎത്ഥനു നൽകാനായിട്ടു ഒരു സ്ത്രീരത്നമുണ്ടാകേണമെന്നു പ്രാൎത്ഥിച്ചു യാഗം നടത്തിയപ്പോൾ ഉണ്ടായവളാണു കന്യകയെന്നും, പാണ്ഡവന്മാർ ധാൎത്തരാഷ്ട്രന്മാരുടെ ചതിപ്രയോഗത്താൽ അരക്കില്ലത്തിൽ വെച്ചു വെന്തുപോയതുകൊണ്ടു ധനുൎവ്വിദ്യയിൽ ഏററവും നിപുണനായ രാജകുമാരനു പുത്രിയെ വിവാഹം കഴിച്ചുകൊടുപ്പാൻ തീൎച്ചപ്പെടുത്തി ല്ലാ രാജാക്കന്മാൎക്കും ക്ഷണനപത്രങ്ങൾ അയച്ചിരിക്കുന്നുവെന്നും, യന്ത്രത്തിൽ തിരിഞ്ഞുകൊണ്ടിരിക്കുന്ന പഞ്ചവൎണ്ണക്കിളിയുടെ കണ്ണത്തെ ചാപമെടുത്തു, പഞ്ചബാണം തൊടുത്തു ഭേദിക്കുന്ന വില്ലാളിയായിരിക്കും കന്യകയുടെ വരനെന്നും കുന്തീതനയന്മാർ വൎത്തമാനത്തിൽനിന്നു മനസ്സിലാക്കി അവിടെനിന്നു പുറപ്പെട്ടു. തദവസരത്തിൽ വേദവ്യാസമഹൎഷി അവിടെ എത്തി അവരെ അനുഗ്രഹിച്ചു പാഞ്ചാലിയെ അഞ്ചു പേരോടുംകൂടി വിവാഹം ചെയ്തുകൊള്ളുവാൻ പറഞ്ഞു മറഞ്ഞു. ചന്ദ്രവംശോത്തമന്മാരായ രാജാക്കന്മാർ ഗംഗാതീരത്തേയ്ക്കു തിരിച്ചു. അവിടെ വെച്ചു അൎജ്ജുനൻ അംഗാരവൎണ്ണനെന്ന രാജാവിനെ തോല്പിച്ചു

അദ്ദേഹത്തിന്റെ പക്കൽനിന്നും 'ചാക്ഷുഷി'യെന്ന വിദ്യ കൈവശമാക്കി പോകും വഴിയ്ക്കാണ് ഉൽക്കചക തീർത്ഥത്തിലിരിയ്ക്കുന്ന ധൌമ്യമഹാമുനിയെ കണ്ടു വണങ്ങി അദ്ദേഹത്തിനെക്കൊണ്ടു തങ്ങളുടെ പുരോഹിതസ്ഥാനം വഹിപ്പിച്ചത്. ഇങ്ങിനെ ചെയ്തതു അംഗാരവർണ്ണന്റെ ഉപദേശപ്രകാരമായിരുന്നു. പിന്നീടു ദക്ഷിണപാഞ്ചാലത്തിലെത്തി മാതാവിനെ ഒരു കുംഭകാരന്റെ ആലയത്തിൽ രക്ഷിപ്പാൻ ഏല്പിച്ചതിനുശേഷം ഐവരും നഗരത്തിലേക്കു നടന്നു. ഉടനെ പാഞ്ചാലപുരിയിലെ ഗോപുരങ്ങളും ഉത്തുംഗസൌധങ്ങളും ചതുരംഗസേനകളും അവരുടെ ദൃഷ്ടിയിൽ പെട്ടു.

'നീ അളക്കുന്ന നാഴികൊണ്ടു നിനക്കളക്കും' എന്നുള്ള ദൈവവിധിയാണ് പാണ്ഡവന്മാർക്കു അനുഭവപ്പെട്ടതു. അവരുടെ പരമാർത്ഥബുദ്ധിയ്ക്കു ഏകചക്രാഗ്രാമവാസികൾ നിശ്ശേഷം അടിമപ്പെട്ടതുപോലെ പാഞ്ചാലരാജ്യത്തും ഇവർ ഏതാണ്ടൊരു വിജയം നേടാതിരിയ്ക്കുകയില്ല.

## മൂന്നാം അദ്ധ്യായം.

സ്വയംവരത്തിനു വന്നുചേർന്ന രാജാക്കന്മാരെ ദ്രുപദൻ യഥായോഗ്യം സൽക്കരിച്ചു മഞ്ചങ്ങളിൽ ഇരുത്തി. രാജധാനിയിൽ അസംഖ്യം ബ്രാഹ്മണരും സന്നിഹിതരായിരുന്നു. മദ്ധ്യഭാഗത്തു ചമച്ചിരുന്ന രംഗത്തിൽ വില്ലും അമ്പുകളും വരുത്തിവെച്ചു ധൃഷ്ടദ്യുമ്നൻ രാജസഭയ്ക്കഭിമുഖമായി നിന്നുകൊണ്ടു ഇപ്രകാരം ഉറക്കെ പ്രസംഗിച്ചു:—

"ഈ വില്ലു കുലയേററി ബാണങ്ങൾ തൊടുത്തു മേൽ കാണുന്ന യന്ത്രത്തിൽ തിരിഞ്ഞുകൊണ്ടിരിയ്ക്കുന്ന ലക്ഷ്യത്തെ ഖണ്ഡിയ്ക്കുന്ന പുമാന്റെ വല്ലഭയാകുന്നു എന്റെ ഭഗിനിയായ പാഞ്ചാലി. അല്ലാതെ ബലം പ്രയോഗിച്ചു കന്യകയെ കൈക്കലാക്കുവാൻ പുറപ്പെട്ടാൽ അനർത്ഥത്തിനിടയാകുന്നതാണ്."

മഞ്ചങ്ങളിൽ സ്ഥിതിചെയ്തിരുന്ന രാജകുമാരന്മാരിൽ പ്രമാണികൾ; ദുര്യോധനൻ, ചന്ദ്രസേനൻ, ഭഗദത്തൻ, കലിംഗൻ,

മദ്രാധിപനായ ശല്യൻ, ജയദ്രഥൻ, ചിത്രാംഗദൻ, അംഗരാജാവായ കൎണ്ണൻ, ചേദിഭൂപനായ ശിശുപാലൻ, ശ്രീകൃഷ്ണൻ എന്നിവരായിരുന്നു. ഇവരെല്ലാവരും ദ്രൌപദിയുടെ ഗുണങ്ങളിൽ ഭ്രമിച്ചു വന്നിട്ടുള്ളവരാണു. ഇവരിൽ, യന്ത്രഭേദനം ചെയ്യുന്നവനെ മാലയിട്ടുകൊൾവാൻ ധൃഷ്ടദ്യുമ്നൻ കൃഷ്ണയെ വിളിച്ചു സദസ്സിൽ വെച്ചു കല്പിച്ചു. ഛത്രചാമരവ്യജനാദികൾകൊണ്ടു ശോഭിച്ചിരുന്ന മനോഹരവേഷന്മാരായ ഭൂപാലന്മാർ പരസ്പരം സ്പൎദ്ധയുള്ളവരായിട്ടു തിന്നു. അവർ അന്യോന്യം ക്രുദ്ധിച്ചുനോക്കി. വിദ്യ, ആഭിജാത്യം, വിത്തം, സൌന്ദൎയ്യം, ഔദാൎയ്യം എന്നീ ഗുണങ്ങൾകൊണ്ടു ഇവൾ എനിക്കനുരൂപയാണെന്നു ഒരുത്തൻ നടിച്ചു. എന്നേപ്പോലെ കുലമഹിമയും, പരാക്രമവും, രാജ്യസമൃദ്ധിയും, രൂപസൌഭാഗ്യവും, മറ്റൊരുത്തനുമില്ലാത്തതുകൊണ്ടു ഇവൾ എന്നെത്തന്നെ മാലയിടുമെന്നായിരുന്നു മറ്റൊരുത്തന്റെ വിചാരം. മുമ്പേതന്നെ അന്യോന്യം സുഹൃത്തുക്കളായിരുന്നവൎക്കും കന്യകനിമിത്തം ഇപ്രകാരം വൈരം ജനിച്ചു. ഭൂതിയുടെയുള്ളിൽ ജ്വലിക്കുന്ന കനൽക്കട്ടകൾപോലേ ബ്രാഹ്മണവേഷം പൂണ്ടുനില്ക്കുന്ന പാണ്ഡവന്മാരെ കണ്ടു ശ്രീകൃഷ്ണൻ സന്തോഷിച്ചു ഭ്രാതാവായ ബലഭദ്രരെ വിളിച്ചു കാണിച്ചുകൊടുത്തു. വാദ്യങ്ങളുടെ നാദംകൊണ്ടു ദിക്കൊക്കെ മുഴങ്ങി. ആരാണു മുമ്പിൽ വില്ലെടുത്തുകുലയ്ക്കുവാൻ പുറപ്പെടേണ്ടതെന്നു നൃപന്മാർ തമ്മിൽ അങ്ങുമിങ്ങും നോക്കിത്തുടങ്ങി. ചേദിരാജാവായ ശിശുപാലൻ സഭയിൽ നിന്നെഴുന്നേറ്റു വില്ലെടുത്തു കുലയേറുവാൻ ഒരുമ്പെട്ടു. സാധിയ്ക്കയില്ലെന്നു കണ്ടു വിയൎത്തു മുഖം കറുത്തു വില്ലു നിലത്തുവെച്ചു പിൻവാങ്ങി. ജരാസന്ധൻ ഗംഭീരഭാവത്തോടുകൂടി വില്ലെടുത്തു കുലയേറുവാൻ ഭാവിച്ചപ്പോൾ മറിഞ്ഞുവീണു എല്ലൊക്കെ നുറുങ്ങി പല്ലെല്ലാം തകൎന്നു ചോരയണിഞ്ഞു വില്ലു നിലത്തുവച്ചു നാണിച്ചു് പിൻമാറി വ്യസനസമേതം സ്വരാജ്യത്തേയ്ക്കുടനേ മടങ്ങി. ഇപ്രകാരം വില്ലാളികളായ പല രാജാക്കന്മാരുടേയും വമ്പുകൾ ഒടുങ്ങി. കോപംകൊണ്ടു സുയോധനന്റെ കണ്ണുകൾ കലങ്ങി. ഉടനെ കൎണ്ണൻ പുറപ്പെട്ടു വില്ലെടുത്തു. കുന്തിയ്ക്കു സൂൎയ്യദേവനിൽ ഉണ്ടായ പുത്രനാണു് കൎണ്ണൻ. ദുൎവ്വാസാവു കുന്തിയ്ക്കു് അഞ്ചു മന്ത്രങ്ങൾ ഉപദേശിച്ചുകൊടുത്തതായി മുമ്പു പ്രസ്താവിച്ചുവല്ലോ. അവയിൽ ഒന്നു വിവാഹം കഴി

ക്കുന്നതിനുമുമ്പു കുന്തി പരീക്ഷാൎത്ഥം പ്രയോഗിച്ചു നോക്കുകയുണ്ടാ യി. അപ്പോൾ അവൾക്കു ഗൎഭം ഉണ്ടാവുകയാൽ ജനാപവാദം ഭ യന്ന് ശിശുവിനെ കൎണ്ണത്തിൽകൂടി വലിച്ചെടുത്ത് ഒരു പെട്ടിയി ലാക്കി ഗംഗയിൽ ഒഴുക്കി. ആ പെട്ടി അധിരഥൻ എന്ന സാര ഥിയുടെ ഭാൎയ്യക്കു കിട്ടുകയും അവൾ കുട്ടിയെ എടുത്തു സ്വപുത്രനാ യിട്ടു വളൎത്തുകയും ചെയ്തു. കൎണ്ണൻ വില്ലെടുത്തു കുലക്കുന്നതുകണ്ട് പുച്ഛിച്ചു താൻ ഒരിക്കലും ഒരു സാരഥിപുത്രന്റെ ഭാൎയ്യയായിരി ക്കുന്നതല്ലെന്നു പാഞ്ചാലി ഹാസ്യസ്വരത്തിൽ ഉറക്കെപറഞ്ഞു. കൎണ്ണൻ വില്ലുതാഴത്തിട്ടു ജ്വലിക്കുന്ന കോപത്തോടും സഹിപ്പാൻ പാടില്ലാത്ത മനഃക്ഷയത്തോടും കൂടി മുഖം താഴ്ത്തി മാറി.

സഹോദരിയുടെ ഹസ്തഗ്രഹണത്തിന്നു അൎഹന്മാരായി, അവി ടെ വന്നിരുന്ന രാജാക്കന്മാരിൽ ആരുമില്ലെന്നു ധൃഷ്ടദ്യുമ്നൻ വി ളിച്ചു പറയുവാൻ തുനിയുമ്പോഴെക്കു, വിപ്രവേഷധാരിയായ അ ൎജ്ജുനൻ രംഗപ്രവേശം ചെയ്തുകഴിഞ്ഞു. വലിയ വലിയ രാജ്യങ്ങ ളുടെ ആധിപത്യം വഹിക്കുവാൻ കെല്പുള്ളവരും ധനുൎവ്വേദപാ രഗന്മാരുമായ ക്ഷത്രിയശ്രേഷ്ഠന്മാർ നോക്കിയിട്ടു സാധിക്കാത്ത കാൎയ്യത്തെ നേടുവാൻ കേവലം ഒരു ഭിക്ഷുബ്രാഹ്മണൻ ശ്രമിക്കു ന്നതുകണ്ട് രാജപരമ്പരകൾ ഹാസ്യസൂചകമായ മന്ദഹാസം പൊഴിച്ചു. എന്നാൽ, വിജയന്റെ വിസ്തൃതമായ വക്ഷസ്ഥല വും, മാംസളമായ ബാഹുയുഗ്മവും, മനോഹരമായ ആകൃതിയും കണ്ട് ശ്വാസമടക്കി നിശ്ചേഷ്ടരായി ഒരിടത്തേക്കുതന്നെ ദൃഷ്ടി പ തിച്ചിരിക്കയാണ് അവർ ചെയ്തതു. അർജ്ജുനനാകട്ടേ, ചുററും പ്രദക്ഷിണംവെച്ചു ദ്രോണാചാൎയ്യരുടെ പാദപത്മങ്ങളെ കൈവ ണങ്ങി വില്ലെടുത്തു നിഷ്പ്രയാസം കുലയേററി. കാണികൾ ആ ശ്ചൎയ്യപരതന്ത്രന്മാരായിത്തീൎന്നു. അഞ്ചുബാണങ്ങളും വലിച്ച് യ ന്ത്രമെയ്തു മറിച്ച് ജിതശ്രമനായി സ്ഥിതിചെയ്ത പാൎത്ഥനെ കണ്ടു രാജാക്കന്മാരുടെ മുഖം കറുത്തു. പാഞ്ചാലി അടുത്തുവന്നു കണ്ഠ ത്തിൽ മധൂകമാലയെ അൎപ്പിച്ചു. രാജാക്കന്മാൎക്കു ധൃഷ്ടദ്യുമ്നനെ വധിക്കേണ്ണമെന്നായി. ഭീമൻ ഉന്നതമായ ഒരു വൃക്ഷം പറിച്ചു ഇ ലയൂരി ആയുധമാക്കി. ജതുഗേഹത്തിൽനിന്നും രക്ഷപ്രാപിച്ചു നി ല്ക്കുന്ന പാണ്ഡവന്മാരെ കണ്ടു ശ്രീകൃഷ്ണനും ബലരാമനും സന്തോ ഷിച്ചു. ചുററുമുണ്ടായിരുന്ന ബ്രാഹ്മണർ കുടക്കാലും ചെരിപ്പും മ

റവും ആയുധമാക്കി പോരിന്നൊരുമ്പെട്ടു. കൎണ്ണൻ അൎജ്ജുനനോടും, ശല്യർ ഭീമനോടും, എതിൎത്തു. അൎജ്ജുനൻ ശരവൎഷം ചെയ്തുതുടങ്ങി. നാലു ദിക്കും ഞാണൊലികൊണ്ടു മുഴങ്ങി. ശല്യരെ മുഷ്ടിയുദ്ധം ചെയ്തു ഭീമസേനൻ കൊല്ലാതെ കൊന്നതു കണ്ട് മററുള്ള രാജാക്കന്മാരെല്ലാം ഭയപ്പെട്ടു പിൻവാങ്ങി. എല്ലാവരും തങ്ങളുടെ മന്ദിരങ്ങളെ പ്രാപിച്ച് യഥാപൂൎവ്വം വസിച്ചു. വിജയവൃകോദരന്മാർ വിജയപൂൎവ്വം ദ്രൌപദാത്മജയോടുകൂടി യാത്രയാകയും ചെയ്തു.

കുന്തീദേവി കുംഭകാരൻെറ ആലയത്തിൽ പുത്രന്മാരുടെ വരവു കാത്തിരിക്കയാണല്ലോ. പതിവുപോലെ ഭിക്ഷയേററു വരുന്ന നേരത്തു പുത്രന്മാരെ കാണായ്കയാൽ ചിന്താകുലയായിരിക്കവേ, അൎജ്ജുനൻെറ പാദന്യാസശബ്ദം കേട്ടു മാതാവു ആശ്വസിച്ചെഴുന്നേററു. "അമ്മേ! ഞങ്ങൾക്കിന്നു വിശേഷമായൊരു ഭിക്ഷ കിട്ടിയിട്ടുണ്ടു" എന്നുള്ള അൎജ്ജുനവാക്യത്തിനു മറുപടിയായി, 'മക്കളേ! നിങ്ങളഞ്ചുപേരുംകൂടി പങ്കുവെച്ചനുഭവിച്ചുകൊൾവിൻ,' എന്നു കാൎയ്യത്തിൻെറ വാസ്തവമറിയാതെ കുന്തി പെട്ടെന്നു പറഞ്ഞുപോയി. പറഞ്ഞുകഴിഞ്ഞപ്പോഴേയ്ക്കും അൎജ്ജുനൻ മുമ്പിലേയ്ക്കു കൂട്ടിക്കൊണ്ടു ചെന്നിരുന്ന പാഞ്ചാലപുത്രിയായ കൃഷ്ണയെ കുന്തി കാണുകയും പറഞ്ഞുപോയ വാക്കുതിരിയെ എടുക്കുവാൻ സാധിക്കയില്ലല്ലോയെന്നോൎത്തു പശ്ചാത്തപിക്കയും ചെയ്തു.

ധൃഷ്ടദ്യുമ്നൻ സോദരിയെ അൎജ്ജുനനു നൽകണമെന്നിരിക്കുമ്പോൾ, ബ്രാഹ്മണരായ അഞ്ചുപേരും ആരായിരിക്കുമെന്നു ആശ്ചൎയ്യപ്പെടുകയുണ്ടായി. അവരുടെ ശരീരകാന്തിയും വീരലക്ഷണങ്ങളും കണ്ടു, കേവലം ബ്രാഹ്മണരല്ലാ, രാജപുത്രന്മാർ തന്നെയെന്നുറച്ചു. യന്ത്രഭേദനം ചെയ്തവൻ ധനുൎവ്വിദ്യയിൽ അൎജ്ജുനനു സമൻതന്നെ. ശല്യരെ രംഗത്തിൽനിന്നും പുറത്തേയ്ക്കെടുത്തെറിഞ്ഞു കളഞ്ഞ മഹാവീരൻ ഭീമനല്ലാതെ മററാരുമായിരിക്കയില്ല. എന്നുതന്നെയുമല്ല, ഭിക്ഷുക്കൾ എണ്ണത്തിൽ അഞ്ചുപേരുണ്ടായിരുന്നു താനും. പാണ്ഡവന്മാരും അഞ്ചുപേരുണ്ടല്ലോ. പാണ്ഡവന്മാർ അരക്കില്ലത്തിൽവെച്ചു ദഹിച്ചുപോയതിനാൽ അങ്ങിനെയാകുവാൻ വഴിയില്ലെന്നു എല്ലാവരും അഭിപ്രായപ്പെട്ടു. ധൃഷ്ട

ദ്യുമ്നൻ ഇതിന്റെ സൂക്ഷ്മമറിവാൻ പിന്നാലെ ചാരന്മാരെ അയച്ചു പാണ്ഡവർ ചെന്നു കേറിയ ഭാർഗ്ഗവകർമ്മശാലയുടെ പിന്നിൽ ധൃഷ്ടദ്യുമ്നൻ രാത്രിസമയത്തു ചെന്നൊളിച്ചുനിന്നു. അകത്തു നടന്ന വർത്തമാനംകൊണ്ടു സംഗതിയൊക്കെ പ്രത്യക്ഷപ്പെട്ടു. അതികലശലായ സന്തോഷത്തോടുകൂടി മടങ്ങിവന്നു വർത്തമാനം മുഴുവനും അച്ഛനെ അറിയിച്ചു. പുത്രിയെ വരിച്ചതു് ലോകൈകധനുർദ്ധരനായ പാർത്ഥനാണെന്നറിഞ്ഞു അദ്ദേഹം ആനന്ദത്തിൽ മുഴുകി. ബ്രാഹ്മണയുവാക്കന്മാരെ വിളിച്ചുകൊണ്ടുവരുവാൻ ഉടനെ സ്വർണ്ണരഥവും കൊടുത്തു പുരോഹിതനെ അയച്ചു. ദ്രുപദരാജധാനിയിൽ വന്നെത്തിയ ബ്രാഹ്മണവേഷന്മാരായ പാണ്ഡവന്മാർ തങ്ങളുടെ വൃത്താന്തം പറഞ്ഞു ധരിപ്പിക്കുകയും പാണ്ഡുപുത്രന്മാരെന്നു സമ്മതിക്കുകയും ചെയ്തു. മത്തഹസ്തികൾ, മനോവേഗമുള്ള അശ്വങ്ങൾ, വിചിത്രരഥങ്ങൾ, വെൺകൊററക്കുട, തഴ, വെൺചാമര മുതലായ പലരാജചിഹ്നങ്ങൾ, നവരത്നഖചിതങ്ങളായ കിരീടങ്ങൾ എന്നിവയെ പാഞ്ചാലരാജാവു പാണ്ഡവന്മാൎക്കു നൽകി. കുന്തീദേവി നവോഢയായ കൃഷ്ണയോടുകൂടി അന്തഃപുരം പ്രാപിച്ചു. സൎവ്വലക്ഷണയുക്തന്മാരായ പാണ്ഡവന്മാരെ ദിവ്യവേഷത്തോടു കൂടിക്കണ്ട ജനങ്ങൾ അത്ഭുതപ്പെട്ടു നിശ്ചലന്മാരായി സ്ഥിതിചെയ്തു. പുത്രിയെ വിവാഹം ചെയ്തതു സോമവംശജാതനായ അർജ്ജുനനാണെന്നും ആക്ഷേപത്തിനു ലേശം ഇടയില്ലെന്നും മഹാജനങ്ങളോടു ദ്രുപദൻ ഉറക്കെ വിളിച്ചു പറഞ്ഞു. അഞ്ചുപേരും ക്രമത്തിൽ കന്യകയെ വിവാഹം ചെയ്യേണമെന്നു ധൎമ്മപുത്രർ ആവശ്യപ്പെട്ടു. മാതൃവാക്യത്തിനു അനുകൂലമായിട്ടു വേണമല്ലോ പുത്രന്മാരുടെ പ്രവൃത്തി.

ദ്രുപദനു സംശയമായി. വ്യാസനെ വരുത്തി കാൎയ്യം കേൾപ്പിച്ചപ്പോൾ പാപകരമല്ലെന്നു പറയുകയാൽ ദ്രുപദൻ സമ്മതിച്ചു. വിവാഹമഹോത്സവത്തിനു വട്ടംകൂട്ടി. പ്രഭുക്കന്മാരേയും ബന്ധുക്കളേയും ക്ഷണിച്ചു ഒരു വലിയ സദ്യ കഴിച്ചു. നല്ല ദിവസം നോക്കി മുഹൂൎത്തസമയത്തു പാഞ്ചാലിയെ ധൎമ്മപുത്രരെക്കൊണ്ടു വിവാഹം ചെയ്യിപ്പിച്ചു. പിന്നീടു ഓരോ ദിവസങ്ങളിലായി മററു നാലുപേരും പാഞ്ചാലിയെ വിവാഹം ചെയ്തു. ഇങ്ങിനെയാണ് പാഞ്ചാലി അഞ്ചു ഭൎത്താക്കന്മാരോടുകൂടിയവളായിത്തീൎന്നതു്.

ധമ്മപ്രവൎത്തകനായ ധമ്മപുത്രർ നാലനുജന്മാരോടുകൂടി പാഞ്ചാലിയെ വിവാഹം ചെയ്തതു സ്മൃതികൾക്കും ധമ്മശാസ്ത്രങ്ങൾക്കും ലോകനടവടികൾക്കും വിരോധമാണെന്നു ചിലർ അഭിപ്രായപ്പെടുവാനിടയുണ്ടു. എന്നാൽ ഇതിനു ദൈവികമായിട്ടും ലൌകികമായിട്ടും സമാധാനം പറയാവുന്നതാണു. 'പ്രചേതസ്സുകൾ പത്തുപേരുംകൂടി ഒരു കന്യകയെ വേട്ടപോലെ നിങ്ങളഞ്ചുപേരുംകൂടി പാഞ്ചാലിയെ വിവാഹം ചെയ്വിൻ' എന്നു വേദവ്യാസൻ ധമ്മപുത്രരോടു വഴിക്കുവച്ചു ഉപദേശിക്കുകയുണ്ടായല്ലോ. ഇതിനുംപുറമേ, പാണിഗ്രഹണസമയത്തിങ്കൽ സംശയഗ്രസ്തനായ ദ്രുപദനോടു പഞ്ചേന്ദ്രോപാഖ്യാനം പറഞ്ഞു ആ അഞ്ചിന്ദ്രന്മാരാണു് പാണ്ഡവന്മാരെന്നും അവരുടെ ശക്തിയാണു് പാഞ്ചാലിയെന്നും വ്യാസൻ രാജാവിനെ മനസ്സിലാക്കുകയുണ്ടായി. കുംഭകാരന്റെ ആലയത്തിൽവെച്ചു കുന്തീദേവി പറഞ്ഞുപോയ വാക്കിനെ മിത്ഥ്യയാക്കാതിരിപ്പാൻ വേണ്ടിയാണു ധമ്മപുത്രാദികൾ ഇപ്രകാരം ചെയ്തതെന്നു ലൌകികമായിട്ടും സമാധാനം പറയാവുന്നതാണു്.

'ഗുരോൎദ്ദശഗുണംമാതാ
മാതുൎദ്ദശഗുണംപിതാ.'
'ദൈവേരുഷ്ടേഗുരുസ്ത്രാതാ
ഗുരോരുഷ്ടേനകശ്ചന.'

എന്നുള്ളതിനാൽ ധമ്മപുത്രരുടെ ഈ പ്രവൃത്തി അദ്ദേഹത്തിന്റെ ധമ്മനിഷ്ഠയെ ഒന്നുകൂടി ബലപ്പെടുത്തുകയാണു ചെയ്യുന്നതു.

## നാലാം അദ്ധ്യായം.

കുന്തീപുത്രന്മാരുടെ പരമാൎത്ഥങ്ങൾ ചാരമുഖേന ഗ്രഹിച്ച പരിപന്ഥികളായ ദുൎയ്യോധനാദികൾ കഠിനമായി ദുഃഖിച്ചു. ജതുഗേഹത്തിൽവെച്ചു കരിഞ്ഞുപോയ ഇവർ ഉണ്ടെന്നു് തീൎന്നതു അവൎക്കു ആശ്ചൎയ്യകരമായി തോന്നി. ധാൎത്തരാഷ്ട്രന്മാർ സജ്ജനങ്ങളാൽ നിന്ദിതന്മാരായിത്തീൎന്നു. പാണ്ഡവന്മാർ പാഞ്ചാലരാജാവിന്റെ സഹായത്തോടുകൂടി ഹസ്തിനപുരം പിടിച്ചടക്കി. ഉത്തരാ

ഷ്ട്രരെ ഭാരതസിംഹാസനത്തിൽ നിന്നോടിക്കുമെന്നു ദുൎയ്യോധനൻ ബലമായി ശങ്കിക്കയും ഭവിഷ്യത്തോൎത്തു ഭയപ്പെടുകയും ചെയ്തു. അതിനാൽ പാഞ്ചാലപുരം തകൎത്ത് പാണ്ഡവന്മാരേയും പാഞ്ചാലരേയും വധിയ്ക്കണമെന്നു തീൎച്ചപ്പെടുത്തി സന്നാഹത്തോടുകൂടി പടകളെ ഒന്നിച്ചു ചേൎത്തു കിടങ്ങു കടന്നു കോട്ടയിടിച്ചു പൊളിക്കുവാൻ ആരംഭിയ്ക്കുന്ന കുരുസേനകളെ കണ്ടു പാഞ്ചാലനും ധൃഷ്ടദ്യുമ്നനും ഭൈരവമായ ഭേരീനാദകോലാഹലത്തോടുകൂടി പെരുമ്പടയെ യുദ്ധത്തിന്നു നിയോഗിച്ചു ഇരുഭാഗക്കാരും തമ്മിൽ ഘോരസമരം തുടങ്ങി. ഇതുകണ്ടു പാണ്ഡവന്മാർ യുദ്ധസന്നദ്ധരായി രണാങ്കണത്തിലേക്കു പുറപ്പെട്ടു. വായുവേഗമുള്ള പാൎത്ഥന്റെ അസഹനീയങ്ങളായ സായകങ്ങളേറ്റു സുയോധനാദികൾ കൊടുങ്കാറ്റുകൊണ്ടു ഛിന്നങ്ങളായ മേഘങ്ങളെപ്പോലെ നാലുദിക്കിലും പാഞ്ഞു മറഞ്ഞു. ഭീമസേനൻ വലുതായ ഒരു വൃക്ഷം പറിച്ചു ഇലയൂരിയെടുത്തപ്പോൾ ശത്രുക്കളിൽ ഒരുത്തൻ പോലും മുന്നിൽ ഇല്ലാതെയായി. പാണ്ഡവന്മാർ പാഞ്ചാലിയെ വേട്ടതും യുദ്ധത്തിൽ ജയിച്ചതും, ധാൎത്തരാഷ്ട്രന്മാർ പരാജിതരായി ലജ്ജിച്ചു മടങ്ങിയതും, കേട്ടു വിദുരർ സന്തോഷിച്ചു.

പാണ്ഡവന്മാരെ നിശ്ശേഷം നശിപ്പിക്കുവാനുള്ള ഇനിയത്തെ വഴിയെന്തെന്നു കൎണ്ണൻ, ശകുനി, ദുൎയ്യോധനൻ എന്നിവർ കൂടി അന്ധനായ രാജാവിനോടാലോചിക്കുവാൻ തുടങ്ങി. ദുൎമ്മന്ത്രികളുടെ ദുൎന്നയോപദേശമറിഞ്ഞു സത്തുക്കളായ ഭീഷ്മാദികൾ ഗാന്ധാരീതനയന്മാരേയും കൎണ്ണശകുനികളേയും വരുത്തി രാജാവിന്റെ മുമ്പിൽവെച്ചു ധൎമ്മാധൎമ്മങ്ങളും നീതികളും പ്രസംഗിച്ചു. മഹദ്വാക്യമാചരിയ്ക്കാതിരിയ്ക്കുന്നതു നന്നല്ലെന്നു കണ്ടു വ്യസനമെല്ലാമുള്ളിൽ മറച്ചു പുറമെ സന്തോഷഭാവത്തോടുകൂടി ധൃതരാഷ്ട്രർ വിദ്വൽപ്രൌഢന്മാരുടെ വാക്കിന്നു വിപരീതമായി താൻ ഒരിക്കലും നടക്കുന്നതല്ലെന്നു പുത്രന്മാരോടു പറഞ്ഞു. ഭീഷ്മർ, ദ്രോണർ, കൃപർ എന്നീ മഹാന്മാരുടെ അഭിപ്രായപ്രകാരം പാണ്ഡവന്മാരെ വരുത്തുവാനായിട്ടു വിദുരരെ അയച്ചു. പാണ്ഡവന്മാർ കല്യാണഘോഷത്തോടുകൂടി ഹസ്തിനപുരം പ്രവേശിച്ചതു കണ്ടു നഗരവാസികൾ സന്തോഷപൂൎവ്വം സ്വാഗതശബ്ദം മുഴക്കി.

ഹസ്തിനപുരരാജധാനിയിൽ പാണ്ഡവന്മാർ സമാധാനചിത്തന്മാരായി വസിക്കുമ്പോൾ ഒരു ദിവസം യുധിഷ്ഠിരനെ വിളിച്ചു ധൃതരാഷ്ട്രർ ഇപ്രകാരം പറഞ്ഞു.—"ഏററവും പ്രിയപ്പെട്ട ഉണ്ണീ! എന്റെ അനുജൻ പാണ്ഡു വാണിരുന്നപോലെ നീ രാജാവായി വാഴുക. എന്റെ പുത്രന്മാരൊക്കെ ദുരാത്മാക്കളാണു. അവർ ഞാൻ പറയുന്നതൊന്നും കേൾക്കയില്ല. പാണ്ഡവന്മാരായ നിങ്ങൾ, തമ്മിൽ പിണങ്ങാതെ ഇന്ദ്രപ്രസ്ഥത്തിൽ പോയി രാജ്യം വാണിരുന്നാലും." ഇതനുസരിച്ചുടനേ അർദ്ധരാജ്യം വാങ്ങി അഭിഷേകം കഴിഞ്ഞു യുധിഷ്ഠിരനും സഹോദരന്മാരും ജനനിയോടും പത്നിയോടുംകൂടി ഇന്ദ്രപ്രസ്ഥം പ്രാപിച്ചു. ഈ നഗരത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും ഡൽഹിയുടെ സമീപരാജ്യത്തു കാണ്മാനുണ്ടു. ഇവയെ ഇന്ദ്രപദം എന്നാണിപ്പോഴും വിളിച്ചുവരുന്നതു.

ഇങ്ങിനെ ഇന്ദ്രപ്രസ്ഥത്തിൽ വസിക്കുമ്പോൾ തമ്മിൽ പിണക്കമുണ്ടാകാതിരിപ്പാൻ അവർ ഒരു നിശ്ചയം ചെയ്തു. പാഞ്ചാലി ഓരോരുത്തരോടുകൂടെ ഓരോ സംവത്സരം വീതം ഭേദബുദ്ധി കൂടാതെ ഇരുന്നുകൊള്ളണമെന്നും, അങ്ങിനെ ഒരുത്തനോടുകൂടിയിരിക്കുമ്പോൾ മറെറാരുത്തൻ മുറിയിൽ കയറിച്ചെന്നാൽ ആയാൾ ഒരു സംവത്സരം തീർത്ഥയാത്ര ചെയ്യണമെന്നും ആയിരുന്നു അവർ തമ്മിലുണ്ടായ നിശ്ചയം.

ഇക്കാലത്തൊരു ബ്രാഹ്മണൻ ഇന്ദ്രപ്രസ്ഥഗോപുരദ്വാരത്തിങ്കൽ വന്നു തന്റെ പശുക്കളെ കള്ളന്മാർ മോഷ്ടിച്ചുകൊണ്ടുപോയ വിവരം വിളിച്ചു പറഞ്ഞുംകൊ നിലവിളിക്കുന്നതു കേട്ടു ധർമ്മപരിപാലനപരനായ അർജ്ജുനൻ ഇറങ്ങിവന്നു. ബ്രാഹ്മണനെ ആശ്വസിപ്പിച്ചു ആയുധമെടുക്കുവാൻ അകത്തു കടന്നുചെന്നപ്പോൾ അവിടെ യുധിഷ്ഠിരൻ പാഞ്ചാലിയോടു കൂടിയിരിക്കയായിരുന്നു. അറിയാതെ അകത്തു കടന്നതോർത്തു പശ്ചാത്തപിച്ചുവെങ്കിലും അർജ്ജുനൻ ഉടനെ പുറപ്പെട്ടു് തസ്കരന്മാരെയെല്ലാം നിഗ്രഹിച്ചു പശുക്കളെ വീണ്ടെടുത്തു ബ്രാഹ്മണനു കൊടുത്തശേഷം ഗുരുഭൂതന്മാരെ വണങ്ങി ചാപബാണധാരിയായി സത്യരക്ഷാർത്ഥം തീർത്ഥയാത്രയാരംഭിച്ചു. സാഗരവും സരിത്തുകളും അദ്രിയും അടവികളും മറവും കടന്നു പാർത്ഥൻ ഗംഗാതീരത്തെത്തി. നദിയു

ടെ പ്രസന്നതയും നൈമ്മല്യവും കണ്ടു ഉടപ്പഴിച്ചുകരയിലിട്ടു സ്നാനത്തിനിറങ്ങി. നടുവിലേയ്ക്കു നീന്തിയപ്പോൾ, ഉലൂപിയെന്ന നാഗകന്യക കാമപാരവശ്യം പൂണ്ടടുത്തുവന്നു അജ്ജുനനെ വെള്ളത്തിൽ താഴ്ത്തി അവളുടെ രാജധാനിയിലേയ്ക്കു കൊണ്ടുപോയി. ഇവരുടെ സംഗമത്തിലുണ്ടായതാണ് ഇരാവാൻ. കാമസന്നിഭനായ പാത്ഥൻ അവളെ പിരിഞ്ഞു ഹിമവൽപാശ്വം പ്രാപിച്ചു. അവിടെ അനേകം ദിവ്യക്ഷേത്രങ്ങൾ കണ്ടു ദശ്നം കഴിയ്ക്കുകയും തീത്ഥമാടുകയും ചെയ്തു. പിന്നീടു അംഗം, വംഗം, കലിംഗം എന്നീ രാജ്യങ്ങളിൽ സഞ്ചരിച്ചു ഗോദാവരി, കാവേരി, മുതലായ നദികൾ കടന്നു മണലൂർ പുരിയിലെത്തി. അവിടത്തെ രാജാവായ ചിത്രവാഹനനെ കണ്ടുകൂടി അവിടെ താമസിച്ചുകൊണ്ടിരിയ്ക്കുമ്പോഴാണ് ചിത്രാംഗദയെന്ന രാജകുമാരിയെ വിവാഹം കഴിച്ചതു. ഇവിടന്നു പഞ്ചതീത്ഥത്തിലേയ്ക്കു പുറപ്പെട്ടു. ശാപഗ്രസ്തയായ വന്ദയെന്ന അപ്സരസ്ത്രീ നാലു ദാസികളുമായി നക്രവേഷം ധരിച്ചു് ഈ തീത്ഥങ്ങളിൽ വസിയ്ക്കുന്നുണ്ടായിരുന്നു. തീത്ഥമാടുവാൻ ചെല്ലുന്നവരെ പിടിച്ചു ഭക്ഷിയ്ക്കുകയായിരുന്നു ഇവരുടെ തൊഴിൽ. പാത്ഥൻ ഈ വത്തമാനമറിഞ്ഞു ലോകോപകാരാത്ഥം നക്രങ്ങളെ നിഗ്രഹിച്ചു. ശാപമോക്ഷം സിദ്ധിച്ച വന്ദയും സഖികളും പാണ്ഡവനെ വന്ദിച്ചു പുകഴ്ത്തി മാഞ്ഞു. ചിത്രാംഗദയെ കാണ്മാൻ തിരിയെ മണലൂർ നഗരം പ്രാപിച്ചു. അജ്ജുനനു അവളിൽ ബഭ്രുവാഹനൻ എന്ന പുത്രനുണ്ടായി.

തദനന്തരം പാത്ഥൻ പശ്ചിമസമുദ്രതീരത്തുകൂടെ സഞ്ചരിച്ചു നിമ്മലമായ പ്രഭാസതീത്ഥത്തിലെത്തി. അവിടെവെച്ചു ഗദൻ എന്ന യാദവനെ കാണുകയും ശ്രീകൃഷ്ണഭഗിനിയായ സുഭദ്രയുടെ ഗുണങ്ങൾ അദ്ദേഹത്തിൽനിന്നു ഗ്രഹിയ്ക്കുകയും ചെയ്തു. അവൾമൂലം മുണ്ഡിതനായി കമണ്ഡലുവും ദണ്ഡവും ധരിച്ചു കഴുത്തിൽ രുദ്രാക്ഷമാല്യങ്ങളണിഞ്ഞു ശ്രീകൃഷ്ണധ്യാനതല്പരനായി വടകോടരഹരായയിൽ വസിച്ചു. കാമപാരവശ്യം ദിനംപ്രതി കലശലായിട്ടു് അർജ്ജുനൻ നന്നെ വിഷമത്തിലായി. ദിവ്യജ്ഞാനംകൊണ്ടിതൊക്കെ മനസ്സിലാക്കിയ ശ്രീകൃഷ്ണൻ സത്യഭാമയോടുകൂടി അവിടെ ചെന്നു് നിദ്രയെ ഭജിച്ചുകൊണ്ടിരുന്ന അർജ്ജുനനെ

ഉണൎത്തി. കൃഷ്ണാൎജ്ജുനന്മാർ അന്യോന്യം ഗാഢാശ്ലേഷം ചെയ്തു. മനോരഥം സാധിയ്ക്കുമെന്നു അൎജ്ജുനനു ഉറപ്പായി. ഇരുവരും ഉടനെ പിരിഞ്ഞു. കൃഷ്ണൻ ദ്വാരവതിയിലേയ്ക്കും വിജയൻ രൈവതകപൎവ്വതത്തിലേയ്ക്കും തിരിച്ചു.

അക്കാലത്തു രൈവതകപൎവ്വതത്തിന്മേൽവെച്ചു ഒരു മഹോത്സവം നടപ്പുണ്ടായിരുന്നു. ഉത്സവസന്ദൎശനത്തിന്നായി ബലഭദ്രൻ, ഉഗ്രസേനൻ, പ്രദ്യുമ്നൻ, സാംബൻ, അക്രൂരൻ, സാത്യകി, കൃതവൎമ്മാവു മുതലായ പുരുഷകേസരികളും അനേകം സ്ത്രീരത്നങ്ങളും മററു പലരും എത്തി. വൃക്ഷാഗ്രങ്ങളിൽ ദീപപംക്തി നിരത്തി ജ്വലിപ്പിച്ചു. വാദിത്രഘോഷം ദിക്കെങ്ങും മുഴങ്ങി. സന്ന്യാസിവേഷംപൂണ്ട പാൎത്ഥൻ ശ്രീകൃഷ്ണനോടൊരുമിച്ചു ഉത്സവം കണ്ടു നടക്കുമ്പോൾ സഖീമദ്ധ്യത്തിൽ സഞ്ചരിയ്ക്കുന്ന സുഭദ്രയെ മിന്നൽപോലെ കണ്ട് സന്ന്യാസി തന്നെത്തന്നെ വിസ്മരിച്ചുവശായി. കന്യകനിമിത്തം അൎജ്ജുനനുണ്ടായ കുഴപ്പങ്ങൾ അവൎണ്ണനീയംതന്നെ. ഉപായങ്ങളൊക്കെ ശ്രീകൃഷ്ണൻ ഉപദേശിച്ചുകൊടുത്തു. ഉത്സവം കഴിഞ്ഞപ്പോൾ വൃഷ്ണികളെല്ലാവരും സത്സഭാവന്ദനം ചെയ്തു സ്വമന്ദിരങ്ങളിലേയ്ക്കു പുറപ്പെട്ടു. രൈവതകാദ്രിശ്രേഷ്ഠനെ വലത്തുവെച്ചു നമസ്കരിച്ച് ദ്വാരകയിലേയ്ക്കു സുഭദ്രയും തിരിച്ചു. അൎജ്ജുനൻ മാൎഗ്ഗമദ്ധ്യം പ്രാപിച്ച് മാരപരവശനായി ശിലാതലത്തിന്മേൽ സ്ഥിതിചെയ്തു. ചിന്താകുലനായ സന്ന്യാസിയെ കണ്ടു വൃഷ്ണിവീരന്മാർ വന്ദിച്ചു ചുററും ഇരിപ്പായി. ബലഭദ്രാദികൾ വന്നു സന്ന്യാസിയോടു കുശലപ്രശ്നം ചെയ്തുകൊണ്ടിരിക്കുമ്പോൾ ശ്രീകൃഷ്ണൻ അവിടെ എത്തി ജ്യേഷ്ഠന്റെ കല്പനപ്രകാരം സന്ന്യാസിയെ കൊണ്ടുപോയി, കന്യകാപുരസമീപത്തുള്ള മന്ദിരത്തിൽ താമസിപ്പിച്ചു. ശുശ്രൂഷയ്ക്കു സുഭദ്രയേയും ഏല്പിച്ചു. സുഭദ്രയാകട്ടെ ചെറുപ്പത്തിലെതന്നെ അൎജ്ജുനന്റെ ഗുണഗണങ്ങളെപ്പററി കേട്ടു അദ്ദേഹത്തിൽ ആൎദ്രമാനസയായിരിയ്ക്കയായിരുന്നു. സന്ന്യാസിയുടെ രണ്ടു കൈകൾക്കും ഞാൺതഴമ്പു കണ്ട് സുഭദ്രയ്ക്കു ദിനംപ്രതി കൌതുകം വൎദ്ധിച്ചു ഒടുവിൽ സംശയനിവൃത്തിക്കുവേണ്ടി നേരിട്ടു ചോദിച്ചപ്പോൾ സകല വൃത്താന്തവുമറിഞ്ഞ് അന്യോന്യം സന്തോഷിച്ചു. എന്നാൽ ബലഭദ്രന്റെ

ആഗ്രഹം സുഭദ്രയെ സുയോധനനു നൽകണമെന്നായിരുന്നു. അർജ്ജുനനു തന്നെവേണം ഭഗിനിയെ കൊടുക്കുവാൻ എന്നായിരുന്നു ശ്രീകൃഷ്ണന്റെ പക്ഷം. ഇതു കുറെ മത്സരമുള്ള കാൎയ്യമാകയാൽ ശ്രീകൃഷ്ണൻ ഒരു കൌശലം പ്രവൎത്തിച്ചു. ശിവക്ഷേത്രത്തിൽ ഒരു മഹോത്സവം നിശ്ചയിച്ചു ബലഭദ്രാദികളെ അങ്ങോട്ടു പുറപ്പാടാക്കി.

"ഒളിച്ചുകൊണ്ടുപോകാനുറച്ചുകിരീടിയും
മുളച്ചമനോരഥം ഫലിച്ചുസുഭദ്രയ്ക്കും."

വ്രതസമാപ്തിക്കുവേണ്ടി ക്ഷേത്രത്തിലേക്കു പോകണമെന്നു പറഞ്ഞ് ഉഗ്രസേനന്റെ രഥം വരുത്തി രണ്ടുപേരും കയറി. സുഭദ്ര തേർ തെളിച്ചു. ഇടിമുഴക്കംപോലെയുള്ള തേരുരുളൊച്ച കേട്ട് പുരപാലന്മാർ വേഗത്തിലടുത്തു ബാണപ്രയോഗത്തിനു മുതിൎന്നു. അവരെ ഒക്കെ നിഗ്രഹിച്ചു വിജയൻ സ്ത്രീയേയുംകൊണ്ടു രൈവതകാദ്രി ദൂരം കടന്നു. കന്യകയെ കൊണ്ടുപോയതു ഭരതവംശോത്ഭവനായ അർജ്ജുനനാണെന്നു ബലഭദ്രാദികൾക്കു മനസ്സിലായി. പല രാജ്യങ്ങളും കടന്നു പാൎത്ഥനും സുഭദ്രയും ഇന്ദ്രപ്രസ്ഥത്തിലെത്തി. അനുജന്റെ വരവറിഞ്ഞു ധൎമ്മപുത്രർ നാലംഗപ്പടയുമായി ചെന്നു വധൂവരന്മാരെ എതിരേറ്റു കല്യാണാഘോഷത്തോടുകൂടി രാജധാനിയിലേക്കു കൊണ്ടുവന്നു. ബലഭദ്രാദികളായ യാദവന്മാർ വൎത്തമാനമറിഞ്ഞു സന്തോഷിച്ചു, സ്ത്രീധനവുംകൊണ്ടു പാണ്ഡവപുരിയിലെത്തി. അനേകം രഥങ്ങളും ആനകളും കുതിരകളും രത്നാഭരണങ്ങളും മറ്റും പാണ്ഡവന്മാൎക്കു നൽകി. ധൎമ്മപുത്രർ ഇവയൊക്കെ സസന്തോഷം സ്വീകരിച്ചു അവരെ സമ്മാനിച്ചയച്ചു.

സുഭദ്രാവിവാഹം കഴിഞ്ഞു സുഖിച്ചിരിക്കുന്ന കാലത്തു അർജ്ജുനൻ കൃഷ്ണനോടുകൂടി വനക്രീഡയ്ക്കു പുറപ്പെട്ടു. ഭാൎയ്യമാരോടുകൂടി കാളിന്ദീതീരത്തു വസിക്കുമ്പോൾ ഒരു ദിവസം കൃഷ്ണവസ്ത്രധാരിയും തേജസ്വിയുമായി ഒരു ബ്രാഹ്മണശ്രേഷ്ഠൻ ഇവരുടെ മുമ്പിൽ ആവിർഭവിച്ചു. തൃപ്തിയാകുന്നതുവരെ ഭക്ഷണം കൊടുക്കേണമെന്നായിരുന്നു ബഹുഭോക്താവായ അദ്ദേഹം ആവശ്യപ്പെട്ടതു. മതിയാകുന്നിടത്തോളം ഭക്ഷണം കൊടുക്കാമെന്നു അർജ്ജുനൻ വാഗ്ദത്തവും ചെയ്തു. അഗ്നിഭഗവാനായിരുന്നു ഈ വേഷം ധരി

ച്ചുവന്നതു. ഖാണ്ഡവവനം തനിയ്ക്കു ഭക്ഷണമായി കിട്ടണമെന്നായിരുന്നു അദ്ദേഹത്തിൻെറ അപേക്ഷ. ഖാണ്ഡവവനത്തോടു അഗ്നിക്കു വിരോധം വരുന്നതിന്നു ഒരു പ്രത്യേകകാരണമുണ്ടു. അതു ആ കാട്ടിൽ അഗ്നിയുടെ പ്രതാപത്തെ കെടുത്താൻ ശക്തിയുള്ള ചില പച്ചമരുന്നുകൾ വളൎന്നുവന്നിരുന്നു എന്നുള്ളതാണു. ഈ വനം ദഹിപ്പിക്കുവാൻ പലപ്രാവശ്യം ശ്രമിച്ചിട്ടും അഗ്നിക്കു സാധിച്ചിരുന്നില്ല. ഇതിൽ തക്ഷകൻ എന്ന സൎപ്പരാജാവു വസിയ്ക്കുന്നുണ്ടായിരുന്നു. ഈ സൎപ്പപ്രഭുവും ദേവേന്ദ്രനും തമ്മിൽ വലിയ സഖ്യമാകയാൽ വനത്തെ അഗ്നിചെന്നാക്രമിയ്ക്കുമ്പോഴൊക്കെ ദേവേന്ദ്രൻ മഴ വൎഷിച്ചു കെടുത്തിക്കളയുകയായിരുന്നു പതിവു. അൎജ്ജുനൻ വിചാരിച്ചാൽ വൎഷം തടുക്കാൻ കഴിയുമെന്നു അഗ്നിഭഗവാൻ മനസ്സിലാക്കി. എന്നാൽ, തേരും വില്ലും അമ്പും കുതിരകളും ഇല്ലെന്നു അൎജ്ജുനൻ പറയുകയാൽ അഗ്നി വരുണനെ ധ്യാനിച്ചു. കപിലക്ഷണദ്ധ്വജമുള്ള രഥവും, മനോവേഗമുള്ള അശ്വങ്ങളും, ശരങ്ങൾ ഒടുങ്ങാത്ത ആവനാഴിയും, ഗാണ്ഡീവം എന്ന ധനുസ്സും വരുത്തിക്കൊടുത്തു. ശ്രീകൃഷ്ണൻ സാരഥ്യം വഹിച്ചു. ഇതു മുതല്ക്കാണു പാൎത്ഥസാരഥി എന്ന നാമം ശ്രീകൃഷ്ണന്നു സിദ്ധിച്ചതു. ശ്രീകൃഷ്ണൻെറ ആജ്ഞയോടുകൂടി അൎജ്ജുനൻ ഇവയൊക്കെ വാങ്ങി വനമുഖത്തുചെന്നുനിന്നു അഗ്നിയോടു ദഹിപ്പിച്ചുകൊള്ളുവാൻ പറഞ്ഞു നാലുപുറവും ഒരുപോലെ അഗ്നിപടൎന്നുപിടിച്ചു. ദുഷ്ടജന്തുക്കളൊക്കെ അകത്തുകിടന്നു പൊരിഞ്ഞുതുടങ്ങി. മേല്പോട്ടു പറന്നുപോകുന്ന പക്ഷിവൎഗ്ഗങ്ങൾ ചിറകുകരിഞ്ഞു താഴെ വീണു. വൃക്ഷങ്ങൾ വെന്തു പൊട്ടിയലച്ചുമറിഞ്ഞു. ഇതു കേട്ടു ദേവേന്ദ്രൻ കോപിഷ്ഠനായി അഗ്നിനാശത്തിന്നുവേണ്ടി വലിയ മേഘങ്ങളേയുംകൊണ്ടു സ്ഥലത്തെത്തി. ഐരാവതത്തിന്മേലിരുന്നു തൻെറ വജ്രായുധത്തെ ഓങ്ങി മൂന്നുലോകവും ഞെട്ടുമാറുള്ള ഇടിമുഴക്കത്തോടുകൂടി ജലധാരചൊരിഞ്ഞു. അൎജ്ജുനൻ ശരകൂടം ചെയ്തു വൎഷം തടുത്തു. ഇന്ദ്രാൎജ്ജുനന്മാർ തമ്മിൽ സമരം നടന്നു. ഇതിനിടയിൽ തക്ഷകൻ കുരുക്ഷേത്രം പ്രാപിച്ചു രക്ഷപ്പെടുകയാൽ മഹേന്ദ്രൻ പിന്മാറി സ്വസ്ഥാനത്തിലേക്കു പോയി. അഗ്നി ഒട്ടും വിടാതെ ദഹിപ്പിച്ചുതുടങ്ങി. വഹ്നിജ്വാലകൊണ്ടു ലോകംമുഴുവനും ശോഭിച്ചു. തക്ഷകാലയത്തിലിരുന്ന മയാസുര

ൻ ഭയപ്പെട്ടുപറഞ്ഞു. വിട്ടയയ്ക്കുകയില്ലെന്നു പറഞ്ഞു അഗ്നി ബുഭുക്ഷയോടുകൂടി പിന്നാലെ എത്തി. കൃഷ്ണൻ തൃച്ചക്രമെടുത്തു രക്ഷണത്തിന്നാരെയും കാണാഞ്ഞു, മയൻ കൃഷ്ണാർജ്ജുനന്മാരെ ശരണം പ്രാപിച്ചു. അർജ്ജുനൻ മയന്ന് അഭയം നൽകി. ഇതോടുകൂടി അഗ്നിയുടെ വിശപ്പുമടങ്ങി. അശ്വസേനനേയും നാലു ശാർങ്ഗകങ്ങളേയുമൊഴിച്ചു ഖാണ്ഡവം മുഴുവനും അഗ്നി ദഹിപ്പിച്ചു. മയൻ ഇന്ദ്രപ്രസ്ഥത്തിൽ ചെന്നു പാണ്ഡവന്മാരുടെ സേവനായിട്ടു കാലം കഴിച്ചുകൂട്ടി.

നാടെങ്ങും പരന്നുകളിയ്ക്കുന്ന അസൂയാരേണുക്കളിൽ ഒന്നിനെങ്കിലും നമ്മുടെ ഹൃദയദർപ്പണത്തിൽ പററിപ്പിടിക്കുന്നതിന്നു സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതു അന്തരിക്ഷത്തിലുള്ള പരമാണുക്കളെപ്പോലെ കൂട്ടിമുട്ടി പൊട്ടിത്തെറിച്ചു അനുക്ഷണം പടന്നുപിടിക്കുന്നതാണെന്നുള്ള തത്വം ദുര്യോധനൻ അറിഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തിന്നു ഇപ്പോഴത്തെക്കാൾ മനഃസുഖം ഉണ്ടായിരിക്കുമായിരുന്നു. ദ്വിജരൂപം ധരിച്ചുവന്ന അഗ്നിയോടു ചെയ്ത സത്യത്തെ പാലിക്കുന്നതിന്നു പിതാവിന്റെ വിരോധത്തെക്കൂടി വകവെയ്ക്കാത്ത സമർത്ഥനാണു പാർത്ഥൻ. ഈ വിധം സത്യവ്രതത്തോടു കൂടിയിരിക്കുന്നവരെ ധർമ്മസ്വരൂപിയായ ജഗദീശ്വരൻ എങ്ങിനെ തുണയ്ക്കാതിരിയ്ക്കും? കണ്ടില്ലേ? ലീലാമർത്ത്യനായ ശ്രീകൃഷ്ണഭഗവാൻതന്നേ പാർത്ഥസാരഥ്യം വഹിച്ചതു. തന്റെ പുത്രൻ സത്യപരിപാലനം ചെയ്തതിൽ തനിയ്ക്കു വന്ന മാനഹാനി സാരമില്ലെന്നാണു ഇന്ദ്രനും വകവെച്ചതു. ഇതുപോലെ മാനസികഗുണമുള്ളവർക്കാണു പരമാനന്ദമന്ദിരമായ സ്വർഗ്ഗത്തിന്റെ അവകാശമെന്നു തീർത്തുപറയാം.

## അഞ്ചാം അദ്ധ്യായം.

അർജ്ജുനൻ ഇന്ദ്രപ്രസ്ഥത്തിലേക്കു മടങ്ങി എറെനാൾ കഴിയുന്നതിനു മുമ്പായിട്ടു മയൻ എന്ന നാഗപ്രഭു അവിടെ ഒരു വിശേഷപ്പെട്ട പ്രാസാദം ചമച്ചു. നാഗന്മാർ നഗരങ്ങളും രാജ

ധാനികളും നിൎമ്മിക്കുന്നതിൽ വളരെ നിപുണന്മാരായിരുന്നു. ഇവരുടെയിടയിൽ മയനെപ്പോലെ യോഗ്യനായിട്ടു മറെറാരു ശില്പിയുമുണ്ടായിരുന്നില്ല. മയനിൎമ്മിതമായ ഈ മന്ദിരം ഉയരംകൊണ്ടും വിസ്താരംകൊണ്ടും ഏററവും അതിശയമായിരുന്നു. ഇതിലെ ജലസ്ഥലഭ്രാന്തി മുതലായ മോഹനശില്പങ്ങൾ അവൎണ്ണനീയങ്ങളെന്നുവേണം പറവാൻ. ഇതിനും പുറമെ മയൻെറ ഉപദേശപ്രകാരം യുധിഷ്ഠിരൻ, ദഹിച്ചുപോയ ഖാണ്ഡവവനത്തിൽ ചെന്നു നാഗന്മാർ അവിടെ സൂക്ഷിച്ചുവെച്ചിരുന്ന രത്നങ്ങളും സ്വൎണ്ണങ്ങളും ഖനനം ചെയ്തെടുത്തു കൊണ്ടുവന്നു പുതിയ ഭവനത്തെ അലങ്കരിച്ചു.

കാലദേശാവസ്ഥകൾക്കനുരൂപമായിട്ടു് ധൎമ്മപുത്രർ ഇവിടെയിരുന്നു രാജ്യഭാരം ചെയ്തു രാജശ്രേഷ്ഠനായി വാഴുന്ന കാലത്തു രാജസൂയം വേണമെന്നു തീൎച്ചപ്പെടുത്തി. എല്ലാം യാഗങ്ങളിലും വെച്ചു ഫലമേറിയതാകുന്നു രാജസൂയം. എല്ലാം രാജാക്കന്മാരുടേയും അധിരാജനായി വാഴുന്ന രാജന്യശ്രേഷ്ഠനു മാത്രമേ ഈ യാഗം കഴിപ്പാൻ അവകാശമുള്ളു. ഈ യാഗം നടത്തുന്ന രാജശിഖാമണിയുടെ പാദത്തിങ്കൽ മററുള്ള രാജാക്കന്മാരൊക്കെ വന്നു വന്ദിക്കണം. സഹോദരന്മാരുടെ വിജയങ്ങളാൽ ഇന്ത്യയിലുള്ള എല്ലാം രാജാക്കന്മാരുടേയും അധിപനായിട്ടാണു ഇപ്പോൾ യുധിഷ്ഠിരൻെറ ഇരിപ്പ്. എന്നാൽ യാഗം കഴിക്കുന്നതിനു മുമ്പായി ശ്രീകൃഷ്ണനെ വരുത്തുവാൻ പാണ്ഡവന്മാർ ദ്വാരകയിലേയ്ക്കാളയച്ചു. അതുപ്രകാരം കൃഷ്ണൻ ഇന്ദ്രപ്രസ്ഥത്തിലെത്തി. യുധിഷ്ഠിരൻ അദ്ദേഹത്തോടു യാഗം കഴിക്കുന്ന കാൎയ്യത്തെപ്പററി അഭിപ്രായം ചോദിച്ചു. ജരാസന്ധനെ വധിക്കാതെ രാജസൂയം പാടില്ലെന്നായിരുന്നു കൃഷ്ണൻെറ അഭിപ്രായം. അന്നു ഇന്ത്യയിലുണ്ടായിരുന്ന രാജാക്കന്മാരിൽവെച്ചു ശക്തിമാൻ ജരാസന്ധനായിരുന്നു. അതുകൊണ്ടു അവനെ നിഗ്രഹിക്കാതെ രാജാധിരാജസ്ഥാനം യുധിഷ്ഠിരനു കിട്ടുന്നതല്ലെന്നു ശ്രീകൃഷ്ണൻ ബലമായി പ്രസംഗിച്ചു. ഇതനുസരിച്ചു ധൎമ്മപുത്രർ ഭീമനേയും അൎജ്ജുനനേയും ശ്രീകൃഷ്ണൻെറ കൂടെ ജരാസന്ധനെ വധിക്കുന്നതിനയച്ചു. ജരാസന്ധൻ വളരെ ശക്തനും പ്രതാപവാനുമായിരുന്നു. ൨൦൮൦൦ രാജാ

ക്കന്മാരെ അവൻ നഷ്ടാംശനന്മാരാക്കി കാരാഗൃഹത്തിൽ കെട്ടിയിട്ടിട്ടുണ്ടു. അവൻ ശ്രീകൃഷ്ണൻെറ നേരെ ഇരുപത്തിമൂന്നു അക്ഷൌഹിണിപ്പടയോടുകൂടി പതിനേഴുപ്രാവശ്യം യുദ്ധത്തിനു ചെല്ലുകയുണ്ടായി. അങ്ങിനെയിരിക്കുന്ന ജരാസന്ധൻെറ നഗരത്തിലാണ് ഭീമാർജ്ജുനന്മാരും ശ്രീകൃഷ്ണനും സമരത്തിനു ചെന്നത്.

ഉടനെ യുദ്ധമാരംഭിച്ചു. ഭീമനും ഭീമനായ ജരാസന്ധനും തമ്മിൽ ഏററു. സംഗരം ഭയങ്കരമായി. ഒടുവിൽ ഭീമൻ, ആന പനചീന്തുന്നതുപോലെ, ജരാസന്ധനെ മറിച്ചിട്ടു ഒരു കാലു ചവുട്ടിയമർത്തി മറേറക്കാൽ പിടിച്ചുയർത്തി നിഷ്പ്രയാസം ചീന്തിയെറിഞ്ഞു ജരാസന്ധൻ മൃത്യുപുരത്തിലേയ്ക്കുപോയി. കാരാഗൃഹത്തിൽ തളച്ചിട്ടിരുന്ന രാജാക്കന്മാരെ ശ്രീകൃഷ്ണൻ ചെന്നഴിച്ചുവിട്ടു. അവർ ഭഗവാനെ നന്ദിപൂർവ്വം സ്തുതിച്ചു സ്വസ്ഥാനങ്ങളിലേക്കെഴുന്നള്ളി. ജരാസന്ധവധം കഴിഞ്ഞു ഭീമാർജ്ജുനന്മാരും ശ്രീകൃഷ്ണനും ഇന്ദ്രപ്രസ്ഥത്തിലെത്തി ജയഭേരിയടിപ്പിച്ചു.

ജരാസന്ധനെ ജയിച്ചു മഗധരാജ്യം കീഴടക്കിയതിനുശേഷം പാണ്ഡവന്മാർ ദിഗ്ജയത്തിന്നു പുറപ്പെട്ടു. ഭീമൻ കിഴക്കുദിക്കും, അർജ്ജുനൻ ഉത്തരരാജ്യങ്ങളും, നകുലൻ പശ്ചിമഭൂഭാഗവും, സഹദേവൻ ദക്ഷിണദേശത്തുള്ള ലങ്കമുതലായ നഗരങ്ങളും ജയിച്ചു അളവററ ധനം ചുമപ്പിച്ചുകൊണ്ടുവന്നു യുധിഷ്ഠിരൻെറ മുമ്പിൽ കാഴ്ചവെച്ചു.

സാമ്രാജ്യത്തിൻെറ നാലുഭാഗങ്ങളിലും യുധിഷ്ഠിരൻെറ കല്പനപ്രകാരം ഭടന്മാർ ചെന്നു രാജസൂയവിവരം കൊട്ടിയറിയിച്ചുനടന്നു. അതനുസരിച്ചു സാമന്തന്മാർ രാജചിഹ്നങ്ങളോടുകൂടി ഇന്ദ്രപ്രസ്ഥത്തിലെത്തി. ഓരോരുത്തരും ഓരോതരത്തിലുള്ള സംഭാവനയും കൊണ്ടാണു എഴുന്നള്ളിയതു. ശ്രീകൃഷ്ണൻ പതിനാറായിരത്തെട്ടു ഭാര്യമാരൊരുമിച്ചു സേനാസമേതം ഹാജരായി. ധൃതരാഷ്ട്രരേയും പുത്രന്മാരേയും മററു മിത്രങ്ങളേയും ക്ഷണിക്കുന്നതിനു നകുലനെ അയച്ചിരുന്നു. അതനുസരിച്ചു അവരെല്ലാവരും വന്നുചേർന്നു. രാജാക്കന്മാർ കൊണ്ടുവന്ന കാഴ്ചകൾ വാങ്ങിക്കുവാൻ സുയോധനനെ നിയമിച്ചു. പന്തിയിൽ ഇലവെയ്ക്കുവാനും എച്ചിലെടുപ്പിച്ചു തളിച്ചു ശുദ്ധമാക്കുവാനും ഭരമേ

ല്പിച്ചിരുന്നതു ദുശ്ശാസനനേയാണു. സജ്ജനപൂജ നടത്തുന്നതിനു അൎജ്ജുനനും പാചകവൃത്തിയുടെ മേലന്വേഷണത്തിനു ഭീമനും നിയുക്തന്മാരായി.

നിയോഗങ്ങളൊക്കെ നൽകിയതിനുശേഷം ധൎമ്മപുത്രർ ശുദ്ധമനസ്സോടുകൂടി യാഗം ദീക്ഷിച്ചു. ഒരു പുറത്തു ഹോമധൂമം. മറെറപ്പുറത്തു സാമഗാനധ്വനി; വാദ്യഘോഷവും ചതുരംഗസേനാരവവും വേറെയൊരുപുറത്തു; ഇങ്ങിനെ ബഹുവിധഘോഷങ്ങളോടുകൂടി നടത്തപ്പെട്ട യാഗമഹോത്സവം പഞ്ചേന്ദ്രിയങ്ങളേയും അന്തഃകരണത്തേയും നിശ്ശേഷം ആനന്ദിപ്പിച്ചു.

മുപ്പത്തിനാലു മാസംകൊണ്ടു പൂൎത്തിയാകുന്ന രാജസൂയയാഗം അവസാനിയ്ക്കുന്ന ദിവസം അഗ്ര്യപൂജയ്ക്കു യോഗ്യൻ ആരെന്നു യോഗ്യരെല്ലാവരും കൂടി ആലോചിക്കുവാൻ തുടങ്ങി. ഭീഷ്മരുടെ തീൎപ്പനുസരിച്ചു ശ്രീകൃഷ്ണനെ പീഠത്തിന്മേലിരുത്തി തൃക്കാൽ കഴുകിച്ചു പൂജിച്ചു എല്ലാവരും ദണ്ഡനമസ്കാരം ചെയ്തു. ഈ പ്രവൃത്തി ചേദിരാജാവായ ശിശുപാലനു തീരെ രസിച്ചില്ല. ആയാൾ സഭയിൽനിന്നു കോപിഷ്ഠനായെഴുന്നേററു ശ്രീകൃഷ്ണനെപ്പററി ദോഷഭൂയിഷ്ഠമായ ഒരു പ്രസംഗം നടത്തി. അൎജ്ജുനനു ഇതു കേട്ടിട്ടു സഹിച്ചില്ല. ന്യായമല്ലാത്തതു പറഞ്ഞാൽ അസ്ത്രങ്ങൾകൊണ്ടുത്തരം പറയുമെന്നു അൎജ്ജുനൻ രോഷാകുലനായി ചേദിരാജാവിനോടു പറഞ്ഞു. പോരായ്മ വന്നതറിഞ്ഞു ശിശുപാലൻ യുദ്ധത്തിന്നൊരുങ്ങി. ശ്രീകൃഷ്ണനും ശിശുപാലനും തമ്മിൽ ഘോരമായ സമരം നടന്നു. വിക്രമശാലിയായ കൃഷ്ണൻ സുദൎശനചക്രമെടുത്തു ദൈത്യരാജാവിന്റെ തലയറുത്തു. യുധിഷ്ഠിരൻ മഹായാഗം മുഴുവനാക്കി ബന്ധുജനത്തോടുകൂടി ഇന്ദ്രപ്രസ്ഥത്തിൽ പ്രതാപപൂൎവ്വം വസിക്കയും ചെയ്തു.

ഇങ്ങിനെയിരിക്കുന്ന കാലത്തൊരുദിവസം മായാമയനായ മയനാൽ നിൎമ്മിക്കപ്പെട്ട തോയാകരം നിലമാണെന്നു വിചാരിച്ചു ദുൎയ്യോധനൻ വാളുമായിട്ടതിൽ ചെന്നു ചാടി. ഭീമൻ അതു കണ്ടു പൊട്ടിച്ചിരിച്ചു. പാഞ്ചാലിയും ഒന്നു മന്ദഹസിച്ചു. അഭിമാനക്ഷയത്തോടുകൂടി നാണിച്ചു മുഖം താഴ്ത്തി ആരേയും നോക്കാതെ സുയോധനൻ എഴുന്നേററുപോയി. അന്നുമുതൽക്കു ക

ൎയ്യോധനൻ ശരീരം മെലിഞ്ഞു പനിപിടിച്ചു വിളറിപ്പോയി. യാഗത്തിന്നു വന്നിരുന്ന രാജാക്കന്മാരെല്ലാവരും സ്വസ്ഥാനങ്ങളിലേക്കു മടങ്ങി. ദുൎയ്യോധനൻ ഹസ്തിനപുരത്തിലേക്കും തിരിച്ചു. പാണ്ഡവന്മാരുടെ ധനവും അവസ്ഥയും കണ്ടു സഹിക്കവയ്യാതെ ബുദ്ധി മന്ദിച്ചു ശയനാശനാദികളിൽ വിരക്തനായി സ്ഥിതിചെയ്യുന്ന ധൃതരാഷ്ട്രപുത്രൻ ശകുനിയെ വരുത്തി വിവരമൊക്കെ പറഞ്ഞു. ചൂതുപൊരുതു ജയിച്ചു നാടും നഗരവും അൎത്ഥവും ധൎമ്മപുത്രരുടെ കയ്യിൽനിന്നു വാങ്ങികൊടുക്കാമെന്നേറ്റു ശകുനി മരുമകനെ ആശ്വസിപ്പിച്ചു.

പാണ്ഡവന്മാരെ വഞ്ചിച്ചു രാജ്യം മകനു കൊടുക്കുന്ന കാൎയ്യത്തിൽ ധൃതരാഷ്ട്രൎക്കു തീരെ മനസ്സുണ്ടായിരുന്നില്ല. വിദുരർ ഇതു പാടില്ലെന്നു വിലക്കി. ഒടുവിൽ ദുൎയ്യോധനന്റെ നിൎബ്ബന്ധം കൊണ്ടു പുത്രവാത്സല്യപരനായ ധൃതരാഷ്ട്രർ വിദുരരെ ഇന്ദ്രപ്രസ്ഥത്തിലേക്കു പറഞ്ഞയച്ചു ധൎമ്മപുത്രാദികളെ ചൂതുകളിക്കുവരുത്തി. ദ്യൂതഭ്രമം അധഃപതനഹേതുക്കളായ സപ്തസങ്കടങ്ങളിൽ പ്രഥമസ്ഥാനത്തെ വഹിക്കുന്ന സംഗതിയാണെന്നുള്ളതു ലോകപ്രസിദ്ധമത്രെ.

നേരിട്ടുനിന്നു പൊരുതുന്നതിന്നു ശേഷിയില്ലാത്തവർ ഒളിയമ്പയക്കുന്നതു സാധാരണയാണ്. എന്നാൽ ഈ മാതിരി അമ്പുകൾ കാലാന്തരത്തിൽ തങ്ങളുടെ ഹൃദയത്തേയും ജീവിതത്തേയും ഒരുപോലെ പിളൎന്നു നരകത്തിലേക്കുള്ള വാതിലിനെ തുറന്നുതരുന്നതാണെന്നു ആരറിയുന്നു? ലോകസാക്ഷികളുടെ കണ്ണുമറക്കുവാൻ യാതൊരു മായാവിദ്യക്കും സാധിക്കുന്നതല്ലെന്നു ദുൎയ്യോധനന്റെ ശകുനിയമ്മാവനെ കുരുക്ഷേത്രത്തിൽവെച്ചു നടക്കാനിരിക്കുന്ന പതിനെട്ടാം യുദ്ധമെങ്കിലും ബോധ്യപ്പെടുത്തും.

## ആറാം അദ്ധ്യായം.

പാണ്ഡവന്മാർ ദ്യൂതക്രീഡയ്ക്കൊരുങ്ങി സഭാമണ്ഡപത്തിൽ

ചെന്നപ്പോൾ അവിടം മുഴുവനും ഹസ്തിനപുരത്തിലെ പ്രഭുജനങ്ങളെക്കൊണ്ടു തിങ്ങിയിരുന്നു. സഭാവാസികളെല്ലാവരും ചൂതുകളിക്കുന്നതായി കാണപ്പെട്ടു. ഏവരും കളിയിൽ ബദ്ധശ്രദ്ധന്മാരായിട്ടാണു സ്ഥിതിചെയ്യുന്നതു. ധർമ്മപുത്രരും ദുര്യോധനനും അന്യോന്യം നേരിട്ടിരുന്നു. ചുക്കിണിയും ചൂതും എടുത്തുകൊണ്ടു വരുവാൻ ശകുനി കല്പനകൊടുത്തു. കല്പിച്ചതെല്ലാം വരുമെന്നു സമാധാനപ്പെട്ടു ധർമ്മജൻ കളിക്കാമെന്നുറച്ചു. ഗാന്ധാരരാജാവായ ശകുനിയുടെ മുഖത്തു മധുരമായ മന്ദസ്മിതം കളിയാടി. അക്ഷക്രീഡയിൽ ഇയാൾ അദ്വിതീയനായിരുന്നു. ധർമ്മപുത്രർക്കാകട്ടെ ഈ വിഷയത്തിൽ സാമർത്ഥ്യം വളരെ കുറവായിരുന്നുവെന്നു വേണം പറവാൻ. ആദ്യം വെച്ച പണയം യുധിഷ്ഠിരനു നഷ്ടമായി. വെച്ചതു വെച്ചതു ക്രമേണ തോറ്റുതുടങ്ങി. കോശവും രാഷ്ട്രവും, ദുർഗ്ഗങ്ങളും സൈന്യങ്ങളും ഒക്കെ സുയോധനന്റെ അധീനത്തിലായി. ഇനി പണയം വെയ്ക്കുവാൻ തന്റെ നാലു സഹോദരന്മാരും പ്രേയസിയായ ദ്രൌപതിയും മാത്രമേയുള്ളു. കളി നിർത്തുവാൻ അനുജന്മാരും പാഞ്ചാലിയും ആദിമുതല്ക്കേ പറയുകയുണ്ടായി. ഒന്നും ധർമ്മജന്റെ ചെവിയിൽ പോയില്ല. അദ്ദേഹം വിട്ടുമാറിയില്ല. വൈരികൾ സന്തോഷിച്ചു ചിരിച്ചു. അനുജന്മാരേയും പാഞ്ചാലിയേയും വെച്ചു പണയം. സജ്ജനം ശകുനിയേ വെറുത്തു. ഇതു മുഴുവനും ശകുനിയുടെ കള്ളച്ചൂതിന്റെ പണിയായിരുന്നു. പരോപദ്രവംകൊണ്ടു രസിച്ചുജീവിക്കുന്നവരിൽ ശകുനിക്കാണു ഒന്നാംസ്ഥാനം കൊടുക്കേണ്ടതു. ദുര്യോധനനെക്കൊണ്ടു പാണ്ഡവന്മാരെ ഉപദ്രവിപ്പിക്കയല്ലാതെ വേറെ തൊഴിൽ ശകുനിക്കില്ല. കാര്യങ്ങളുടെ ഉള്ളു ശരിക്കു കണ്ടുപിടിക്കുന്നതിനും ചതിപ്രയോഗം കുറിക്കു കൊള്ളിക്കുന്നതിനും ശകുനിക്കുള്ള തഞ്ചവും തഴക്കവും അന്യാദൃശമാകുന്നു.

പാഞ്ചാലിയെ പണയം വെച്ച ഉടനെ ദുർജ്ജനാഗ്രേസരനായ ദുശ്ശാസനൻ ചെന്നു തലമുടിക്കു ചുറ്റിപ്പിടിച്ചു വലിച്ചിട്ടു അവളുടെ വസ്ത്രമഴിച്ചുകളയുവാൻ ഭാവിച്ചു. ദീനബന്ധുവായ ശ്രീകൃഷ്ണഭഗവാന്റെ കൃപകൊണ്ടു അഴിച്ചേടത്തോളം വസ്ത്രം പിന്നേയും അവളുടെ അരയിൽ ശേഷിച്ചതേയുള്ളു. ഇതു കണ്ടുനിന്ന ഭീ

മാർജ്ജുനന്മാർ അടങ്ങിയതു സത്യത്തെ ലംഘിക്കരുതെന്നുവെച്ചാണു. ജ്യേഷ്ഠൻ ഒരാളെ വിചാരിച്ചിട്ടാണു ഇവർ ഒതുങ്ങിനിന്നതു. ഭീമൻ ഗദചുഴററി സഭയിലേക്കു ചാടിയിരുന്നുവെങ്കിൽ അവിടെ ഒരെണ്ണംപോലും ബാക്കിയുണ്ടാവുകയില്ലായിരുന്നു.

> ആർത്തയായിമുറയിടുന്ന പാഞ്ചാലി,
> "ധാർത്തരാഷ്ട്രന്മാരേ! നിങ്ങൾശതത്തേയും
> പോർത്തലത്തിങ്കനുകൊല്ലുകമാരുതി!
> പോരായ്മചെപ്പതിന്നാളായകർണ്ണനെ
> പോരിനെതിർത്തുധനഞ്ജയൻകൊല്ലുക!
> വീറുകെട്ടത്തശകുനിയേയുംപോരിൽ
> വീരനായോരുസഹദേവൻകൊല്ലുക."

എന്നിങ്ങിനെ ശപിച്ചു വിലപിക്കുന്ന നേരത്തു ധൃതരാഷ്ട്രന്റെ കല്പനപ്രകാരം പാണ്ഡവന്മാർ പത്നീസമേതം ഇന്ദ്രപ്രസ്ഥത്തിലേക്കു യാത്രയാകുവാൻ ഭാവിക്കുമ്പോ, ഇവർ ഇനിയും ശക്തന്മാരായിത്തീർന്നാൽ ജയിക്കുവാൻ പ്രയാസമെന്നുകണ്ടു ദുര്യോധനനും കർണ്ണനും ശകുനിയും കൂടി ഒരു കൌശലംകൂടി പ്രയോഗിച്ചു. തോററവർ പന്ത്രണ്ടു വർഷം വനവാസം ചെയ്തു തപോവൃത്തിയിലിരിക്കേണമെന്നും, അതിനുശേഷം നാട്ടിൽ വന്നൊരുകൊല്ലം അജ്ഞാതവാസമനുഷ്ഠിക്കേണമെന്നും, അതിനിടയിലങ്ങാനുമറിഞ്ഞുപോയാൽ വീണ്ടും പതിമൂന്നുസംവത്സരം ഇപ്രകാരംതന്നെ ആചരിക്കേണമെന്നും, ആയിരുന്നു ഇവർചെയ്ത നിശ്ചയം. ധർമ്മപുത്രർ ഇതും സമ്മതിച്ചു. ഒരിക്കൽകൂടി ചൂതു നിരത്തി. ഇതിലും ധർമ്മജനു തോലിയാണുണ്ടായതു. പൌരസമൂഹം വ്യസനത്തിൽ മുഴുകി ഭീഷ്മാദികളായ ആചാര്യന്മാരെ വന്ദിച്ചു പാണ്ഡവന്മാർ വിശ്വാസപൂർവ്വം യാത്രപറഞ്ഞു. കർമ്മവശാൽ വന്നുകൂടുന്നതു ഒഴിച്ചുകൂടല്ലോ. നാടും നഗരവുമുപേക്ഷിച്ചു ജടാവല്ക്കലധാരികളായി കാനനവാസത്തിനു പാണ്ഡവന്മാർ പുറപ്പെട്ടു: അനേകം സന്ന്യാസികളും ബ്രാഹ്മണരും ധൌമ്യമഹാമുനിയും ഇവരെ അനുഗമിച്ചു പോകുന്നതുകണ്ടു സാധുപ്രജകൾ അന്യോന്യം നോക്കാതെയും മിണ്ടാതെയും അവരുടെ മനോവേദനയെ പ്രത്യക്ഷപ്പെടുത്തി.

യുധിഷ്ഠിരന്റെ നിലകവിഞ്ഞ ശുദ്ധഗതി അദ്ദേഹത്തേയും അനുജന്മാരേയും പാഞ്ചാലിയേയും കാട്ടുകയറുവാനിടയാക്കി. ഭീമാർജ്ജുനന്മാർ കൂടെയില്ലായിരുന്നുവെങ്കിൽ അദ്ദേഹം ഇതിനു മുമ്പുതന്നെ കാട്ടുകയറുമായിരുന്നു. ഇത്രത്തോളമുള്ള ശുദ്ധഗതി ലൌകികജീവിതത്തിന്നു പററിയതല്ല. എല്ലാവരേയും ഒരുപോലെ വിശ്വസിച്ചുകൊണ്ടിരിയ്ക്കുയാലാണു വൈരികളുടെ വഞ്ചനയിൽ പെട്ടു കാടും മേടും ചുററിത്തിരിഞ്ഞലയേണ്ടതായി വന്നത്.

സമത്വമുള്ളവർ പോരിന്നൊ ചൂതിന്നൊ വിളിച്ചാൽ പോകാതിരിപ്പാൻ ധർമ്മപുത്രർക്കു നിവൃത്തിയില്ലായിരുന്നു.

> "ആഹൂതോനനിവർത്തേയ
> ദ്യൂതായ ചരണായച."

എന്നു രാജസൂയത്തിൽവെച്ചു ചെയ്ത ശപഥം ചൂതുകളിക്കു പോകുവാൻ ധർമ്മപുത്രരെ നിർബന്ധിതനാക്കിത്തീർത്തു. പോരും ദ്യൂതവും അന്നത്തെക്കാലത്തു ഒരുപോലെ വീരധർമ്മമായിട്ടാണു രാജാക്കന്മാർ വിചാരിച്ചുവന്നിരുന്നതു. ഇടയ്ക്കുവച്ചു പിൻമാറുന്നതൊ സത്യത്തിനും വീരധർമ്മത്തിനും പോരാത്തതാണല്ലൊ. അതുകൊണ്ടാകുന്നു ധർമ്മപുത്രർക്കു സകല മുതലുകളും അനുജന്മാരേയും പാഞ്ചാലിയേയും തന്നേയും പണയം വെയ്ക്കേണ്ടതായിട്ടു വന്നത്. 'ധർമ്മസ്യഗഹനാഗതിഃ' എന്ന കവിവചനമോർത്തു സർവ്വവും സഹിച്ചു തല്ക്കാലം ആശ്വസിക്കുകയേ നിവൃത്തിയുള്ളൂ.

ദൈവാധീനശക്തിക്കെതിരായി ലോകത്തിൽ ഒന്നുംതന്നെയില്ലെന്നും ആയതു പാഞ്ചാലിയ്ക്കും പാണ്ഡവന്മാർക്കും അറമില്ലാതെ സിദ്ധിച്ചിട്ടുണ്ടെന്നും പാഞ്ചാലിവസ്ത്രാക്ഷേപകാലത്തു ദുര്യ്യോധനാദികൾക്കു മനസ്സിലായിട്ടില്ലെങ്കിൽ പതിനെട്ടാം യുദ്ധം അവരുടെ ചരമം പാടുമ്പോൾ മനസ്സിലായിക്കൊള്ളും.

## ഏഴാം അദ്ധ്യായം.

യുധിഷ്ഠിരനും സോദരന്മാരും ദ്രൌപതിയോടുകൂടി ദക്ഷിണവനപ്രദേശങ്ങളിലേക്കു തിരിച്ചപ്പോൾ ഹസ്തിനപുരവാസികളായ

അസംഖ്യം ബ്രാഹ്മണരും സന്ന്യാസികളും അവരെ അനുഗമിച്ചു വെന്നു പറകയുണ്ടായല്ലോ. അവർ കരഞ്ഞു നെഞ്ഞത്തടിച്ചു കൊണ്ടാണു പിന്നാലെ ചെന്നതു. പ്രജകൾ പാണ്ഡവന്മാരെ അത്രമാത്രം സ്നേഹിച്ചിരുന്നു. തിരിച്ചുപോകുവാൻ ധർമ്മപുത്രർ പലവട്ടം അപേക്ഷിച്ചുപറഞ്ഞിട്ടും ജനങ്ങൾ അദ്ദേഹത്തെ പിൻതുടൎന്നതേയുള്ളൂ. അന്നെല്ലാവരും ഉപവാസം ചെയ്തു. ഇതുമൂലം യുധിഷ്ഠിരനു വളരെ ദുഃഖമുണ്ടായി. രാജകുലജനനം സന്താപകരമാണെന്നു അദ്ദേഹത്തിന്നു തോന്നി. ആഹാരത്തിനു തീരെ നിവൃത്തിയില്ലാതെ വലയുമ്പോൾ ധൌമ്യന്റെ ഉപദേശപ്രകാരം ദ്രൌപതി സൂൎയ്യഭഗവാനെ സേവിപ്പാനാരംഭിച്ചു. ഇതിന്റെ ഫലമായിട്ടു ലഭിച്ചത് ഒരു പാത്രമാണ്. ദേവഭക്തന്മാൎക്കു ഒരു കാലത്തും സങ്കടമുണ്ടാകുന്നതല്ലല്ലോ. ബ്രാഹ്മണരും പാണ്ഡവന്മാരും പാഞ്ചാലിയും മതിയാകുന്നതുവരെ ഭക്ഷിച്ചതിനു ശേഷമെ ആ പാത്രത്തിൽ ചോറു തീരുകയുള്ളൂ. വിചാരിക്കുന്ന വിഭവങ്ങളൊക്കെ അതിൽ കാണാം. സൂൎയ്യദത്തമായ ഈ പാത്രത്തിന്റെ വിശേഷം അത്ഭുതകരംതന്നെ.

അരക്കില്ലത്തിനകത്തിട്ടു കൊള്ളിവെച്ചകാലത്തുണ്ടായ ദുഃഖത്തെപ്പററി ഓൎത്താൽ ഇതു സുഖംതന്നെയാണ്. സകല ജന്തുക്കൾക്കും സുഖദുഃഖങ്ങൾ ഇടതുടരെ സംഭവിച്ചുകൊണ്ടിരിക്കുമെന്നത് അനുഭവം പ്രത്യക്ഷപ്പെടുത്തുന്നു.

'സത്യധൎമ്മാദികളെരക്ഷിച്ചുപോരുന്നവ-
ൎക്കത്തലുണ്ടാകയില്ലനിശ്ചയമൊന്നുകൊണ്ടും.'

താപസവേഷധാരികളായ ധൎമ്മജന്മാദികൾ വനത്തിൽക്കൂടി ദക്ഷിണപ്രദേശങ്ങളിലേക്കു സഞ്ചരിക്കുമ്പോൾ കൎമ്മീരൻ എന്നു പേരായ ഒരു രാക്ഷസൻ അവരോടെതിൎത്തു. യുദ്ധത്തിൽ ഭീമസേനന്റെ ഗദാഘട്ടനമേററു അവൻ മൃതനായി. ദുഷ്ടന്മാരെ നിഗ്രഹിക്കാതെ വിടുകയില്ലെന്നാണ് ഭീമസേനന്റെ വ്രതം.

അനന്തരം ഓരോ പുണ്യതീൎത്ഥങ്ങളിൽ സ്നാനംചെയ്തു സഞ്ചരിക്കുമ്പോൾ വേദവ്യാസമുനി അപ്രതീക്ഷിതമായി അവരുടെ മുമ്പിൽ ആവിൎഭവിച്ചു. കൈലാസത്തിങ്കൽ ചെന്നു ശിവനെ

സേവിച്ചാൽ ശത്രുസംഹാരമാൎഗ്ഗമുണ്ടാവുമെന്നുപദേശിച്ചു മഹഷി മറഞ്ഞു.

യുധിഷ്ഠിരൻ ഈ വിവരം അൎജ്ജുനനെ ധരിപ്പിച്ചു. അൎജ്ജുനൻ സഹോദരന്മാരേയും പാഞ്ചാലിയേയും ആലിംഗനം ചെയ്തു വടക്കൻ പൎവ്വതങ്ങളിലേയ്ക്കു പുറപ്പെട്ടു. ഹിമവാൻ പൎവ്വതത്തിൻെറ ശിഖരങ്ങളിലേയ്ക്കുള്ള മാൎഗ്ഗം ദുൎഗ്ഗമവും ദുഷ്ടമൃഗങ്ങളാലാവൃതവുമായിരുന്നു. അരോഗദൃഢഗാത്രനും ഭയരഹിതനുമായ അൎജ്ജുനൻ മാൎഗ്ഗക്ലേശം തീരെ വകവെയ്ക്കാതെ വടക്കോട്ടു ചെന്നപ്പോൾ കാർമേഘങ്ങൾ തങ്ങിയിരിക്കുന്ന കൊടുമുടികളെക്കണ്ടു സന്തോഷഭരിതനായിത്തീൎന്നു. ദീർഘയാത്ര അവസാനിക്കാറായിയെന്നു അദ്ദേഹത്തിന്നു തോന്നി. ഉടനെ വ്യാസോപദിഷ്ടമായ മൂലമന്ത്രം ജപിച്ചു ശിവധ്യാനത്തിലിരിപ്പായി. വെയിലും മഞ്ഞും മഴയും സഹിച്ചു വളരെക്കാലം തപോവൃത്തിയിൽ സ്ഥിതിചെയ്തു. ഇങ്ങിനെയിരിക്കെ ഒരു ദിവസം ഒരു വലിയ പന്നി അൎജ്ജുനനെ തേററകൊണ്ടു കീറിക്കൊല്ലുവാനടുത്തു. കുന്തീപുത്രൻെറ ബാണമേററു മറിഞ്ഞുവീണു മരിച്ചു. ഈ മൃഗം വാസ്തവത്തിൽ മൃഗമല്ലായിരുന്നു. വേഷംമാറി വന്ന മൂകാസുരനായിരുന്നു ഇത്. തൽക്ഷണം ഒരു വേടൻ അവിടെ എത്തി. പന്നിയെ എയ്തു മരിച്ചതു താനാണെന്നും അതിനാൽ ആ മൃഗത്തെ താൻ കൊണ്ടുപോകുമെന്നും വേടൻ ശഠിച്ചു. അൎജ്ജുനൻ വിട്ടുകൊടുത്തില്ല. രണ്ടുപേരും തമ്മിൽ വാഗ്വാദമായി. വേടൻ ചെറുപ്പക്കാരനും സുഭഗനുമായിരുന്നു. ഇത്രസുന്ദരനായ പുരുഷനെ അൎജ്ജുനൻ ഇതേവരെ കണ്ടിട്ടില്ല. മനുഷ്യസാധാരണമായിരുന്നില്ല വേടൻെറ ഉയരവും ഊൎജ്ജിതവും. വേടൻെറ ദൃഷ്ടി തൻെറ ഹൃദയത്തിലേക്കു തറഞ്ഞുകയറുന്നതുപോലെ അൎജ്ജുനനു തോന്നി. എന്നുകൊണ്ടും ഭരതവംശജനായ രാജകുമാരൻ അധൈൎയ്യപ്പെട്ടില്ല. പന്നിയെ വിട്ടുകൊടുക്കുകയില്ലെന്നു പാൎത്ഥൻ കയൎത്തുപറഞ്ഞു. വേടൻെറ മുഖം വൎഷകാലത്തെ രാത്രിപോലെ കറുത്തിരുണ്ടു. അവൻ ചാപദണ്ഡമുയൎത്തി പാൎത്ഥൻെറ തലയിൽ അടിയ്ക്കുവാൻ ഓങ്ങി. രാജകുമാരൻ ഒരു ബാണമെടുത്തു തൊടുത്ത് വേടൻെറ വക്ഷസ്സിനെ ലക്ഷ്യമാക്കി എയ്തു. ബാണമാകട്ടെ, മുന തെറിച്ചു വേ

ടന്റെകാല്ക്കൽ ചെന്നുവീഴുകയാണുണ്ടായതു. വേറെ ബാണമെടുക്കുവാൻ അൎജ്ജുനൻ ആവനാഴിയിലേയ്ക്കു കയ്യിട്ടു. അഹോ! അഗ്നിഭഗവാനാൽ ദത്തമായ ശരകൂടം— ഒരു കാലത്തും അസ്ത്രം ക്ഷയിയ്ക്കാത്ത ശരകൂടം— ഒഴിഞ്ഞുപോയി. ഇതുകണ്ടു കോപാക്രാന്തനായ അൎജ്ജുനൻ വില്ലിന്റെ തണ്ടെടുത്തു വേടനെ അടിച്ചമൎത്തുവാൻ ഓങ്ങി. വേടൻ ചിരിച്ചു വില്ലു തട്ടിപ്പറിച്ചുകളഞ്ഞു. ഒടുവിൽ ശത്രുവിനെ പിടിച്ചു പൎവ്വതത്തിന്മേൽനിന്നു ചുവട്ടിലേയ്ക്കെറിയുവാൻ ഭീമസഹോദരൻ ഉദ്യമിച്ചു. തന്റെ ബലം ഒരു കുട്ടിയുടെ ബലത്തെക്കാൾ തുലോം കുറഞ്ഞുപോയി. പിന്നീടുണ്ടായ സംഭവമൊന്നുമറിയാതെ കുന്തീപുത്രൻ മോഹാലസ്യപ്പെട്ടുവീണു. സ്വബോധമുണ്ടായി കണ്ണുതുറന്നുനോക്കിയപ്പോൾ അൎജ്ജുനൻ നിലത്തുകിടക്കുകയായിരുന്നു. മുന്നിൽ നില്ക്കുന്ന വേടസ്വരൂപം ഒരു ദിവ്യപുരുഷനാണെന്നു അദ്ദേഹത്തിന്നു തോന്നി.

"മഴവുംമാനുംപുരിജടമുടിയതി
ലൊഴുകുംസുരനദി തന്നുടെതിരയതിൽ
മുഴുകുംചന്ദ്രകലയുംതുമ്പയു-
മളികതടേതിരുമിഴിയുടെവടിവും
തിരുനാസികയും തൃക്കണ്ണിണയും
തിരുമുഖവുംമൃദുമന്ദസ്മിതവും
ഗളരുചിതടവും തിരുമാറിടവും
കരിചൎമ്മാംബര മൂരുദ്വയവും
ഗിരിമകൾതാനും കരിമുഖനറുമുഖ-
നടനേഹരിഹരസുതനുംവേട്ട-
യ്ക്കൊരുമകനും ബഹുഭൂതഗണങ്ങളു-
മൊരുമിച്ചങ്ങിനെകാണ്മാറായി."

കിരാതവേഷധാരിയായ ത്രൈലോക്യനാഥന്റെ തൃപ്പാദങ്ങളിൽ നമസ്കരിച്ചു താൻ അറിയാതെ ചെയ്തുപോയ സൎവ്വപരാധവും ക്ഷമിയ്ക്കണമെന്നു വിജയൻ അപേക്ഷിച്ചു. ഭക്തന്റെ വിനീതനിലകണ്ടു തൃപ്തനായ പരമേശ്വരൻ പാശുപതം എന്ന ദിവ്യാസ്ത്രത്തെ അൎജ്ജുനനു ദാനംചെയ്തു അവിടെനിന്നും അന്തൎദ്ധാനംചെയ്തു.

അങ്ങിനെയിരിയ്ക്കുമ്പോൾ താതദേവേന്ദ്രൻ കൊടുത്തയച്ച ദിവ്യവിമാനത്തിൽ കയറി, പാൎത്ഥൻ ഈ ദിവ്യാസ്ത്രവുംകൊണ്ടു സ്വൎഗ്ഗത്തിൽ ചെന്നു ദേവദ്രോഹികളായ അസുരന്മാരെയൊക്കെ നിഗ്രഹിച്ചു. ഉൎവ്വശിയുടെ ശാപത്താൽ അൎജ്ജുനനു ഷണ്ഡത്വം വന്നുകൂടിയതു ഇവിടെ വെച്ചാണ്. ഈ ശാപം അജ്ഞാതവാസകാലത്ത് ഇദ്ദേഹത്തിന്നുപകാരമായിത്തീൎന്നു. പുത്രന്റെ സാമൎത്ഥ്യം കണ്ടു ദേവേന്ദ്രൻ ഒരു ദിവ്യകവചം സമ്മാനിച്ചു. പിതൃദത്തമായ കവചവും വരവും വാങ്ങി ധനഞ്ജയൻ സ്വരാജ്യത്തേക്കു പുറപ്പെട്ടു.

അൎജ്ജുനന്റെ വരവു കാത്തു യുധിഷ്ഠിരനും സോദരന്മാരും അക്ഷമന്മാരായിരിപ്പായിട്ടു കുറേനാളായി. നിരാശന്മാരായി സ്ഥിതിചെയ്യുമ്പോൾ, ഒരു ദിവസം കണ്ണു മഞ്ഞളിക്കത്തക്ക കാന്തിയുള്ള ഉടുപ്പു ധരിച്ച ഒരു പുരുഷൻ അവരുടെ മുന്നിൽ കാണപ്പെട്ടു. ദേവന്മാരിൽ വല്ലവരുമായിരിക്കും തന്റെ മുമ്പിൽ നില്ക്കുന്നതെന്നു ധൎമ്മപുത്രർക്കു തോന്നിപ്പോയി. ഇത്ര വിശേഷമായ കവചം ധരിച്ച പുരുഷനെ അദ്ദേഹം ഇദംപ്രഥമമായിട്ടാണു കാണുന്നതു. ഈ വീരശിഖാമണി ആരെന്നു എല്ലാവരും ശങ്കിച്ചു നില്പായി. ശബ്ദം കേട്ടപ്പോൾ മാത്രമേ അൎജ്ജുനനാണെന്നു അവൎക്കു മനസ്സിലായുള്ളൂ. അപ്പോൾ അവിടെ ഉണ്ടായ സന്തോഷസംരംഭം അവൎണ്ണനീയംതന്നെ. സഹോദരന്മാർ പാൎത്ഥനെ മുറുകെ കെട്ടിപ്പുണൎന്നു സന്തോഷബാഷ്പധാരകൊണ്ടു അഭിഷേകം ചെയ്തു.

ഇവിടെനിന്നു പാണ്ഡവന്മാർ അഞ്ചുപേരും കൃഷ്ണയും വീണ്ടും ദക്ഷിണവനഭാഗങ്ങളിലേക്കു തിരിച്ചു. ഒരു ദിവസം ഭീമൻ നായാട്ടിന്നു പോയിട്ടു മടങ്ങിവന്നില്ല. വൈകുന്നേരമായിട്ടും കാണാഞ്ഞയാൽ ധൎമ്മപുത്രർ അന്വേഷിച്ചു പുറപ്പെട്ടു. പോയവഴി നോക്കി ഒരു ഗുഹാമുഖത്തു ചെന്നെത്തി. ഗുഹ വളരെ ഭയങ്കരമായിരുന്നതിനാൽ യുധിഷ്ഠിരൻ അല്പമൊന്നു നടുങ്ങി പുറത്തു നിന്നുകൊണ്ടു ഭീമനെ വിളിച്ചു. വൃക്ഷങ്ങളാൽ നിബിഡമായ കുന്നുകളിൽ തട്ടി പ്രതിദ്ധ്വനിച്ച സ്വന്തം വാക്കുകൾ തന്നെയാണു മറുപടിയായിട്ടു കേട്ടത്. ധൎമ്മപുത്രർ വാളൂരിപ്പിടിച്ചുകൊണ്ടു ഗുഹാമദ്ധ്യത്തിലേക്കു കടന്നു. ഭീമൻ ഒരു വലിയ പെരുമ്പാമ്പു

ചുററി മറിഞ്ഞു കിടക്കുകയായിരുന്നു. നഹുഷൻ എന്നൊരു രാജാവായിരുന്നു ഈ പെരിമ്പാമ്പു. താപസന്മാരെക്കൊണ്ടു പല്ലക്കെടുപ്പിച്ചു ഒരു ദിവസം ദേവലോകത്തേക്കു പോകുമ്പോൾ അംഗുഷ്ഠമാത്രനായ അഗസ്ത്യർ നടക്കാഞ്ഞയാൽ നഹുഷമഹാരാജാവു തലയിൽ ചവുട്ടി. നിറുകയിൽ ചവുട്ടിയതുകൊണ്ടു കോപിച്ചു വലിയ പെരുമ്പാമ്പായി വനത്തിൽ കിടക്കുകയെന്നു മഹർഷി ശപിച്ചു. ഭയവിഹ്വലനായ നഹുഷൻ കാല്ക്കൽ വീണപേക്ഷിക്കുകയാൽ ആഗസ്ത്യർ ശാപമോക്ഷം നല്കി. ചോദിക്കുന്നതിനൊക്കെ ഉത്തരംപറവാൻ ശക്തിയുള്ള മഹാവീരനെ എന്നു കണ്ടുമുട്ടുന്നുവോ അന്നേ ശാപത്തിൽനിന്നും വിമുക്തനാവുകയുള്ളൂ എന്നായിരുന്നു ശാപമോക്ഷം.

യുധിഷ്ഠിരനും പെരുമ്പാമ്പുമായി ധർമ്മാധർമ്മങ്ങളെപ്പററി അതിതീക്ഷ്ണമായ സംവാദം നടന്നു. എല്ലാ ചോദ്യത്തിന്നും ധർമ്മജൻ മറുപടി പറഞ്ഞു കഴിഞ്ഞപ്പോൾ പെരുമ്പാമ്പിന്റെ വേഷം മാറി നഹുഷമഹാരാജാവ് സ്വന്ത രൂപത്തെ പ്രാപിച്ചു. യുധിഷ്ഠിരനും ഭീമനും കണ്ടുനില്ക്കെ നഹുഷൻ മേല്പോട്ടുയന്നു നഭോമണ്ഡലത്തിൽ ജാജ്വല്യമാനനായി സ്ഥിതിചെയ്തു ക്രമേണ കണ്മാൻ വയ്യാതെ അത്ഭുതകരമാംവണ്ണം മറഞ്ഞുകളഞ്ഞു.

"സത്തുക്കൾക്കാപത്തുവന്നാൽനികത്തുവാൻ
സത്തുക്കൾതന്നേസമത്ഥരാകുംദൃഢം."

നാടുവിട്ടു കാട്ടിലലയുന്ന പാണ്ഡവന്മാരെ ഏതുവിധവും രക്ഷിക്കേണമെന്നുദ്ദേശിച്ചു വ്യാസമഹർഷി ഓരോ ദുർഘടഘട്ടത്തിലും പ്രത്യക്ഷനായി പോംവഴി ഉപദേശിച്ചുകൊടുക്കുന്നു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അക്ഷരംപ്രതി കുന്തീപുത്രന്മാർ അനുഷ്ഠിക്കുകയും ചെയ്യുന്നുണ്ടു. ഉത്തമപാഠം ഉപദേശിക്കുന്ന ഗുരുഭൂതന്മാരും സച്ചിദാനന്ദമൂർത്തിയായ ശ്രീകൃഷ്ണസ്വാമിയും പാണ്ഡവന്മാരെ തുണയ്ക്കുവാൻ സന്നദ്ധരാണു. ശകുനി, കർണ്ണൻ, മുതലായ കർണ്ണേജപന്മാർ ദുര്യോധന മഹാരാജാവിനു ജീവനേക്കൂടി ഉപേക്ഷിച്ചു സഹായിപ്പാൻ നിഴലെന്നോണം പുറകെ കൂടിയിട്ടുമുണ്ടു. ഇരുകൂട്ടരുടേയും വരുംഫലം കണ്ടറിയേണ്ടതുതന്നെയാണു.

# എട്ടാം അദ്ധ്യായം.

വനവാസകാലം ഒരുമാതിരി അവസാനിക്കാറായി. പന്ത്രണ്ടു കൊല്ലം ഒരു വിധം കലാശിച്ചു. ഇതിനിടയിൽ പാണ്ഡവന്മാർ പലേ വീരകൃത്യങ്ങളും നടത്തിയിട്ടുണ്ടു. പന്ത്രണ്ടാമത്തെ കൊല്ലം അവസാനിക്കാറായപ്പോൾ അജ്ഞാതവാസസംവത്സരം എവിടെയാണു കഴിച്ചുകൂട്ടേണ്ടതെന്നു ആലോചന തുടങ്ങി. ഏതു നഗരത്തിലാണു വസിക്കേണ്ടതെന്നു അഞ്ചുപേരുംകൂടി വിചിന്തനം ചെയ്തു. ദുര്യോധനന്റെ ചാരന്മാർ അറിയാതെ വേണമല്ലൊ അജ്ഞാതവാസകാലം കഴിച്ചുകൂട്ടുവാൻ. പാണ്ഡവന്മാരെ അജ്ഞാതവാസകാലത്തു കണ്ടുപിടിച്ചു വീണ്ടും പന്ത്രണ്ടു കൊല്ലം കാട്ടിൽ പാർപ്പിക്കുന്നതിന്നു ദുര്യോധനൻ വളരെ ശ്രമിക്കുന്നുണ്ടായിരുന്നു. ഓരൊ നഗരങ്ങളുടെ സ്ഥിതിയും ഗുണദോഷവും ചിന്തിച്ചതിനുശേഷം ഒടുവിൽ മത്സ്യരാജ്യാധിപനായ വിരാടന്റെ പുരിയിൽ താമസിക്കാമെന്നുറച്ചു.

കാനനവാസകാലം മുഴുവനും ധർമ്മപുത്രർ ദ്യൂതകളി പരിചയിക്കയായിരുന്നു. സ്വരാജ്യത്തു ചെല്ലുമ്പോൾ വീണ്ടും ശകുനി ദ്യൂതിന്നു ക്ഷണിച്ചു തോല്പിച്ചെങ്കിലോ എന്നു ഭയന്നിട്ടാണ് ഈ വിഷയത്തിൽ ഇത്രത്തോളം മനസ്സിരുത്തിയതു. പന്ത്രണ്ടു സംവത്സരംകൊണ്ടു യുധിഷ്ഠിരൻ ശകുനിയെപ്പോലും ജയിക്കത്തക്ക കളിക്കാരനായിത്തീർന്നു.

പാണ്ഡുപുത്രന്മാർ ആയുധമൊക്കെ ശമീകോടരത്തിൽ വെച്ചു വേഷവും നാമവും മാറി പാഞ്ചാലിയോടുകൂടി വിരാടനഗരത്തിലെത്തി. യുധിഷ്ഠിരൻ കങ്കൻ എന്നു പേരുള്ള ഒരു സന്ന്യാസിയായി. ഭീമൻ വലലൻ എന്ന നാമം ധരിച്ചു രാജാവിന്റെ മഹാനസത്തിൽ ചെന്നുചേർന്നു. ബൃഹന്നളാകൃതിയായ അർജ്ജുനൻ രാജകന്യകയെ നൃത്തഗീതാദികൾ അഭ്യസിപ്പിക്കുന്നതിന്നു അന്തഃപുരത്തിൽ ചെന്നു കൂടി. അശ്വിനീപുത്രരിൽ മുമ്പനായ് നകുലൻ അശ്വങ്ങളെ പരിപാലിക്കുന്നതിന്നു നിയോഗിക്കപ്പെട്ടു. സഹദേവൻ പശുപാലവൃത്തിയെ അവലംബിച്ചു. പാഞ്ചാലി

യാവട്ടെ, രാജ്ഞിയായ സുദേഷ്ണയുടെ സൈരന്ധ്രിയായിട്ടും ചമഞ്ഞു. ഇങ്ങിനെ പാണ്ഡവന്മാരും പാഞ്ചാലിയും വിരാടരാജധാനിയിൽ ചെന്നു പ്രവേശിച്ചു.

വിരാടനു ഇവരിൽ ദിനംപ്രതി ബഹുമാനവും പ്രീതിയും വൎദ്ധിച്ചുവന്നു. അക്ഷക്രീഡയിൽ സമൎത്ഥനായ കങ്കൻ ആ വിഷയത്തിൽ രാജാവിനെ സന്തോഷിപ്പിച്ചു. രാജ്യതന്ത്രകാൎയ്യങ്ങളിലും കങ്കൻ വിരാടന്റെ സ്നേഹാദരങ്ങൾക്കു പാത്രീഭവിക്കാതെയിരുന്നില്ല. വലലന്റെ പാചകവൃത്തി രാജാവിനെ ആനന്ദഭരിതനാക്കിത്തീൎത്തു. നൃത്തഗീതങ്ങളിൽ വൈദഗ്ദ്ധ്യമുള്ള ബൃഹന്നള രാജാവിന്റെ തൃക്കയ്യിൽനിന്നു പലപ്പോഴും സമ്മാനം വാങ്ങിയ്ക്കുമൂണ്ടായിരുന്നു. നകുലന്റെ മേലധികാരത്തിലും പരിപാലനത്തിലും വൎത്തിച്ചിരുന്ന അശ്വങ്ങൾ വായുവേഗമുള്ളവയായിത്തീൎന്നു. പശുക്കളുടെ സംഖ്യ നാൾതോറും വൎദ്ധിപ്പിച്ചുവന്ന സഹദേവന്റെ നേരെ രാജാവിനു പ്രത്യേകവാത്സല്യം തോന്നി. രാജ്ഞിയായ സുദേഷ്ണയ്ക്കു സൈരന്ധ്രിയെ വളരെ കാൎയ്യമായിരുന്നു.

പാണ്ഡവന്മാർ വേഷച്ഛന്നന്മാരായി വിരാടപുരിയിൽ വിജയപൂൎവ്വം വസിച്ചു പത്തുമാസമായപ്പോൾ അവരുടെ ശൌൎയ്യവീൎയ്യപ്രകാശനത്തിനു ചില മാൎഗ്ഗങ്ങൾ കാണപ്പെട്ടു. വിദേശങ്ങളിൽ യുദ്ധത്തിനു പോയിരുന്ന കീചകൻ തിരിച്ചെത്തി. സുദേഷ്ണയുടെ സോദരനായ ഈ മനുഷ്യൻ അതിഘോരനും ധീരനുമായ ഒരു പടയാളിയായിരുന്നു. പ്രജകൾ എന്നല്ല രാജാവുകൂടി ഇയ്യാളുടെ രാക്ഷസീയസ്വഭാവത്തേയും ക്രൂരപ്രവൃത്തിയേയും ഭയപ്പെട്ടാണു വസിച്ചിരുന്നത്. വിശേഷിച്ച് സ്ത്രീജനങ്ങൾ ഇയ്യാളെ കണ്ടാൽ പേടിച്ചോടി ഒളിക്കുകയായിരുന്നു പതിവ്.

കീചകൻ വന്നയുടനെ രാജാവിനെകണ്ടു വന്ദിച്ച് സുദേഷ്ണയുടെ മാളികയിലേയ്ക്കു ചെന്നു സഹോദരിയുമായി വൎത്തമാനം പറഞ്ഞുകൊണ്ടിരിയ്ക്കെ, അയാളുടെ നേത്രങ്ങൾ അടുത്തുനിന്നിരുന്ന സൈരന്ധ്രിയുടെ മേൽ പതിഞ്ഞു. ആ യുവതീരത്നത്തിന്റെ അംഗലാവണ്യം അയാളുടെ ഹൃദയത്തിൽ ചില പൈശാചികവ്യാമോഹങ്ങളെ അങ്കുരിപ്പിച്ചു. സൈരന്ധ്രിയെ തന്റെ മന്ദിരത്തി

ലേക്കയക്കണമെന്നു കീചകൻ സുദേഷ്ണയോടു നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടു. സോദരനെ വലിയ കാര്യമായിരുന്നതിനാൽ രാജ്ഞിയ്ക്കു വിരോധം പറവാൻ മനസ്സുവന്നില്ല. തീരെ മനസ്സുകേടോടുകൂടിയാണെങ്കിലും കീചകനു ഭക്ഷണംകൊണ്ടുപോയിക്കൊടുക്കുവാൻ സൈരന്ധ്രിയെ സുദേഷ്ണ നിയോഗിച്ചു. മൌനാനുവാദത്തോടുകൂടി രാജ്ഞി കല്പനയെ നിറവേററുവാൻ പുറപ്പെട്ടു. സൈരന്ധ്രി ഭക്ഷണപദാർത്ഥങ്ങളുമായി ചെല്ലുമ്പോൾ ദൂരത്തുവെച്ചുതന്നെ അവളുടെ വരവു കണ്ട കീചകൻ മദനപരവശനായി അടുക്കലേയ്ക്കു പാഞ്ഞടുത്തു. പാത്രവും താഴെയിട്ടു സൈരന്ധ്രി തിരിച്ചോടി. പുരുഷൻ സ്ത്രീയേക്കാൾ ശരീരബലമുള്ളവനായിരിക്കുമല്ലോ. കീചകൻ പിടികൂടി. സൈരന്ധ്രി നിലവിളിച്ചു. ഒടുക്കം കോപിഷ്ഠനായ കീചകൻ സാധുസ്ത്രീയുടെ മുഖത്തു കൈചുരുട്ടി ഇടിച്ചു. ഇടികൊണ്ടു മുഖം പൊട്ടി. രക്തധാരയൊലിപ്പിച്ചുകൊണ്ടു സൈരന്ധ്രി വിരാടരാജാവിന്റെ മുമ്പാകെ വീരസങ്കടം ബോധിപ്പിച്ചു. രാജാവു കീചകനെ ഭയന്നു ഒന്നും പറയാതെയിരിക്കയാണു ചെയ്തതു.

രാജസദസ്സിലുണ്ടായിരുന്നവർ തന്റെ നേരെ നോക്കി ഹാസ്യമായിട്ടു ചിരിയ്ക്കുന്നതു കണ്ടു രോഷലജ്ജാകുലയായി യാതൊന്നും മിണ്ടാതെ നിർഗ്ഗമിച്ച ദ്രൌപദി കൊട്ടാരം മുഴുവനും അന്വേഷിച്ചു നടന്നു് ഒരു വിധത്തിൽ ശയ്യാഗൃഹത്തിൽ കിടന്നുറങ്ങുന്ന ഭീമസേനനെ കണ്ടുപിടിച്ചു. പാഞ്ചാലി അദ്ദേഹത്തെ ഉണർത്തി സംഭവമറിയിച്ചപ്പോൾ മഹാസത്വനായ അദ്ദേഹത്തിന്റെ ഹൃദയം കോപാവേശംകൊണ്ടു കലങ്ങിമറിഞ്ഞു. 'ഭയപ്പെടേണ്ട. ആ കണ്ടകാഗ്രേസരന്റെ കണ്ഠരക്തം ഞാൻ ഭൂമിക്കു അഭിഷേകമാക്കിത്തീർക്കുന്നുണ്ടു. നാളെ രാത്രി നിഗൂഢമായിട്ടു തമ്മിൽ കാണാമെന്നു നീ അവനോടു പറയുക. ഇവിടെ ആൾസഞ്ചാരം ചുരുക്കമായതുകൊണ്ടു സങ്കേതസ്ഥലം ഇതുതന്നെയാകട്ടെ. നിനക്കുപകരം ഞാൻ ഇവിടെ ശയിക്കുന്നതാണു. അവൻ ജീവനോടെ എന്റെ ആലിംഗനത്തിൽനിന്നു രക്ഷപ്പെടുകയില്ല'. എന്നുള്ള ഭീമവാക്യം ദ്രൌപദിക്കു വളരെ ആശ്വാസമുണ്ടാക്കി.

പിറേറദിവസം കാലത്തെ കീചകൻ പാഞ്ചാലിയുടെ അടുക്കൽവന്നു. അധോമുഖിയായി നില്ക്കുന്ന തരുണീമണിയുടെ അനുഭവചേഷ്ടകഠം കീചകനെ അപഹൃതചിത്തവൃത്തിയാക്കിത്തീൎത്തു. ദേഷം തീൎന്നു രാഗം ജനിച്ചുവെന്നു വിശ്വസിച്ച് കീചകൻ തലേദിവസത്തെ അപരാധത്തിനു മാപ്പു ചോദിക്കയാണു ആദ്യമായിട്ടു ചെയ്തതു. പാഞ്ചാലി ഭ്രൂവിക്ഷേപകടാക്ഷങ്ങഠംകൊണ്ടു അവൻെറ ഹൃദയത്തെ സവിശേഷം കരസ്ഥമാക്കി. കാമിനീകടാക്ഷപാശത്തിൽ പെട്ട കീചകൻ അഭിലാഷനിവൃത്തിയ്ക്കു വേണ്ടി യാചിച്ചുതുടങ്ങിയപ്പോഠം പാഞ്ചാലി രഹസ്യമായിട്ടിങ്ങിനെ പറഞ്ഞു.—'കാൎയ്യം വളരെ ഗോപ്യമായിരിക്കണം. ഇന്നു രാത്രി രാജമന്ദിരത്തിൻെറ അങ്ങേ അററത്തുള്ള നൃത്തശാലയിൽ വെച്ചു തമ്മിൽകാണാം.' കീചകനു ഇതിലധികം കൃതാൎത്ഥത ഉണ്ടാകേണ്ടതില്ലല്ലോ.

രാത്രിയായപ്പോഠം ഭീമസേനൻ നൃത്തശാലയിൽ ചെന്നു ഒരററത്തു വസ്ത്രം വിരിച്ചു കിടപ്പായി. എല്ലാവരും ഉറങ്ങിയെന്നു കണ്ട് അക്ഷമനായ കീചകൻ സങ്കേതസ്ഥലത്തെത്തി. ഇരുട്ടായിരുന്നതിനാൽ ആളെ തിരിച്ചറിഞ്ഞുകൂടായിരുന്നു. വെളുത്തവസ്ത്രം ധരിച്ചു ആരൊ അവിടെ ശയിക്കുന്നതായിട്ടു അയാഠംക്കു തോന്നി. "പ്രാണപ്രിയെ എന്നെക്കാത്തു വിഷമിക്കയാണെന്നുണ്ടോ?" എന്നു സ്വരമടക്കിപ്പറഞ്ഞുകൊണ്ടു കീചകൻ അടുത്തു. ഭീമഗാത്രനായ ഭീമസേനൻെറ മുസലതുല്യമായ കരങ്ങഠംകൊണ്ടുള്ള ആലിംഗനമേററ് കീചകൻെറ അസ്ഥികൂടം ഞെരിഞ്ഞു തകൎന്നുപോയെന്നു പറഞ്ഞാൽ തീൎന്നല്ലോ. കഴുത്തിൽ പിടിച്ചു ഞെക്കി ശ്വാസം മുട്ടിച്ചു വൈരിയെ പാണ്ഡുപുത്രൻ യമപുരിയിലേയ്ക്കു യാത്രയാക്കി.

വിരാടരാജ്യത്തെ സ്ത്രീജനങ്ങഠംക്കു ഇതിലധികം സന്തോഷകരമായ വൎത്തമാനം ഇനി കേഠംക്കേണ്ടതായിട്ടില്ല. പാതിവ്രത്യദുൎഗ്ഗത്തെ അന്യായമായി ഭേദനംചെയ്തു സാധുക്കളായ യുവതികളുടെ മാനസാന്തരങ്ങളെ നിൎദ്ദയമായി മൎദ്ദിച്ചു സ്വകീയമായ പൈശാചിക വ്യാപാരങ്ങളുടെ ജയസ്തംഭത്തെ സ്ഥിരപ്രതിഷ്ഠക

ഴിച്ചു ജീവിച്ചിരുന്ന നീചനായ കീചകന്റെ മരണം സകലൎക്കും ഒരുപോലെ സന്തോഷജനകമായിട്ടല്ലേ ഭവിക്കുവാൻ തരമുള്ളു.

## ഒമ്പതാം അദ്ധ്യായം.

നേരം പ്രകാശമായപ്പോഴെക്കും കീചകന്റെ മരണവൃത്താന്തം വിരാടനഗരത്തിലെങ്ങും പരന്നു കഴിഞ്ഞു. അയാളുടെ പുത്രന്മാർ നൂററിഅഞ്ചുപേരും വ്യസനാകുലന്മാരായി രാജധാനിയിലെത്തി. മരണത്തിനു ഹേതു സൈരന്ധ്രിതന്നെയെന്നു പറയുന്നവരേ അധികമുള്ളു. കീചകപുത്രന്മാർ സൈരന്ധ്രിയെ പിടിച്ചു ശവത്തിന്മേൽ ബന്ധിച്ചു. മൃതിക്കു കാരണമായതു ഈ സ്ത്രീയാകയാൽ അവളും ശവത്തോടൊപ്പം തിയ്യിൽ ദഹിക്കണമെന്നായിരുന്നു അവരുടെ നിശ്ചയം. സൈരന്ധ്രി ഇതുപോലെ ദാരുണമായ മരണമനുഭവിക്കുന്നതിൽ സാധുവായ വിരാടരാജാവു പക്ഷമുള്ളവനായിരുന്നില്ല. എന്നാൽ, മൃതനായ കീചകന്റെ ബന്ധുക്കൾ വളരെ ശക്തിമാന്മാരായിരുന്നതിനാൽ തടുത്തുപറവാൻ അദ്ദേഹം അപ്രാപ്തനായിത്തീൎന്നു.

ഭീമസേനൻ വൎത്തമാനങ്ങൾ ഒക്കെ പുറമേനിന്നു ഗ്രഹിച്ചു. അദ്ദേഹം വേഗം സ്ഥലംവിട്ടു, ഒരു ഊടുവഴിയിൽക്കൂടി ശ്മശാനഭൂമിയിലേക്കു പാഞ്ഞെത്തി, അവിടെ നിന്നിരുന്ന ഒരു വലിയ വൃക്ഷത്തിന്മേൽനിന്നു ഒരു തടിച്ച കൊമ്പൊടിച്ചെടുത്തു ഇലയും ചുള്ളിയും മാററി ഒരു നല്ല ഗദയുണ്ടാക്കി, മൃതശരീരം വരുന്നതുവരെ ആ വൃക്ഷത്തിന്റെ പിന്നിൽ മറഞ്ഞുനിന്നു. വളരെ അക്ഷമനായിട്ടാണു കാത്തുനിന്നതു. കുറെ കഴിഞ്ഞപ്പോൾ ദൂരെനിന്നും പെരുത്ത പുരുഷാരം വരുന്നതു കണ്ടു ശ്മശാനഭൂമിയിൽ എത്താറായപ്പോൾ വൃക്ഷത്തിന്റെ പിന്നിൽനിന്നു ഭീമൻ അതിഗംഭീരമായ നാദം പുറപ്പെടുവിച്ചു മുന്നോട്ടു ചാടിയെത്തി. ആകസ്മികമായ ഈ സംഭവംകണ്ടു്, നിരായുധന്മാരായിരുന്ന കീചകബന്ധുക്കൾ ഭയന്നു നടുങ്ങി വന്നവഴിയേപലായനം ചെയ്തു. കയ്യി

ൽ കിട്ടിയവരെ ഒക്കെ ഭീമസേനൻ മരത്തടികൊണ്ടടിച്ചു ചതച്ചുകളഞ്ഞു. ശ്മശാനസ്ഥലത്തു ഭീമനും പാഞ്ചാലിയും മാത്രം ശേഷിച്ചു. ക്ഷത്രിയകുലോചിതമായ ധൈൎയ്യത്തെ പ്രകാശിപ്പിച്ചു വീൎയ്യവതിയായിരിക്കുന്ന ദ്രൌപദിയെ ബന്ധനത്തിൽനിന്നും വിമുക്തയാക്കി രാജവീഥിയിൽകൂടി മടങ്ങി പൊയ്ക്കൊൾവാൻ പറഞ്ഞു ഭീമൻ ഏകാന്തമാൎഗ്ഗമായിട്ടുതന്നെ കൊട്ടാരത്തിലേയ്ക്കു തിരിയ്ക്കുകയും ചെയ്തു.

വിരാടനഗരം ബഹളമയമായി. മാരുതിയുടെ ഗദാഘട്ടനങ്ങളിൽനിന്നു രക്ഷ പ്രാപിച്ച ചുരുക്കം ചില ഭടന്മാർ, 'ഞങ്ങൾ ദൈവഹതന്മാർ; സൈരന്ധ്രിയുടെ ഭൎത്താവായ ഗന്ധൎവ്വൻ ചുടുകാട്ടിൽവെച്ചു ഞങ്ങളെ പിടികൂടി മിക്കവരേയും അടിച്ചുതകൎത്തുകളഞ്ഞു.' എന്നിങ്ങിനെ പ്രരോദിച്ചുകൊണ്ടു നഗരവീഥികളിൽകൂടി പാഞ്ഞു. ഇവർ ഇങ്ങിനെ നിലവിളികൂട്ടി ഓടിക്കൊണ്ടിരിക്കെ, പാഞ്ചാലി വിരാടരാജധാനിയിൽ എത്തി. അവളെക്കണ്ടവരൊക്കെ ഗന്ധൎവ്വൻ വന്നു തങ്ങളേയും സംഹരിയ്ക്കുമെന്നു കരുതി ഓടി ഒളിച്ചുകളഞ്ഞു. രാജപത്നിയായ സുദേഷ്ണ സൈരന്ധ്രിയെ വരുത്തി, 'എവിടെയെങ്കിലും പൊയ്ക്കൊൾക; ഇനി ഇവിടെ താമസിയ്ക്കേണ്ട; രാജാവു നിന്റെ, ഭൎത്താവിന്റെയും കീചകബന്ധുക്കളുടേയും കോപത്തെ ഒരുപോലെ ഭയപ്പെടുന്നുണ്ടു;' എന്നു ആജ്ഞാപിച്ചു. 'അങ്ങിനെയാവട്ടെ, അവിടന്നു കല്പിക്കുന്നതു അനുസരിയ്ക്കാതെ നിവൃത്തിയില്ലല്ലോ; എന്നാൽ എനിയ്ക്കു ഒരപേക്ഷയുണ്ടു; പതിമൂന്നു ദിവസംകൂടി ഈ നഗരത്തിൽ താമസിയ്ക്കുവാൻ എന്നെ അനുവദിക്കണം;' എന്നു ദ്രൌപദി വിനയപൂൎവ്വം യാചിച്ചുപറഞ്ഞു. പതിമൂന്നു ദിവസംകൂടി മാത്രമേ അജ്ഞാതവാസം അനുഷ്ഠിക്കേണ്ടിയിരുന്നുള്ളു. അപ്പോഴയ്ക്കും ഒരു സംവത്സരം തികയും, അതുകൊണ്ടാണു ഇപ്രകാരം അപേക്ഷിച്ചത്. രാജ്ഞി അനുവദിയ്ക്കുകയും ചെയ്തു.

കീചകന്റെ മരണവൃത്തം അയൽരാജ്യങ്ങളിൽ എത്തിയപ്പോൾ അവിടങ്ങളിലെ രാജാക്കന്മാൎക്കു ഇതിലധികം സന്തോഷം ഇനി ഉണ്ടാവാനില്ല. അവന്റെ ഭുജബലാഗ്നിയുടെ ഊഷ്മാവ് വിരാടരാജ്യത്തെ ആക്രമിപ്പാനടുക്കുന്ന ശത്രുമന്നവന്മാരു

ടെ കാലം കരുത്തിനെ അത്ര തീവ്രമായിട്ടാണു വാട്ടിക്കൊണ്ടിരുന്നതു.

ഈ അവസരത്തിൽ ത്രിഗത്തന്മാരുടെ രാജാവായ സുശമ്മാവ് കീചകൻ മരിച്ച വിവരം സഖാവായ ദുയ്യോധനനെ അറിയിക്കുവാൻ ദൂതന്മാരെ അയച്ചു. ഇനി മത്സ്യരാജ്യം നിഷ്പ്രയാസം പിടിച്ചടക്കാമെന്നും താൻ അതിലേക്കു വേണ്ടസഹായം ചെയ്യാൻ ഒരുക്കമാകയാൽ സൈന്യങ്ങളെ അയച്ചുതന്നാൽ മതിയെന്നുമായിരുന്നു ത്രിഗത്തന്റെ സന്ദേശം. ഈ വത്തമാനം ഹസ്തിനപുരത്തിൽ ചില സംശയങ്ങൾക്കിടയാക്കിത്തീത്തു.

"ചത്തതുകീചകനെങ്കിലോമാരുത
പുത്രനത്രേകുലചെയ്തതുനിണ്ണയം."

എന്നായിരുന്നു ഭീഷ്മരുടെ അഭിപ്രായം.

ഇതു കേട്ടപ്പോൾ ശകുനിക്കുട്ടക്കു പാണ്ഡവന്മാരെ തിരഞ്ഞുപിടിക്കേണമെന്നായി. കണ്ടുകിട്ടിയാൽ വീണ്ടും പന്ത്രണ്ടു വഷം വനവാസത്തിന്നും ഒരു സംവത്സരം അജ്ഞാതവാസത്തിന്നും അയയ്ക്കാമല്ലോ. ദുയ്യോധനൻ ഇക്കായ്യത്തിലേക്കു ബദ്ധകങ്കണനായിത്തീന്നു. ദുർബലന്മാരെ ചവുട്ടിതാഴ്ത്തുവാനും നിസ്സഹായികളെ കൊള്ളയിട്ടു മുതൽ അപഹരിക്കുന്നതിനും ദുയ്യോധനനുള്ള വാസന നിസ്സീമമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. പാണ്ഡവന്മാർ മത്സ്യരാജ്യത്തുണ്ടെന്നു കേട്ടപ്പോൾ അയാളുടെ ഊക്കം ഉന്മേഷവും ശതഗുണീഭവിച്ചു. വിരാടരാജാവിന്റെ ഗോക്കളെ അപഹരിക്കുവാനാണു ദുയ്യോധനൻ സുശമ്മാവിനെ ഉപദേശിച്ചത്. പശുക്കളെ വീണ്ടെടുക്കുവാൻ മത്സ്യരാജഭടന്മാർ വരുമ്പോൾ നേരിട്ടെതിത്തു അവരെയൊക്കെ തകത്തു രാജ്യം കൈവശമാക്കാമെന്നായിരുന്നു ദുഷ്ടാഗ്രേസരനായ ദുയ്യോധനന്റെ നിശ്ചയം.

തമ്മിൽ പറഞ്ഞൊത്തവണ്ണം പോരിനു വിളിക്കാതെ ത്രിഗത്തൻ സേനകളോടുകൂടി വിരാടനഗരത്തിൽ ചെന്നു ഗോക്കളെ അപഹരിച്ചുകൊണ്ടു പോന്നു. ചിലവയെകൊന്നു മററു ചിലവയെ ഓടിച്ചു ത്രിഗത്തരാജ്യസീമയുടെ ഉള്ളിലുണ്ടായിരുന്ന മൈ

താനങ്ങളിലേയ്ക്കു കടത്തി. പശുപാലന്മാരെ മിക്കവരേയും അടിച്ചു ഞെരിച്ചു. രക്ഷപെട്ടോടിയൊളിച്ചതായ ഏതാനും ചിലർ രാജധാനിയുടെ പുരോഭാഗത്തു ചെന്നു പശുക്കളെ മോഷ്ടിച്ചുകൊണ്ടുപോയ വിവരം വിരാടനെ അറിയിച്ചു. വിരാടരാജാവു കോപാകുലനായി. ഉടനെ കവചഖഡ്ഗധാരികളായി ശത്രുവിനെ പിൻതുടരുവാൻ വിരാടൻ സൈന്യങ്ങൾക്കു കല്പന കൊടുത്തു. താനും യുദ്ധത്തിനു പുറപ്പെട്ടു. കൂട്ടത്തിൽ വേഷധരന്മാരായ യുധിഷ്ഠിരനും, ഭീമനും, നകുലനും, സഹദേവനും ഉണ്ടായിരുന്നു. ഭയപ്പെട്ടോടുന്ന സുശർമ്മാവിനേയും സൈന്യങ്ങളേയും അധികം താമസിയാതെ കണ്ടെത്തി. ശത്രുസൈന്യം പെട്ടെന്നു തിരിഞ്ഞു വിരാടസേനയോടെതിർത്തു. സാധുവായ വിരാടൻെറ പടകൾ മുന്നോട്ടു പാഞ്ഞുകൊണ്ടിരുന്ന തിരക്കിൽ അങ്ങുമിങ്ങും ചിതറി ശിഥിലമായിപ്പോയി! ത്രിഗർത്തൻ വിരാടനെ കടന്നു പിടിച്ചു തടവുകാരനാക്കി.

യുദ്ധസ്ഥിതി ഇങ്ങിനെയിരിക്കെ, ഭീമൻ, 'നമ്മുടെ അജ്ഞാതവാസകാലം കഴിഞ്ഞിരിക്കുന്നു. പാണ്ഡവന്മാരുടെ വിലയും നിലയും ഗോഹാരികളെ അല്പമൊന്നറിയിക്കുക," എന്നു സഹോദരന്മാരോടു പറഞ്ഞു. യുധിഷ്ഠിരൻെറ കല്പനപ്രകാരം ഭീമൻ വില്ലു കുടിച്ചു പാഞ്ഞടുത്തു. അദ്ദേഹത്തിൻെറ ഗദാപ്രഹരമേററ് ത്രിഗർത്തൻ കടഞ്ഞെരിഞ്ഞ മരംപോലെ താഴെ പതിച്ചു. നകുലസഹദേവന്മാരുടെ വെട്ടുകൊണ്ടു ശത്രുഭടന്മാർ ഓരോരുത്തരും അരുവാൾകൊണ്ടറുത്തിട്ട നെൽക്കററപ്പോലെ മറിഞ്ഞു. ഉടനേ ത്രിഗർത്തനെ പിടിച്ചു അവൻെറ തേരിൽത്തന്നെ കെട്ടിയിട്ടു തടവുകാരനായി വിരാടപുരത്തിലേയ്ക്കയച്ചു ജയഭേരി മുഴക്കി പാണ്ഡുപുത്രന്മാരും മത്സ്യരാജാവും സ്വസ്ഥാനം പ്രാപിച്ചു.

വിരാടരാജാവ് സുശർമ്മാവിനെ പിന്തുടരുവാൻ പുറപ്പെട്ട തരംനോക്കി ദുര്യോധനനും പടകളും നഗരത്തിൻെറ മറുഭാഗത്തുകൂടി അകത്തുകടന്നു. കോട്ടകൾ തകർത്തു രാജ്യം പിടിച്ചടക്കാമെന്നായിരുന്നു അയാൾ കരുതിയിരുന്നതു. നഗരകവാടങ്ങളുടെ സമീപത്തു കൌരവസൈന്യങ്ങളെ കണ്ട മാത്രയിൽ, ദുര്യോ

പാലന്മാർ ഭയന്നു പാഞ്ഞു രാജകുമാരനായ ഉത്തരന്റെ സന്നിധിയിൽ വിവരമുണർത്തിച്ചു. രാജ്യഭാരം ഉത്തരനെ ഏല്പിച്ചിട്ടാണു വിരാടരാജാവു ഗോക്കളെ വീണ്ടെടുക്കുവാൻ പോയിരുന്നതു. ഉത്തരൻ യുദ്ധശാസ്ത്രത്തിൽ അപരിചിതനായിരുന്നതിനാൽ അദ്ദേഹത്തിനു പരിഭ്രമമായി. ഭയഭാവം മറച്ചുവച്ചു പൌരുഷം നടിച്ചു പശുപാലന്മാരെ തല്ക്കാലം ആശ്വസിപ്പിക്കുവാനുള്ള നയം പ്രദർശിപ്പിക്കണമെന്നു ഉത്തരനു തോന്നി. ഒരു നല്ല സാരഥിയുണ്ടായിരുന്നെങ്കിൽ ഇന്ദ്രപുത്രനായ അർജ്ജുനനെക്കൂടി താൻ പരാജിതനാക്കിത്തീർക്കുമായിരുന്നുവെന്നു ഉത്തരൻ ക്രൂദ്ധനായിട്ടു പറഞ്ഞു. ഈ വാക്യം കേട്ടുനിന്നിരുന്ന സൈരന്ധ്രി അടുത്തുചെന്നു, "സൂതനില്ലാത്ത കുറവുംകൊണ്ടു യുദ്ധത്തിനു പുറപ്പെടാതിരിക്കേണ്ട; ഗായകനായ ബൃഹന്നളയെ തേരാളിയാക്കുക; എത്ര വലിയ പടവന്നാലും അദ്ദേഹം നിർഭയം തേർതെളിച്ചുകൊള്ളും," എന്നുണർത്തിച്ചു.

ഉത്തരൻ ബൃഹന്നളയെ വരുത്തി അവിടെ ഉണ്ടായിരുന്ന ഭടന്മാരോടുകൂടി യുദ്ധത്തിനു പുറപ്പെട്ടു. ബൃഹന്നള സാരഥ്യം വഹിച്ചു. ഏററവും മെലിഞ്ഞ അശ്വങ്ങളെയാണ അദ്ദേഹം തേരിൽ ബന്ധിച്ചതു. തേർ വേഗത്തിൽ നടത്തി, അല്പസമയംകൊണ്ടു ശത്രുസൈന്യങ്ങളുടെ മുന്നിലെത്തിക്കഴിഞ്ഞു. വമ്പിച്ച ഭടസമൂഹം കണ്ടു ഉത്തരൻ ഭയന്നു. വൈരികളെ വെന്നുകൂടാത്തതിനാൽ വന്നവഴി രഥം തിരിച്ചോടിക്കുവാൻ ഭീരുവായ രാജകുമാരൻ ആവശ്യപ്പെട്ടു. അത്ര ഭയങ്കരമായിരുന്നു ശത്രുസൈന്യത്തിന്റെ നില. ഉത്തരൻ ജനിച്ചതിൽപ്പിന്നെ പോർക്കളം കണ്ടിട്ടില്ല. ഭീഷ്മർ, ദ്രോണർ, അശ്വത്ഥാമാവു മുതലായ മഹാ വീരന്മാരോടെതിർത്തു അവരെ തോല്പിക്കുക എന്ന കാര്യം അസാദ്ധ്യമായിട്ടാണ ബാലനായ അദ്ദേഹത്തിനു തോന്നിയതു. ഉത്തരൻ പേടിച്ചു വിറക്കുവാൻ തുടങ്ങി. സാരഥി രഥം നിർത്തുന്നില്ലെന്നു കണ്ടപ്പോൾ അദ്ദേഹം അതിൽനിന്നു ചാടി നിലത്തു വീണു. മഹാരഥനായ അർജ്ജുനൻ ഉത്തരനെ പിടിച്ചു കാലും കയ്യും കെട്ടി തേരിലിട്ടു. തേർ മടക്കിയോടിച്ചാൽ നാട്ടും നഗരവുമൊക്കെ സൌജന്യമായി നല്കുന്നുണ്ടെന്നു വിസ്രസ്തചിത്തനാ

യ രാജകുമാരൻ അർജ്ജുനനോടപേക്ഷിച്ചു പറഞ്ഞു. ഇതു കേട്ടു ചിരിച്ചു പാർത്ഥൻ സമീപത്തുണ്ടായിരുന്ന ശമീവൃക്ഷത്തിലേറി കോടരത്തിൽ സൂക്ഷിച്ചു വച്ചിരുന്ന ചാപബാണങ്ങൾ എടുത്തു കൊണ്ടുവന്നു. ഇതു കണ്ടപ്പോൾ ഉത്തരനു അല്പം സമാധാനമായി. ഇന്ദ്രദത്തമായ സുവർണ്ണകവചം അർജ്ജുനൻ എടുത്തണിഞ്ഞു. ഉത്തരൻ അത്ഭുതപരതന്ത്രനായി. ബൃഹന്നള ആരാണെന്നറിവാൻ അദ്ദേഹത്തിന്നു കലശലായ കൌതുകം ജനിച്ചു. ഇവിടെ വെച്ചാണു പാണ്ഡവന്മാരുടെ രഹസ്യങ്ങൾ അർജ്ജുനൻ ഉത്തരനെ ധരിപ്പിച്ചതു.

ഉത്തരൻ സാരഥിയായി. സ്വർണ്ണകവചധാരിയായ അർജ്ജുനൻ ഗാണ്ഡീവചാപം കുലയേററി രഥത്തിൽ സ്ഥിതിചെയ്തു. തേർ കുരുക്ഷേത്രത്തിലേക്കു ഓടിച്ചു. അർജ്ജുനൻ ദേവദത്തം എന്ന ശംഖം മുഴക്കി. തേർച്ചക്രങ്ങളുടെ ഒച്ചയും, അർജ്ജുനന്റെ സിംഹതുല്യമായ അലർച്ചയും, നാലുദിക്കും മുഴങ്ങുന്ന ശംഖധ്വനിയും, കേട്ടു ഉത്തരൻ ഭയപ്പെട്ടു അരയാലിലപോലെ വിറച്ചു.

“പാർത്ഥനീവണ്ണംനടന്നോരുനേരത്തു
ധാത്രികുലുങ്ങികലങ്ങീസമുദ്രങ്ങൾ.”

ഘോഷങ്ങൾ കേട്ടു നില്ക്കുന്ന ഭീഷ്മദ്രോണാദികളും, “പാർത്ഥന്റെ വരവാണിത്, നാം എല്ലാവരും തോല്ക്കും” എന്നു ഭോഷനായ ദുര്യോധനനോടു പറഞ്ഞു. ചെയ്തുപോയിരിക്കുന്ന സത്യത്തിന്നു വിപരീതമായി പതിമൂന്നുകൊല്ലം കഴിയുന്നതിന്നു മുമ്പേ പാണ്ഡവന്മാർ നാട്ടിൽ വരുന്നതായാൽ വീണ്ടും അവർ വനം പ്രവേശിക്കേണ്ടതായിട്ടു വരുമെന്നായിരുന്നു ദുര്യോധനന്റെ പല്ലു കടിച്ചുകൊണ്ടുള്ള മറുപടി. എന്നാൽ പതിമൂന്നു വത്സരത്തെ കാലാവധി കഴിഞ്ഞ വിവരം അയാൾ മനസ്സിലാക്കിയില്ല.

ഭീഷ്മർ വ്യൂഹം ചമച്ചുറപ്പിച്ചു. നിരന്നുനിന്ന സൈന്യഭാഗങ്ങളിൽനിന്നു സമുദ്രംപോലെ ഇരമ്പം പുറപ്പെട്ടു. മത്സ്യരാജപുത്രൻ ഭീതിയെക്കൈവിട്ടു വളരെ ഉത്സാഹമായി തേർ നടത്തി. വിരാടഭടന്മാർ വിജയധ്വനി മുഴക്കി മുന്നോട്ടണഞ്ഞു. ഗംഗാതരംഗപരമ്പരകൾ സമുദ്രത്തിലേല്ക്കുന്നപോലെ അവർ ശത്രുമദ്ധ്യ

ത്തിലേക്ക ഉയർക്കെടെ കടന്നു. അജ്ജുനൻ ഉറക്കൽക്കൂടി ശംഖം മുഴക്കി: ഉത്തരൻെറ കുതിരകൾ ഉഗ്രമായിട്ട കുതിച്ചു ചാടിത്തുടങ്ങി. അവ ഉന്മത്തങ്ങളായി ദുര്യോധനസേനകളുടെ നേരെ പാഞ്ഞു. ശംഖധ്വനിയും ഞാണിൻെറ ഹുങ്കാരവും കേട്ട് ഹസ്തിനപുരഭടന്മാർ അധീരന്മാരായി. അവർ തിരിച്ചോടുവാൻ മുതിന്നു. സൈന്യത്തിൻെറ മുന്നണി ശിഥിലീഭവിച്ചു. ഒരു നിമിഷത്തിന്നുള്ളിൽ ദുര്യോധനനും പടകളും ഗോക്കളെ ഒക്കെ വിട്ട പമ്പ കടന്നു. വിരാടസേനകൾ പിന്തുടന്നു കിട്ടിയവരെയെല്ലാം വെട്ടിനുറുക്കി.

യുദ്ധസംരംഭം ഇങ്ങിനെയിരിക്കെ, ശത്രുപംക്തിയിൽനിന്നു ഒരു രഥം അമ്പുപോലെ അജ്ജുനൻെറ നേക്കപാഞ്ഞെത്തി. രഥത്തിൽ സ്ഥിതിചെയ്തിരുന്ന ഭടൻ അജ്ജുനനോട ഇപ്രകാരം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:—

'അജ്ജുനാ! ഞാൻ നിന്നെ അറിയും. ദ്രുപദരാജധാനിയിൽ വെച്ചു ലക്ഷ്യഭേദം ചെയ്യുവാൻ മുതിന്നപ്പോൾ പാഞ്ചാലിയാൽ അധിക്ഷിപ്തനായ കണ്ണനാണ് ഞാൻ. നമ്മളിൽ യോഗ്യനായ ധനുദ്ധരൻ ആരെന്നു നമുക്ക ഇന്നെങ്കിലും ഒന്നു പരീക്ഷിക്കുക തന്നെ.'

അജ്ജുനൻ:— 'നീചവംശജനാണെങ്കിലും വീരനായ മഹാരഥ! അന്ന് എൻെറ കയ്യ ചുരുട്ടി ഞാൻ നിന്നെ ഇടിച്ചപ്പോൾ യോഗ്യന്മാരുമായി യുദ്ധം ചെയ്വാനുള്ള നിൻെറ ദുർമ്മോഹം ശമിച്ചുവെന്നാണ ഞാൻ വിചാരിച്ചതു. ആ ദീനതയ്ക്കുള്ള ഔഷധമാണ നിനക്ക അന്നു ഞാൻ നല്കിയത്.'

കണ്ണൻ പല്ലു കടിച്ചതല്ലാതെ യാതൊന്നും മറുവടി പറഞ്ഞില്ല. രണ്ടുപേരും രഥങ്ങളെ നേരിട്ട വട്ടത്തിൽ ഓടിച്ചു. പെട്ടന്നു കണ്ണൻ തരം കണ്ടു ചിന്താവേഗത്തിൽ വില്ലുകുലച്ച് ഒരു ബാണം പ്രയോഗിച്ചു. അമ്പുവന്ന് അർജ്ജുനൻെറ കവചത്തിൽ തട്ടി മുന കണ്ടിച്ചു താഴെ പതിക്കയാണുണ്ടായതു. ക്രുദ്ധനായ പാത്ഥൻ ഗാണ്ഡീവമെടുത്തു ഞാൺ കണ്ണംവരെ വലിച്ചു വരുണാസ്ത്രങ്ങളിൽ ഒന്നിന്നെ കണ്ണൻെറ വക്ഷസ്ഥലം ലാക്കാക്കി എയ്തു. അസ്ത്രം തറച്ചു കണ്ണൻെറ കരൾ പിളന്നുപോകുമായിരു

ന്നു. എന്നാൽ, സൂൎയ്യൻ പുത്രന്റെ നേരെ അല്പം അനുകമ്പ കാണിച്ച്, അസ്ത്രത്തിന്റെ ഗതിയെ തടുത്തു അല്പം ചാഞ്ഞു പായുവാൻ ഇടയാക്കി. അല്ലെങ്കിൽ കൎണ്ണൻ അവിടെ വെച്ചുതന്നെ നാമാവശേഷനാകുമായിരുന്നു. ഉടനെ അയാൾ രഥം തിരിച്ചു ദുൎയ്യോധന സമീപത്തെത്തി.

ഇപ്രകാരം എതിൎത്തുവന്ന ഓരോ ഭടനായകന്മാരേയും അൎജ്ജുനൻ പരാജിതരാക്കി പറപ്പിച്ചു. ഭീഷ്മർ, ദ്രോണർ, കൃപർ, അശ്വത്ഥാമാവ്, ദുൎയ്യോധനൻ, കൎണ്ണൻ എന്നിവരും പെരുമ്പടയും തോററതായിട്ടു കണ്ടു, പാൎത്ഥൻ ശരനിരതൂകി പിന്നാലെ അടുത്തു.

"ദേവദത്താഖ്യശംഖാരാവഘോഷവും
ദേവരാജാത്മജജ്യാനാദഘോഷവും
ധേനുസമൂഹപലായനഘോഷവും
വാനരവീരഹുങ്കാരപ്രഘോഷവും
കേട്ടുഭയപ്പെട്ടോരോരോവഴിക്കവ
രോട്ടംതുടങ്ങിനനേരംപരവശാൽ
മോഹനാസ്ത്രംകൊണ്ടുവീണിതുഭൂമിയിൽ
മോഹിച്ചുബുദ്ധിമറന്നുകുരുബലം."

സമ്മോഹനാസ്ത്രത്തിന്റെ ശക്തികൊണ്ടു ദുൎയ്യോധനാദികൾ ബോധംകെട്ടു വീണു. അവരുടെ പട്ടുവസ്ത്രങ്ങളും ആഭരണങ്ങളും വിരാടഭടന്മാർ അഴിച്ചെടുത്തു കൈക്കലാക്കി. അവർ അധികനേരം അവിടെ നിന്നില്ല. വേഗം അൎജ്ജുനൻ ഉത്തരനോടു പടയോടുംകൂടി പശുക്കളെ വീണ്ടുകൊണ്ടു മത്സ്യരാജ്യത്തു ചെന്നു ജയപടഹമടിപ്പിച്ചു. ബൃഹന്നളയുടെ സാമൎത്ഥ്യം എവരുടേയും പ്രശംസക്കു വിഷയമായി.

ത്രിഗൎത്തബന്ധനം കഴിഞ്ഞു മടങ്ങിയെത്തിയപ്പോൾ വിരാടൻ യുധിഷ്ഠിരനെ വിളിച്ചു, ഇപ്രകാരം ചോദിച്ചു.

വിരാടൻ:— "നിങ്ങൾ അഞ്ചുപേരും ആരെന്നു എന്നോടു പറയണം; എന്തിനായിട്ടാണു നിങ്ങൾ എന്റെ രാജധാനിയിലേക്കു വന്നതു; നിങ്ങൾ എല്ലാവരും വേഷച്ഛന്നന്മാരാണെന്നു ഇനിക്കു പ്രത്യക്ഷപ്പെട്ടിരിക്കുന്നു."

യുധിഷ്ഠിരൻ.— "അല്ലയോ മത്സ്യരാജ്യാധിപതേ! ഞങ്ങൾ ഭരതവംശജന്മാരാണു. പാണ്ഡുമഹാരാജാവിന്റെ പുത്രന്മാരാകുന്നു ഞങ്ങൾ. ദുഷ്ടനായ ദുര്യ്യോധനൻ ഞങ്ങളെ ചൂതുകളിയിൽ വ്യാജം ചെയ്തു തോല്പിച്ചു രാജ്യം ഞങ്ങളുടെ കയ്യിൽനിന്നു കൈവശപ്പെടുത്തി പതിമൂന്നു സംവത്സരകാലത്തേക്കു ഞങ്ങളെ രാജ്യത്തിൽനിന്നു പുറത്താക്കി. ഇപ്പോൾ ആ കാലാവധി കഴിഞ്ഞിരിക്കുന്നു. ഇനി ഞങ്ങൾക്കു ഇന്ദ്രപ്രസ്ഥത്തിലേക്കു തിരിച്ചുചെല്ലേണമെന്നാണു താല്പര്യം."

വിരാടൻ:— "ഭരതവംശതിലകമേ! ഞാൻ ഇതു മുൻകൂട്ടി അറിഞ്ഞിരുന്നുവെങ്കിൽ നിങ്ങളെ എന്റെ സ്വന്തം പുത്രന്മാരേപ്പോലെ വിചാരിച്ചു സ്വാഗതപൂർവ്വം സല്ക്കരിക്കുമായിരുന്നല്ലോ. അങ്ങയുടെ സഹോദരനും എന്റെ പുത്രികളെ നൃത്തവിദ്യ അഭ്യസിപ്പിച്ച നാട്യകലാവിശാരദനുമായ അർജ്ജുനൻ അവരിൽ കരുത്തിയെ ഭാര്യയായി സ്വീകരിച്ചുകൊള്ളട്ടെ."

രാജാവ് അർജ്ജുനനെ വരുത്തി ഉത്തരയെന്ന കന്യകയെ അദ്ദേഹത്തിനു നല്കി. മിത്ഥ്യാപവാദമുണ്ടാകുമെന്നു ശങ്കിച്ചു അർജ്ജുനൻ ഉത്തരയെ പുത്രഭാര്യാർത്ഥം പരിഗ്രഹിച്ചു. അർജ്ജുനനു സുഭദ്രയിൽ അഭിമന്യുവെന്നു സുപ്രസിദ്ധനായ ഒരു പുത്രനുള്ള വിവരം ഇവിടെ സ്മരണീയമാണു. വിരാടൻ ഉടനെ ഉത്തരയെ അഭിമന്യുവിനു വിവാഹം ചെയ്തുകൊടുത്തു.

ഇങ്ങിനെയിരിക്കെ ഹസ്തിനപുരത്തിൽ വസിക്കുന്ന ധൃതരാഷ്ട്രരുടെ സന്നിധിയിലേക്കു ധർമ്മപുത്രർ ഒരു ദൂതനെ അയച്ചു. ദൂതൻ അവിടെ എത്തി ഇപ്രകാരം പറഞ്ഞു:—

ദൂതൻ:—'പന്ത്രണ്ടു കൊല്ലത്തെ വനവാസവും ഒരു കൊല്ലത്തെ അജ്ഞാതവാസവും കഴിഞ്ഞിരിക്കുന്നതായി ബോധിപ്പിക്കുവാൻ യുധിഷ്ഠിരൻ എന്നെ നിയോഗിച്ചിരിക്കുന്നു. അതിനാൽ പകുതി രാജ്യം അദ്ദേഹത്തിനു കൊടുക്കണമെന്നു ഇവിടെ അറിയിക്കുവാനാണു എന്നെ അയച്ചിരിക്കുന്നതു.'

ധൃതരാഷ്ട്രർ ദുര്യ്യോധനനെ വരുത്തി ആലോചിച്ചു. പുത്രന്റെ ദുരുപദേശപ്രകാരം വൃദ്ധനായ രാജാവു ഇപ്രകാരം കല്പിക്കുവാൻ നിർബ്ബന്ധിതനായി.

ധൃതരാഷ്ട്രർ:—പതിമൂന്നാമത്തെ വർഷം കഴിയുംമുമ്പെ ദുര്യോധനന്റെ ചാരന്മാർ അജ്ഞാതവാസം കണ്ടുപിടിച്ചുവെന്നും അതിനാൽ ഇനിയും പതിമ്മൂന്നുകൊല്ലം മേൽ നിശ്ചയമനുസരിച്ചു കഴിച്ചുകൂട്ടേണ്ടതായിട്ടാണു ഇരിപ്പെന്നും യുധിഷ്ഠിരനോടു ചെന്നു പറയുക.

ദൂതൻ ഈ വർത്തമാനം ചെന്നു യുധിഷ്ഠിരനോടു പറഞ്ഞപ്പോൾ അദ്ദേഹം അത്യന്തം മനസ്താപപ്പെട്ടു. എന്തെന്നാൽ അദ്ദേഹം യുദ്ധത്തെയല്ല സമാധാനത്തെയാണ് കാംക്ഷിച്ചിരുന്നതു. അതിനാൽ അദ്ദേഹം ഒരിക്കൽകൂടി ദൂതനെ ഹസ്തിനപുരത്തിലേക്കയച്ചു. അഞ്ചു ദേശങ്ങളെങ്കിലും കല്പിച്ചുകിട്ടിയാൽ മതിയെന്നും അതുകൊണ്ടു തങ്ങൾ സമാധാനപൂർവ്വം ധൃതരാഷ്ട്രാധിപത്യത്തിൻകീഴിൽ വസിച്ചുകൊള്ളുന്നതാണെന്നും പറവാനാണു വീണ്ടും ദൂതനെ അയച്ചതു.

ദൂതൻ വിവരം ചെന്നു ഹസ്തിനപുരരാജധാനിയിൽ ബോധിപ്പിച്ചു. കിഴവനായ മഹാരാജാവു സന്തോഷപൂർവ്വം ഈ അപേക്ഷയെ കൈക്കൊണ്ടു പാണ്ഡവന്മാൎക്കു വസിപ്പാൻ അഞ്ചുദേശം കല്പിച്ചു നൽകുമായിരുന്നു. അപ്പോഴേക്കും ദുർമ്മതിയായ ദുര്യോധനൻ അവിടെ എത്തിക്കഴിഞ്ഞു.

ദുര്യോധനൻ:—'രാജൻ! തണുത്തു മരവിച്ചു കിടക്കുന്ന സർപ്പത്തെ എടുത്തു നെഞ്ഞത്തു കിടത്തിയാൽ ശരീരത്തിന്റെ ചൂടുതട്ടി ഉണർന്നു അങ്ങയെത്തന്നെ അതു ദംശിക്കുമെന്നുള്ളതു അറിയരുതെ? പാണ്ഡവന്മാർ ഇപ്പോൾ വിനീതഭാവത്തിൽ അഞ്ചുദേശമെങ്കിലും കൊടുക്കണമെന്നു പറയുന്നതു വളരെക്കാലമായി വേണ്ടപോലെ ആഹാരമൊന്നും അനുഭവിക്കാതെ ദീനന്മാരായി സ്ഥിതിചെയ്യുന്നതുകൊണ്ടാണ്. അഞ്ചുദേശങ്ങളിലെ ധനാഗമം കൊണ്ടു ഉജ്ജീവിച്ചു ശക്തന്മാരായ്ത്തീർന്നാൽ ഉടനെ മുമ്പുചെയ്തപോലെ അങ്ങയെ രാജ്യത്തുനിന്നു ഓടിയ്ക്കുവാൻ അവർ കഴിയുന്ന ശ്രമങ്ങൾ നടത്താതെയിരിക്കയില്ല.'

ധൃതരാഷ്ട്രർ:— മകനേ! നിന്റെ വാക്കുകൾ സാരഗർഭങ്ങളായിരിക്കുന്നു. മരവിച്ചസർപ്പം മഞ്ഞുകൊണ്ടു മരിക്കട്ടെ.'

ധൃതരാഷ്ട്രൻ ദൂതനെ വിളിച്ചു മുൻ പറഞ്ഞയച്ചപോലെ പതിമൂന്നു വൎഷം വീണ്ടും കാനനവാസവും അജ്ഞാതവാസവും അനുഷ്ഠിക്കാതെ അഞ്ചുദേശമെന്നല്ല, ഒരു ദേശംപോലും അവൎക്കു കൊടുക്കുന്നതല്ലെന്നു ചെന്നു യുധിഷ്ഠിരനോടു പറവാൻ ആജ്ഞാപിച്ചു.

ദൂതൻ വ്യസനപൂൎവ്വം ഹസ്തിനപുരത്തിൽനിന്നു മടങ്ങി യുധിഷ്ഠിരസന്നിധിയിൽ ചെന്നു മഹാരാജാവിന്റെ പ്രതിസന്ദേശത്തെ അറിയിക്കയും ചെയ്തു.

## പത്താം അദ്ധ്യായം.

ധൃതരാഷ്ട്രരുടെ സന്ദേശം യുധിഷ്ഠിരന്റെ ഹൃദയത്തെ അത്യന്തം തപ്തമാക്കിത്തീൎത്തു. ദായാദികളുടെ കണ്ഠരക്തംകൊണ്ടു രണാങ്കണത്തെ നനക്കുവാൻ അദ്ദേഹത്തിന്നു അശേഷം താല്പൎയ്യമുണ്ടായിരുന്നില്ല. യുദ്ധം കൂടാതെ കാൎയ്യം കലാശിച്ചിരുന്നെങ്കിൽ ദുൎബ്ബുദ്ധിയായ ദുൎയ്യോധനന്റെ ദുൎന്നയങ്ങളേയും ദുഷ്പ്രവൃത്തികളേയും അദ്ദേഹം ക്ഷമിക്കുമായിരുന്നു. എന്നാൽ യുധിഷ്ഠിരൻ ഒരു ആൎയ്യരാജകുമാരനായിരുന്നതിനാൽ ധൃതരാഷ്ട്രർ പ്രകാശിപ്പിച്ച അനീതിയെക്കണ്ടടങ്ങുവാൻ അദ്ദേഹത്തിന്റെ ആത്മജ്ഞത്വവും ആത്മാഭിമാനവും തീരെ അനുവദിച്ചില്ല. ഭീമന്റേയും അൎജ്ജുനന്റേയും നേരെ തിരിഞ്ഞുകൊണ്ടു യുധിഷ്ഠിരൻ ഇങ്ങിനെ പറഞ്ഞു.

"സഹോദരന്മാരെ, മഹാരാജാവു ദൂതമാൎഗ്ഗമായി അയച്ച കല്പന നിങ്ങൾ കേട്ടില്ലേ? ദുൎയ്യോധനന്റെ ചാരന്മാർ നമ്മെ വിരാടപുരിയിൽവച്ചു കണ്ടുപിടിച്ചുവെന്നു മഹാരാജാവു പറയുന്നതു അസത്യമല്ലേ? ചാരന്മാർ നമ്മെ കണ്ടുപിടിച്ചിരുന്നുവെങ്കിൽ വിരാടൻ ആ വിവരം എങ്ങും പരസ്യമാക്കുമായിരുന്നു. ഇക്കാൎയ്യത്തിൽ നിങ്ങളുടെ അഭിപ്രായമെന്തു്? ധൃതരാഷ്ട്രരുടെ അന്യായമായ ആജ്ഞയെ കണ്ണടച്ചനുസരിച്ചു ഇനിയും പന്ത്രണ്ടു വൎഷം വനത്തിൽത്തന്നെ കഴിച്ചു കൂട്ടുകയാണോ നാം വേണ്ടതു്? അ

തോ, നിർദ്ധനന്മാരും ദുർബ്ബലന്മാരുമായ നാം രാജ്യം വീണ്ടെടുക്കു ന്നതിലേക്കുവേണ്ടി യുദ്ധത്തിന്നു പുറപ്പെടുകയോ? ഏതു വേണമെന്നു തീരുമാനിക്കുക.''

അർജ്ജുനൻ പാഞ്ചാലിയുടെ മുഖത്തേക്കു നോക്കി. അവരുടെ കണ്ണുകൾ കോപംകൊണ്ടു ജ്വലിക്കുന്നതു കണ്ടു ഇങ്ങിനെ മറുവടി പറഞ്ഞു:—

''ഇനിയും വനവാസത്തിന്നുതന്നെ പോകേണമെന്നായാൽ ജ്യേഷ്ഠൻ തനിയേ പോകേണ്ടിവരുമെന്നാണ എനിക്കു തോന്നുന്നതു. ഞാനൊ, എൻെറ സഹോദരന്മാരോ പാഞ്ചാലിയൊ ഇനി പന്ത്രണ്ടു സംവത്സരം വനത്തിലേക്കു ജ്യേഷ്ഠനെ അനുഗമിക്കുന്നതല്ല.'' ഇത്രയും പറഞ്ഞപ്പോഴക്കും അർജ്ജുനൻെറ ഭാവം മാറി. ''ഒരു കാലത്തും അവസാനിക്കാത്ത ശരങ്ങളടങ്ങിയ ആവനാഴിയും ഗാണ്ഡീവവും എൻെറ കയ്യിലില്ലേ? കൈലാസാദ്രിയുടെ മുകളിൽവെച്ചു ശിവൻ ഇനിക്കു നൽകിയ പാശുപതാസ്ത്രമല്ലേ എൻെറ ഹസ്തത്തിൽ ഇരിക്കുന്നതു? ഒരു നിമിഷംകൊണ്ടു ദുര്യ്യോധനൻെറ സേനകളെ ഞാൻ ഒടുക്കുന്നുണ്ടു.''

ഇതുകേട്ടു ഭീമൻ ഒന്നു ചിരിച്ചുകൊണ്ടു അനുജൻെറ തോളത്തുകൊട്ടി ഇപ്രകാരം പറഞ്ഞു:—

''സഹോദരാ! നീ വളരെ ധൈര്യ്യശാലിതന്നെ. എന്നാൽ ദുര്യ്യോധനൻെറ പടകളെ സംഹരിക്കുന്നതോടുകൂടി ദുര്യ്യോധനനേയും ദുശ്ശാസനനേയും കൊന്നുകളയരുതു. ദയവുചെയ്തു അവരെ രണ്ടുപേരേയും എനിക്കായിട്ടു ഒഴിച്ചുവിട്ടേക്കണം. എന്തുകൊണ്ടെന്നാൽ ദുശ്ശാസനനെ കൊന്നു അവൻെറ രക്തം കുടിക്കുന്നതാണെന്നും ദുര്യ്യോധനൻെറ ഊരുക്കൾ ദ്വന്ദയുദ്ധത്തിൽ ഗദകൊണ്ടടിച്ചു തെരിക്കുനുണ്ടെന്നും ഞാൻ പ്രതിജ്ഞ ചെയ്തുപോയിട്ടുണ്ടു.''

നകുലസഹദേവന്മാരുടെ കണ്ണുകളിൽനിന്നു അഗ്നിസ്ഫുലിംഗങ്ങൾ ചിതറുന്നപോലെ തോന്നി. അവരുടെ ദക്ഷിണമുഷ്ടികൾ ഖഡ്ഗങ്ങളുടെ പൊൻപിടികളുമായിട്ട് ഒരു കൂടിക്കാഴ്ച നടന്നു. ഇതൊക്കെക്കണ്ടു വ്യസനാകൂലം ദീർഘനിശ്വാസം ചെയ്തിട്ടു യുധി

ഷ്ഠിരൻ പറഞ്ഞതു ഇപ്രകാരമാണു:— എന്നാൽ യുദ്ധംതന്നെയാവട്ടെ; അതിനാൽ വന്നുകൂടുന്ന അപവാദങ്ങൾ ദുൎയ്യോധനന്റെ ചുമലിലെ ജനങ്ങൾ ചുമത്തുകയുള്ളൂ.”

ദുൎയ്യോധനനോടു യുദ്ധത്തിനു പുറപ്പെടുവാൻ നിശ്ചയിച്ച സംഗതി വിരാടരാജാവിനെ അറിയിച്ചു. അദ്ദേഹം കഴിയുന്ന സഹായങ്ങൾ ചെയ്യാമെന്നും സൈന്യങ്ങളെ മുഴുവനും അയച്ചുകൊടുക്കാമെന്നും സസന്തോഷം മറുവടി പറഞ്ഞതിൽനിന്നു അദ്ദേഹത്തിന്റെ കൃതജ്ഞതയും ബന്ധുസ്നേഹവും സവിശേഷം പ്രത്യക്ഷപ്പെടുന്നുണ്ടു. ദുഷ്ടാഗ്രേസരനായ ദുൎയ്യോധനന്റെ അനീതികളും അന്യായകൎമ്മങ്ങളും അടക്കുന്ന വിഷയത്തിൽ വിരാടൻ എന്തും ചെയ്വാൻ സന്നദ്ധനായിരുന്നു. സാത്വിക ബുദ്ധികളായ രാജാക്കന്മാർ ധൎമ്മം പരിപാലിക്കുന്നതു ഇപ്രകാരമാണല്ലൊ.

വിരാടവചനങ്ങൾ കേട്ടു പ്രബുദ്ധഹൃദയനായ യുധിഷ്ഠിരൻ ഭാരതവൎഷത്തിലെ സകല രാജാക്കന്മാരുടെ സന്നിധികളിലേക്കും ദൂതന്മാരെ അയച്ചു. പാഞ്ചാലരാജാവായ ദ്രുപദൻ പാണ്ഡവന്മാരുടെ ഭാഗത്തു ചേൎന്നു. യുദ്ധരംഗത്തിലേക്കു അദ്ദേഹംതന്നെ ആതതായിയായി സധൈൎയ്യം പുറപ്പെട്ടു. യാദവരാജാവായ ശ്രീകൃഷ്ണൻ അൎജ്ജുനന്റെ സാരഥ്യം വഹിച്ചുകൊള്ളാമെന്നു ശപഥം ചെയ്തു. ഉത്തരരാജ്യങ്ങളിലെ മിക്ക രാജാക്കന്മാരും പാണ്ഡവരുടെ പക്ഷത്തിൽ ചേരുന്നതാണെന്നു പറഞ്ഞയച്ചു. എന്നാൽ മിക്ക ഭാരതീയ രാജാക്കന്മാരും ദുൎയ്യോധനനെ ഭയന്നു കൌരവപക്ഷത്തിലുൾപ്പെടേണ്ടിവന്നു. അവർ സൈന്യങ്ങളെ അയച്ചു ധാൎത്തരാഷ്ട്രന്മാരെ സഹായിച്ചു. അതുകൊണ്ട് ഇരുകക്ഷികളും കുരുക്ഷേത്രരണഭൂമിയിൽ വ്യൂഹമുറപ്പിച്ചപ്പോൾ പാണ്ഡവപക്ഷത്തിൽ ഭട സംഖ്യ കുറഞ്ഞുപോയി. സമുദ്രതീരത്തിലെ മണൽത്തരികൾപോലെ എണ്ണമററവയായിരുന്നു ദുൎയ്യോധനന്റെ പടകൾ.

പാണ്ഡവന്മാൎക്ക ഇതു കണ്ടിട്ടു അശേഷം കുലുക്കമുണ്ടായില്ല. ഇന്ത്യയിലുള്ള സൎവ്വരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒത്തൊരുമിച്ചു നേരിട്ടാൽക്കൂടി യാതൊരു ചാഞ്ചല്യവുംകൂടാതെ എ

തിൎത്തു നേട്ടം കയ്യിലാക്കുവാൻ തക്കത്രാണി കുന്തീപുത്രന്മാൎക്കുണ്ടു. എന്നാൽ, ഭീമസേനന്റെ ഭീതികരമായ ശക്തിയും, അൎജ്ജുനന്റെ അദ്വിതീയമായ ബാണപ്രയോഗവും തട്ടത്തു തട്ടത്തുനില്ക്കത്തക്ക ശേഷിയുള്ള മൂന്നു മഹാവീരന്മാർ ദുൎയ്യോധനന്റെ ഭാഗത്തുണ്ടായിരുന്നു. ഇവരിൽ പ്രഥമഗണനീയൻ അതിഗംഭീരനും മഹാസത്വനുമായ ഭീഷ്മരായിരുന്നു. ശന്തനുമഹാരാജാവിനു ഗംഗാദേവിയിൽ ഉണ്ടായ പുത്രനാകയാൽ ഇദ്ദേഹത്തെ ദേവതാത്മാവായിട്ടാണു കരുതേണ്ടതു. വയോവൃദ്ധനായിരുന്നുവെങ്കിലും ഇദ്ദേഹത്തിനു തുല്യനായ ഒരു യോദ്ധാവാകട്ടെ വില്ലാളിയാകട്ടെ ഭാരതവൎഷത്തിൽ ഉണ്ടായിരുന്നില്ല. രണ്ടാമത്തെയാൾ കുരുപാണ്ഡവന്മാരെ കുട്ടിക്കാലത്തു ആയുധാഭ്യാസവും ധനുൎവ്വേദവും പഠിപ്പിച്ച ദ്രോണരായിരുന്നു. സൂൎയ്യപുത്രനായ കൎണ്ണനായിരുന്നു പിന്നത്തെയാൾ. അൎജ്ജുനൻ കഴിഞ്ഞാൽ പിന്നത്തെ വില്ലാളി ഇയ്യാൾ ആയിരുന്നു. ഇവർ മൂന്നുപേരും ജീവനോടെ ഇരിക്കുംകാലം ഇരുഭാഗത്തും ജയം സംഭവിക്കുവാനിടയില്ല. പാണ്ഡവന്മാർ അസംഖ്യം ശത്രുഭടന്മാരെ നിഗ്രഹിച്ചുവെങ്കിലും മേൽപറഞ്ഞ മൂന്നു നായകന്മാരുടേയും ശരങ്ങളേറ്റു തങ്ങളുടെ സൈന്യപംക്തിയിൽ പ്രധാനികളായ പലരും ഹതന്മാരായിപ്പോയി.

പാണ്ഡവസൈന്യം എണ്ണത്തിൽ തുലോം ചുരുങ്ങിയിരുന്നതുകൊണ്ടു ഈ നഷ്ടം അവൎക്കു വേഗത്തിൽ പ്രത്യക്ഷപ്പെട്ടു. കൌരവസേനകളാകട്ടെ, വളരെ തടിച്ചിരുന്നതിനാൽ ക്ഷയിക്കുന്നതു അത്ര വേഗത്തിൽ ദൃഷ്ടിവിഷയമായിരുന്നില്ല. യുദ്ധം ഘോരമായിത്തുടങ്ങി. കരികളോടു കരികളും, രഥികളോടു രഥികളും, അശ്വത്തിനശ്വവും, കാലാൾക്കു കാലാളും ഓരോരുത്തരുടെ ബലം പരീക്ഷിക്കുന്നതിനു മുതിൎന്നു. രാജാക്കന്മാർ അങ്ങുമിങ്ങും വെട്ടിമറിഞ്ഞു. കാലാൾപടകളും കുതിരകളും കൈകാലുകളററു ചോരപ്പുഴയിൽ ഒഴുകി. മേഘങ്ങൾ മഴത്തുള്ളി വൎഷിക്കുംപോലെ ശരനിര നാലുപുറവും ചെയ്തു. അനേകം കാലുകളും അനേകം കൈകളും അനേകം കണ്ണുകളും ചവുട്ടിക്കൊണ്ടു ഭീമൻ മുന്നോട്ടു പാഞ്ഞു, പെരുമ്പട ഇളക്കി. പൎവ്വതത്തിന്മേൽ മഴ പൊഴിയുന്നപോലെ ദുൎയ്യോധനന്റെ ശരങ്ങളേററിട്ടും ഭീമൻ കൂട്ടാക്കിയില്ല. ഭീമന്റെ വാവു കണ്ടു ഭയപ്പെട്ടു ദുൎയ്യോധനവരൂഥിനികൾ പാഞ്ഞു

കണ്ണാന്തികത്തിലെത്തി. ഇന്ദ്രപുത്രൻെറ അസ്ത്രപ്രയോഗം കണ്ടു പിതാമഹനായ ഭീഷ്മർ വിസ്മയപരതന്ത്രനായി. ഉടനെ പരിഭവം അടക്കവയ്യാതെ അമിതമായ കരബലത്തോടുകൂടി അദ്ദേഹം പാൎത്ഥൻെറ നേരെ ആൎത്തടുത്തു. അസ്ത്രസമൂഹംകൊണ്ടു അൎജ്ജുനനേയും സാരഥിയായ കൃഷ്ണനേയും മൂടി. കൃഷ്ണൻെറമേൽ അമ്പുതറച്ചതു കണ്ടപ്പോൾ അൎജ്ജുനൻ കോപം മുഴുത്തു ശരം പ്രയോഗിച്ചു ഭീഷ്മരുടെ വില്ലു മുറിച്ചു. ഭീഷ്മർ വേറെ വില്ലെടുത്തു. അൎജ്ജുനൻ അതും മുറിച്ചു. പിന്നെയുമെടുത്തു പിതാമഹൻ മറെറാരു വില്ലു. രണ്ടു പേരുമെടുത്തു അങ്ങുമിങ്ങും കൂരമ്പുകൾ കോരിച്ചൊരിഞ്ഞു. രാമരാവണയുദ്ധം കാണാത്തവർ ഈ യുദ്ധം കണ്ടു കണ്ടതുപോലെ കൃതാൎത്ഥന്മാരായി. അത്ര ഘോരമായിരുന്നു ഇവർ തമ്മിൽ നടന്ന സമരം. മുറിവേല്ക്കയാൽ അൎജ്ജുനനു അല്പം ആലസ്യം ഭവിച്ചു. പത്തു ദിവസം ഇങ്ങിനെ ഘോരയുദ്ധം നടന്നു. ഭീഷ്മർ അജയ്യനാണെന്നു കണ്ടപ്പോൾ അൎജ്ജുനൻ ആൎയ്യാവൎത്തനായകന്മാൎക്കു അവിഹിതമായ ഒരു ക്രൂരകൎമ്മത്തിനു പുറപ്പെട്ടു. പാണ്ഡവസൈന്യത്തിൽ ശിഖണ്ഡിയെന്നു പേരായ ഒരു യോദ്ധാവുണ്ടായിരുന്നു. നപുംസകനായിരുന്ന ഈ പടയാളി സ്ത്രീകളുടെ ഉടുപ്പാണു ധരിക്കാറു പതിവു. അൎജ്ജുനൻ ഇയ്യാളെ തേരിൽ കേററി ഭീഷ്മരുടെ നേരെ പാഞ്ഞടുത്തു ഈ സപത്നൻെറ പിന്നിലിരുന്നുകൊണ്ടു ഗാണ്ഡീവചാപമെടുത്തു ബാണങ്ങൾ വൎഷിച്ചു. ഭീഷ്മർ അസ്ത്രമേററു ദേഹമാസകലം വ്രണപ്പെട്ടുവെങ്കിലും സ്ത്രീയാണെന്നു വിചാരിച്ചു ശിഖണ്ഡിയെ മുറിവേല്പിക്കുന്ന കാൎയ്യത്തിൽ ഭയന്നു. ആൎയ്യാവൎത്ത മഹാവീരന്മാർ മനസ്സറിഞ്ഞു സ്ത്രീകളെ ഉപദ്രവിക്കുമാറില്ലല്ലോ. പ്രത്യസ്ത്രമയക്കാതെ ഭീഷ്മർ അൎജ്ജുനൻെറ ബാണങ്ങളൊക്കെയേററു ഒടുക്കം ഭൂമിയിൽ മറിഞ്ഞുവീണു. പലവിധത്തിലുള്ള ശരങ്ങൾ ഏല്ക്കയാൽ ശരീരത്തിൻെറ ഒരു ഭാഗംപോലും ഭൂമിയിൽ തട്ടിയില്ല. ഭീഷ്മർ ശരീരം ശരശയനത്തിന്മേൽ ഉറപ്പിച്ചു. ഇപ്രകാരമുള്ള ശയനം അക്കാലത്തെ ഇന്ത്യാരാജാക്കന്മാർ വീരോചിതമായ കൎമ്മമായിട്ടാണു ഗണിച്ചിരുന്നതു.

പ്രായാധിക്യംകൊണ്ടും വേദനകൊണ്ടും ക്ഷീണിച്ച ഭീഷ്മ

രുടെ ആത്മാവ് വിശ്രമത്തെ ആഗ്രഹിച്ചു. എന്നാൽ സൂൎയ്യൻ ദക്ഷിണായനത്തിലായിരുന്നു അപ്പോൾ സ്ഥിതിചെയ്തിരുന്നതു. സൂൎയ്യൻ ദക്ഷിണായനസ്ഥനായിരിക്കുമ്പോൾ ദേഹത്യാഗം ചെയ്യുന്നതു അശുഭമാണല്ലോ. അതിനാൽ മാതാവായ ഗംഗാദേവി മാനസസരസ്സിൽനിന്നും കുറെ അരയന്നങ്ങളെ ഭീഷ്മസന്നിധിയിലേക്കയച്ചു. അനന്തനിദ്രയെ പ്രാപിയ്ക്കുവാൻ കണ്ണടച്ചപ്പോൾ ഉത്തരചക്രവാളത്തിൽനിന്നു കുറെ പക്ഷികൾ പറന്നുവരുന്നതു അദ്ദേഹം കണ്ടു. അവ അടുത്തടുത്തു ഭീഷ്മർ ശയിക്കുന്ന ദിക്കിലെത്തി ചുററും പറന്നു വലംവെച്ചു ഇപ്രകാരം ഉറക്കെ പറഞ്ഞു:—

'സൂൎയ്യൻ ഉത്തരായണത്തിലേക്കു തിരിയാതെ മരിക്കുന്നതു ഭീഷ്മൎക്കു യുക്തമായിട്ടുള്ളതല്ല.' ഇതു കേട്ടപ്പോൾ വളരെ പണിപ്പെട്ടു പ്രാണങ്ങളെ വീണ്ടെടുത്തു ഭീഷ്മർ പൂൎവ്വസ്ഥിതിയെ അവലംബിച്ചു ശയിച്ചു.

പ്രായാധിക്യമോ, മരണമോ ബാധിക്കാത്തതായ ആത്മാവോടുകൂടിയ ഗംഗാദത്തൻെറ മുമ്പിൽവന്നു ഇരുകക്ഷികളും കൈതൊഴുതുകൊണ്ടു നിന്നു. ദുഷ്ടമൃഗങ്ങളുടെ ആക്രമം തടുക്കുവാനായി ഇദ്ദേഹത്തിൻെറ ചുററും അവർ ഒരു കിടങ്ങു കുത്തി. അപ്പോൾ അൎജ്ജുനൻ അടുത്തുവന്നു, 'ഞാൻ ഒരു ക്രൂരകൌശലം പ്രയോഗിച്ചുപോയി; എൻെറ കുററങ്ങൾ പൊറുത്തു എനിക്കു മാപ്പുതരണം,' എന്നു വിനയപൂൎവ്വം ഗുരുഭ്രതനോടു അപേക്ഷിച്ചു.

ഭീഷ്മർ:—'അൎജ്ജുനകുമാരാ! നിൻെറ അപേക്ഷയെ ഞാൻ കൈക്കൊണ്ടിരിക്കുന്നു. ഭരതകുലസന്താനങ്ങൾക്കു അയുക്തമായ പ്രവൃത്തിയാണു നീ ചെയ്തത് എന്നിരിക്കിലും തെററു സമ്മതിക്കുവാനുള്ള ധൈൎയ്യം നിനക്കുണ്ടായതുകൊണ്ടു ഞാൻ നിനക്കു മാപ്പു തന്നിരിക്കുന്നു. പക്ഷേ സൂക്ഷിച്ചുകൊള്ളണമെന്നു ഞാൻ ഓൎമ്മപ്പെടുത്തുന്നു. നീ എൻെറ നേരെ പ്രവൎത്തിച്ച ഉപായം ദേവപ്രീതിക്കു പ്രതികൂലമായിട്ടാണു തീൎന്നിരിക്കുന്നതു. അൎജ്ജുനാ! നിൻെറ ബാണങ്ങൾ തറച്ച് ഒരു ടിപൊക്കത്തിലാണു ഞാൻ കിടക്കുന്നതു. എൻെറ ശിരസ്സു താണുകിടക്കുന്നു. തല ഉയൎത്തിവെക്കുവാൻ ഒരു ന്യൂതമായ ഉപധാനം കിട്ടിയാൽ കൊള്ളാം.

ദുർബ്ബുദ്ധിയായ ദുര്യോധനൻ ഉടനെ പട്ടുതലയണ എടുത്തു കൊണ്ടു ചെന്നു. ഇതു 'വീരശയനത്തിന്നു പററിയതല്ലെന്നു പറഞ്ഞു ഭീഷ്മർ തലയണ തട്ടിയെറിഞ്ഞു. അപ്പോൾ അർജ്ജുനൻ ഗാണ്ഡീവചാപമെടുത്തു മൂന്നമ്പുകൾകൊണ്ടു ഊന്നുകൊടുത്തു തല സാവധാനത്തിൽ ഉയർത്തി.

ഭീഷ്മർ:—'ശമദമാദിഗുണങ്ങളുടെ ഇരിപ്പിടമായ അർജ്ജുനാ! നിന്നോളം ശാസ്ത്രം പഠിച്ചവർ ആരുമില്ല. ക്ഷത്രിയധർമ്മങ്ങളൊക്കെ സ്ഥിതിചെയ്യുന്നതു നിന്നിലാണ്.'

ഇങ്ങിനെ പലതും പ്രസംഗിച്ചിരിക്കെ വൈദ്യന്മാർ ചികിത്സ ചെയ്യാൻ വന്നു. അവരെ ആദരപൂർവ്വം വിലക്കി വീരോചിതമായിട്ടാണ ശരീരം ത്യജിക്കേണ്ടതെന്നു വീരവീരനായ ഭീഷ്മർ പറഞ്ഞു. പാണ്ഡവസൈന്യങ്ങളൊക്കെ കൈനില പ്രാപിച്ചു. അപജയപാരവശ്യംകൊണ്ടുള്ള മനോവ്യഥനിമിത്തം വഴിഞ്ഞൊഴുകുന്ന കണ്ണീരോടുകൂടെ കുരുസേനകളും പാളയത്തിലെത്തി.

പിറെറദിവസം പുലച്ചയോടുകൂടി ഇരുഭാഗക്കാരും അടുത്തു ശന്തനുപുത്രന്റെ മുമ്പിൽ ഹാജരായി. ദാഹം കലശലാകയാൽ കുറെ നിർമ്മലജലം കിട്ടിയാൽ കൊള്ളാമെന്നു ഭീഷ്മർ ആവശ്യപ്പെട്ടു. ദുര്യോധനൻ വേഗം ചെന്നു കാച്ചിയ പാലും പലഹാരങ്ങളും കൊണ്ടുവന്നു. എന്നാൽ അയാളുടെ ശ്രമം വിഫലമായിട്ടാണ കലാശിച്ചതു. അശുഭപ്രദമായ ഈ സല്ക്കാരം ആവശ്യമില്ലെന്നു ഭീഷ്മർ പറഞ്ഞു. അപ്പോഴേക്കും അർജ്ജുനൻ പാർജ്ജന്യാസ്ത്രം പ്രയോഗിച്ചു സാക്ഷാൽഗംഗയിലെ ജലത്തിനു തുല്യമായ ജലം ഗുരുനാഥനു നൽകി. ഗംഗാതനയൻ അതു പാനംചെയ്തു ദാഹംപോക്കി. പാർത്ഥന്റെ ഗുണങ്ങളെ വാഴ്ത്തിക്കൊണ്ടു, വിരോധമൊക്കെ അകററി ഇരുകക്ഷികളും തമ്മിൽ യോജിയ്ക്കുകയാണ നല്ലതെന്നു ഭീഷ്മർ ദുര്യോധനനോടുപദേശിച്ചു. കുരുപതിക്ക ഈ ഉപദേശം അത്ര രുചിച്ചില്ല. ഭടനായകന്മാരെല്ലാവരും ഭീഷ്മരെ വണങ്ങി ഉപദേശങ്ങൾ നൽകേണമെന്നാവശ്യപ്പെട്ടു. എല്ലാവരേയും അദ്ദേഹം സൂക്തിമുക്താമണിവർഷത്താൽ കുളിപ്പിച്ചു. താമസിയാതെ ഉത്തരായണകാലമടുത്തു. ഭീഷ്മർ കണ്ണു

ടച്ച പ്രാണങ്ങളെ യഥേഷ്ടം പുറത്തേക്കയച്ചു. ഇന്ദ്രൻ സ്വർഗ്ഗകവാടം ഉൽഘാടനം ചെയ്തു് അദ്ദേഹത്തെ അകത്തേക്കുകടത്തി. ദേവന്മാർ എല്ലാവരും ഭരതവംശനായകനായ ഭീഷ്മരുടെ വീരകൃത്യങ്ങളെ പ്രശംസിച്ചു പുഷ്പവർഷം ചെയ്തു.

വിരക്തനും വീരകേസരിയുമായ ഭീഷ്മർ ഗുണപൂർണ്ണന്മാരായ പുരാണ കഥാപാത്രങ്ങളിൽവെച്ചു പ്രഥമഗണനീയനാകുന്നു. ശരശയ്യയിൽ കിടന്നുകൊണ്ടു അദ്ദേഹം ശേഷമുള്ള യുദ്ധവും പാണ്ഡവന്മാരുടെ പരിപൂർണ്ണവിജയവും കണ്ടു. യുദ്ധത്തിൽ ഏററ മുറിവുകൾ അദ്ദേഹത്തിന്നു വേദനയുണ്ടാക്കിയില്ല. കൂർത്ത ശരങ്ങളിന്മേലുള്ള ശയനവും അദ്ദേഹത്തിനു അസ്വാസ്ഥ്യകരമല്ലായിരുന്നു. ഭക്ഷണം കഴിക്കാത്തതിനാൽ അദ്ദേഹത്തിന്റെ ശരീരത്തിന്നൊ ബുദ്ധിക്കൊ അശേഷം മന്ദിപ്പുതട്ടിയില്ല. "സ്വച്ഛന്ദമൃത്യു"വായ ആ മഹാത്മാവു് പരമമായ രാജയോഗപ്രയോഗംകൊണ്ടു പരബ്രഹ്മത്തിൽ ആത്മാവിനെ ലയിപ്പിച്ചു സായൂജ്യം പ്രാപിച്ചു.

## പതിനൊന്നാം അദ്ധ്യായം.

ഭീഷ്മർ കണ്ടുനില്ക്കെ, രണ്ടു ഭാഗക്കാരും വീണ്ടും യുദ്ധത്തിന്നായുധമെടുത്തു. വിജയം യഥാപൂർവ്വം അപ്പോഴപ്പോൾ ഓരോ ഭാഗത്തേക്കു ചാഞ്ഞുനില്ക്കുന്നതായിട്ടു കാണപ്പെട്ടു. കുരുസേനയുടെ നായകത്വം വഹിച്ചതു യോദ്ധാക്കളിൽ പ്രബലാധിപനായ ദ്രോണരായിരുന്നു. ശംഖനാദം മുഴക്കി പടകൾ പോർതുടങ്ങി. അതിഭയങ്കരമായിരുന്നു യുദ്ധം. രണ്ടുപുറത്തും അസംഖ്യം പേർ മരിച്ചുവീണു. ശല്യരും ഭീമനും തമ്മിലുണ്ടായ സമരം കണ്ടു എല്ലാവരും വിസ്മയഭരിതന്മാരായി. ആകാശവീഥി ശരങ്ങൾകൊണ്ടു മൂടപ്പെട്ടു. പൊടിപടലമുയൎന്നു ഭാനുബിംബത്തെ മറച്ചു. ദുര്യോധനന്റെ മുഖം വാടിയതുകണ്ടു ഭഗദത്തൻ പത്തുസഹസ്രം ഗജങ്ങളുടെ ബലമുള്ളതായ മത്തദന്തിയുടെ കഴുത്തിലേറി ഭീമനോടെതിൎത്തു. ഭീമനാകട്ടെ, ഹസ്തിവൎയ്യന്റെ അസ്ഥികൾ കുത്തി ഞെരിച്ചു മസ്തകം അടിച്ചു പിളൎന്നു.

"ഒത്തബലമുള്ളഭീമനുമാനയും
ബദ്ധകോപത്തോടുയുദ്ധംതുടൎന്നപ്പോൾ
പൃഥ്വികലുങ്ങിനടുങ്ങിജ്ജഗത്ത്രയം
അബ്ധികളേഴുമലറിക്കലങ്ങുന്നു."

അപ്പോൾ ആന ഭീമനെ തുമ്പിക്കൈകൊണ്ടു പിടിച്ചു മേല്പോട്ടെറിഞ്ഞു കൊമ്പിന്മേൽ വന്നു വീഴുവാനായിട്ടു കൊമ്പുയൎത്തി നില്ക്കുന്നതു കണ്ടു അൎജ്ജുനൻ സംഭ്രമത്തോടുകൂടി ഒരു ബാണം പ്രയോഗിച്ചു.

അഹൊ! അസ്ത്രംകൊണ്ടു വാരണവീരന്റെ തലയും, ഭഗദത്തന്റെ വില്ലും, അയാളുടെ കഴുത്തും നാലാമതു ആനയുടെ വാലും ഖണ്ഡിച്ചു കോലാഹലപൂൎവ്വം ആ വീരബാണം പാഞ്ഞു. നീലമലപോലെ കുംഭിവൎയ്യൻ ഭൂതലത്തു പതിച്ചു. ഭഗദത്തൻ അതിന്റെ മീതെ വന്നു വീണു. രണ്ടിന്റെയും മേൽ ഭീമനും വീണു. കണ്ടുനിന്നിരുന്നവർ ആശ്ചൎയ്യപ്പെടുകയും ശേഷിച്ച പടകൾ പാച്ചിൽ തുടങ്ങുകയും ചെയ്തു.

യുദ്ധം വീണ്ടും ഭയങ്കരമായി നടന്നു. ധൎമ്മയുദ്ധംകൊണ്ടു ദ്രോണാചാൎയ്യരെ ജയിക്കുവാൻ അസാദ്ധ്യമെന്നു കണ്ടു ശ്രീകൃഷ്ണൻ ധൎമ്മപുത്രരെക്കൊണ്ടു ഒരു അസത്യം പറയിപ്പിക്കണമെന്നും അല്ലാത്തപക്ഷം ഗുരുവീരനെ വധിച്ചുകൂടുന്നതല്ലെന്നും മനസ്സിൽ ഉറപ്പായി കരുതി. ദ്രോണർ എല്ലാവരേയും കൊന്നൊടുക്കുന്നതിന്നു മുമ്പെ വിശ്വരക്ഷക്കും ആത്മരക്ഷക്കുംവേണ്ടി അശ്വത്ഥാമാവു ഹതനായെന്നു അദ്ദേഹം കേൾക്കെ വിളിച്ചുചൊല്ലണമെന്നാണു ശ്രീകൃഷ്ണൻ ധൎമ്മാത്മജനെ ഉപദേശിച്ചതു. ഇപ്രകാരം യുധിഷ്ഠിരൻ "അശ്വത്ഥാമാവു ഹതനായി," എന്നു വിളിച്ചുപറഞ്ഞു. ദ്രോണർ വ്യസനിച്ചു വില്ലുവെച്ചു. നിരായുധനായി നില്ക്കുന്ന ദ്രോണരെ തന്റെ അച്ഛൻ ചെയ്ത ശപഥം നിറവേറ്റുന്നതിന്നുവേണ്ടി, വധിക്കുവാനായിട്ടു വാൾ ഓങ്ങിക്കൊണ്ടു നിഷ്ഠുരനായ ധൃഷ്ടദ്യുമ്നൻ മുന്നോട്ടു ചാടി. ഖഡ്ഗം ദ്രോണരുടെ കണ്ഠത്തെ ശരീരത്തിൽനിന്നും വേർപെടുത്തി താഴെ പതിപ്പിച്ചു.

യുധിഷ്ഠിരൻ പറഞ്ഞതു അസത്യമാണെങ്കിലും യുദ്ധത്തിന്റെ തിരക്കിൽ അദ്ദേഹം കയറിയിരുന്ന അശ്വത്ഥാമനെന്ന ആ

ന ശരമേറ്റു മറിഞ്ഞുവീണതു ശരിയായിരുന്നു. ഈ വൎത്തമാനമത്രെ ധൎമ്മപുത്രർ വിളിച്ചുപറഞ്ഞതു. പക്ഷെ ദ്രോണാചാൎയ്യർ തെറ്റിദ്ധരിച്ചാണു ആയുധം നിലത്തുവെച്ചതു. യുധിഷ്ഠിരൻ മനഃപൂൎവ്വമായി നുണ പറകയുണ്ടായില്ല. കാൎയ്യത്തിന്റെ പോക്കു അദ്ദേഹത്തിന്നു ഒടുക്കമാണു മനസ്സിലായതു. അപ്പോൾ അദ്ദേഹം താൻ ചെയ്തുപോയ പാപകൎമ്മത്തെ ഓൎത്തു അത്യന്തം പശ്ചാത്തപിച്ചു. ഭാരതമഹാവീരന്മാരുടെ മാന്യതക്കു് ഈ പ്രവൃത്തി ഒരു വലിയ കളങ്കമായിട്ടു തീൎന്നുവെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല.

ദ്രോണരുടെ മരണശേഷം സേനാനായകത്വം കൎണ്ണനിൽ സമൎപ്പിക്കപ്പെട്ടു. സാരഥി പുത്രനാകയാൽ ആഭിജാത്യക്കുറവുള്ളവനാണെങ്കിലും ഈ ബഹുമതി കിട്ടിയതോടുകൂടി കൎണ്ണൻ വലിയ അഭിമാനിയായിത്തീൎന്നു. അയാളുടെ രഥംപോയ വഴിയൊക്കെ അസംഖ്യം പേർ അസ്ത്രമേറ്റുമറിഞ്ഞിരുന്നു. അശ്വത്ഥാമാവു ഭീമനോടെതിൎത്തു. ധൃഷ്ടദ്യുമ്നൻ കൃപരോടേറ്റു തോറ്റു. കൃതവൎമ്മാവു് ശിഖണ്ഡിയോടാണു മല്ലിട്ടതു. കൎണ്ണാൎജ്ജുനന്മാർ തമ്മിൽ നേൎത്തു. രണ്ടുപേരും രഥം വട്ടത്തിലോടിച്ചു ബാണപ്രയോഗത്തിന്നു ലാക്കുനോക്കി ബദ്ധദൃഷ്ടികളായി നിന്നു. ശ്രീകൃഷ്ണന്റെ സാമൎത്ഥ്യംകൊണ്ടു അൎജ്ജുനന്റെ രഥം ഗതിമുറിയാതെ പാഞ്ഞു ചുഴലുകയാൽ കൎണ്ണന്നു ശരിയായ ഉന്നം കിട്ടാതെയായി. ഒടുവിൽ കൎണ്ണസാരഥി അയാളുടെ തേർ പഴിയരികെയുണ്ടായിരുന്ന കുന്നയിൽ കൊണ്ടുപോയി കയറ്റുകയാൽ രഥത്തിന്റെ ഗതിസ്തംഭിച്ചു. ആ നിമിഷത്തിൽ അൎജ്ജുനന്റെ ശരം വില്ലിൽനിന്നു കുതിച്ചു ചാടിക്കഴിഞ്ഞു. ചിന്താവേഗത്തിൽ കൎണ്ണന്റെ വക്ഷസ്സിനെ രണ്ടായി പിളൎന്നു ശരം മറുപുറത്തെത്തി. മകന്റെ മരണം കണ്ടു സൂൎയ്യഭഗവാൻ മഴത്തുള്ളിയെന്ന വ്യാജേന അശ്രുധാരപൊഴിച്ചു. ഇങ്ങിനെ കൌരവന്മാരുടെ മൂന്നാമത്തെ സേനാനായകത്വം അവസാനിച്ചു.

കടലുപോലെ പരന്ന പടകളോടുകൂടി പാൎത്ഥൻ ഉടലിൽ സ്വേദശോണിതങ്ങൾ അണിഞ്ഞു വിളങ്ങിക്കൊണ്ടിരിക്കുമ്പോൾ ശിരസ്സിൽ കുസുമവൃഷ്ടിയുണ്ടായി. ദുൎയ്യോധനസൈന്യങ്ങൾ കൎണ്ണന്റെ മരണവൃത്താന്തമറിഞ്ഞു വ്യസനാക്രാന്തന്മാരായി അ

ങ്ങുമിങ്ങും പാഞ്ഞു ശിഥിലീഭവിച്ചു. ഭീമസേനൻ ദുശ്ശാസനന്റെ പുറകെ എത്തി അവനെ പിടിച്ചു നിലത്തു മറിച്ചിട്ടു നെഞ്ചു പിളൎന്നു അവന്റെ ഹൃദയരക്തം പാനം ചെയ്തു. ഇപ്രകാരം ചെയ്യുമെന്നു പതിമൂന്നു കൊല്ലംമുമ്പു വൃകോദരൻ ഹസ്തിനപുരത്തിൽവച്ചു ശപഥം ചെയ്തിരുന്നുവല്ലോ. രാത്രിയായപ്പോഴേക്കും കൌരവന്മാരുടെ കൂട്ടത്തിൽ ദുൎയ്യോധനനും ദ്രോണപുത്രനായ അശ്വത്ഥാമാവും അയാളുടെകൂടെ ഓടി രക്ഷപ്രാപിച്ച രണ്ടു ചങ്ങാതിമാരും മാത്രമേ ശേഷിച്ചുള്ളൂ. ഈ ചങ്ങാതികൾ കൃപരും കൃതവൎമ്മാവുമായിരുന്നു.

## പന്ത്രണ്ടാം അദ്ധ്യായം.

പിറേറ ദിവസം സൂൎയ്യോദയമായപ്പോൾ പാണ്ഡവന്മാർ ദുൎയ്യോധനന്റെ ശവശരീരം കണ്ടെത്തുവാനായി പോൎക്കളം മുഴുവനും അന്വേഷിച്ചു നടന്നു. ഈ ദുഷ്ടൻ ജീവനോടെയിരിക്കുന്ന കാലംവരെ സമാധാനപൂൎവ്വം രാജ്യം കൈവശമാക്കി വാഴുവാൻ ഒരിക്കലും സാധിക്കയില്ലെന്നു അവൎക്കു പൂൎണ്ണവിശ്വാസമായിരുന്നു. കുറെക്കാലം മുമ്പു ഒരു ഐന്ദ്രജാലികൻ ദ്വൈപായനസരസ്സിന്റെ അടിയിൽ ജാലവിദ്യകൊണ്ടു ഒരു മാളിക ദുൎയ്യോധനനു തീൎത്തുകൊടുത്തിട്ടുള്ള സംഗതി ഇപ്പോൾ പാണ്ഡവന്മാരുടെ ഓൎമ്മയിൽ വന്നുപെട്ടു. തലേദിവസം ഭടന്മാർ തലയററുവീഴുന്നതു കണ്ടു ഭയന്നു പ്രാണരക്ഷയ്ക്കായി ഈ മന്ദിരത്തിൽ ചെന്നു ഒളിച്ചിരിക്കയാണു ദുൎയ്യോധനൻ ചെയ്തതു. ജലത്തിന്റെ സമീപത്തു ചെന്നു ഒരു മന്ത്രം ജപിച്ചാൽ വെള്ളം ഒരു ഭാഗത്തേക്കു അകന്നു മാളികയുടെ ഉള്ളിലേക്കു പോകുവാൻ മാൎഗ്ഗം താനെതന്നെ കാണാം. അകത്തു കടന്നു വേറെ ഒരു മന്ത്രം ജപിച്ചാൽ നാലുപുറത്തുനിന്നും ജലംവന്നു ഈ മാൎഗ്ഗത്തെ മൂടി യഥാപൂൎവ്വം ജലാശയമായിട്ടുതന്നെ തോന്നും. അതിനാൽ പാണ്ഡവന്മാർ ദുൎയ്യോധനനെ അന്വേഷിച്ചിട്ടു കണ്ടുകിട്ടാഞ്ഞതിനാൽ ആശ്ചൎയ്യപ്പെടുവാനില്ല. അശ്വത്ഥാമാവു ഈ മാളികയുടെ വിവരം അറിഞ്ഞിട്ടു

ണ്ടായിരുന്നതിനാൽ ദുര്യോധനൻ അതിൽ ഉണ്ടായിരിക്കണമെന്നു അയാൾ ഊഹിച്ചു. അതനുസരിച്ചു അശ്വത്ഥാമാവ് സരസ്തടത്തിങ്കൽ വന്നു ദുര്യോധനന്റെ പേർ വിളിച്ചാറെ മറുവടിയായി തടാകത്തിന്റെ അഗാധമായ അടിത്തട്ടിൽനിന്നു ദുര്യോധനന്റെ ശബ്ദം കേൾക്കുമാറായി.

ഈ അവസരത്തിൽ, പാണ്ഡവസൈന്യത്തിന്നു മാംസം അന്വേഷിച്ചു നടക്കുന്ന വേടന്മാരിൽ ചിലർ ഈ തടാകത്തിന്റെ വക്കത്തുകൂടെ സഞ്ചരിച്ചുകൊണ്ടിരിക്കയായിരുന്നു. ഇവർ വിവരം ചെന്നു യുധിഷ്ഠിരാദികളെ അറിയിച്ചു, അവരേയും ശ്രീകൃഷ്ണനേയും ആ സ്ഥലത്തു കൂട്ടിക്കൊണ്ടുവന്നു കാണിച്ചുകൊടുത്തു. പാണ്ഡവന്മാർ കരയിൽനിന്നു ദുര്യോധനനെ വിളിച്ചു. ദുര്യോധനൻ വെള്ളത്തിന്റെ അടിയിലുള്ള മാളികയിലിരുന്നുകൊണ്ടു അവരെ ആക്ഷേപിച്ചു. വെള്ളത്തിൽ മുങ്ങിച്ചെന്നു ദുര്യോധനനെ വലിച്ചു കരയിൽ കയററി ചവുട്ടിക്കൊല്ലുമെന്നു ഭീമസേനൻ കോപത്തോടെ ഉറക്കെപ്പറഞ്ഞു. ഇങ്ങിനെയിരിക്കെ, ദുര്യോധനൻ, ഐന്ദ്രജാലികൻ ഉപദേശിച്ചുകൊടുത്തിരുന്ന വേറെ ഒരു മന്ത്രം ജപിക്കയും തൽഫലമായി വെള്ളം മുഴുവനും ഘനീഭൂതമായിത്തീരുകയും ചെയ്തു. പാണ്ഡവന്മാർ ആക്ഷേപിച്ചു സംസാരിക്കുന്തോറും ദുര്യോധനൻ അങ്ങോട്ടും കൂടുതലായി ആക്ഷേപിച്ചുപറഞ്ഞു.

ദുര്യോധനൻ:— അല്ലയോ ദായാദികളേ! ഞാൻ ഒരുത്തൻ മാത്രമേയുള്ളു. നിങ്ങൾ അഞ്ചുപേരുണ്ടു. അതിനാൽ അന്യായമായവിധം നിങ്ങളുടെ കൈകൊണ്ടു മരിക്കുവാനായിട്ടു ഞാൻ എന്തിനു എന്റെ ജലവാസത്തെ വിട്ടു കയറിവരുന്നു? ഒരുസമയത്തു ഒരുത്തൻ മാത്രമേ എന്നോടു എതൃക്കയുള്ളുവെന്നു ധർമ്മപുത്രർ വാഗ്ദത്തം ചെയ്യുന്നതായാൽ ഞാൻ സന്തോഷപൂർവ്വം കരയിലേക്കു കയറിവന്ന് അവിടെവെച്ചു ഓരോരുത്തരോടും പൊരുതുന്നതാണ്.

യുധിഷ്ഠിരൻ:—“നീ ഭരതവംശത്തിൽ ജനിച്ച. രാജകുമാരനാണെങ്കിൽ മുകളിലേക്കു കയറിവരിക. നിനക്കു ഇഷ്ടമുള്ള ആളോടു ഇഷ്ടമുള്ള ആയുധംകൊണ്ടു നീ യുദ്ധം ചെയ്യുക. നീ നിശ്ചയിച്ചു യുദ്ധത്തിന്നു വിളിക്കുന്ന ആളെ നീ തോല്പിക്കുന്നപക്ഷം

എന്റെ രാജ്യവും അതു സംബന്ധിച്ചുള്ള സകല അവകാശങ്ങളും ഒരു തുള്ളി രക്തംപോലും ഭൂമിയിൽ വീഴുവാൻ ഇടവരുത്താതെ ഞാൻ നിനക്കു വിട്ടുതരുന്നുണ്ടു. നീ പരാജിതനായാൽ നിന്റെ സർവ്വാവകാശവും ഞങ്ങൾക്കു തരികയും വേണം.”

ദുര്യ്യോധനൻ ദുർജ്ജയവിക്രമനും ദുർജ്ജനാഗ്രേസരനുമായിരുന്നുവെങ്കിലും, ഭീരുവല്ലായിരുന്നു. യുധിഷ്ഠിരന്റെ പോരുവിളി അയാൾ സസന്തോഷം അംഗീകരിച്ചു.

ദുര്യ്യോധനൻ:—ഞാൻ നിങ്ങളുടെ വാക്കു വിശ്വസിക്കുന്നു. ഇതാ ജലമന്ദിരത്തിൽനിന്നും മേല്പോട്ടു കയറുന്നു. ഭീമനെയാണു ഞാൻ ദ്വന്ദ്വയുദ്ധത്തിനു വിളിക്കുന്നതു. യുദ്ധം ഗദകൊണ്ടായിരിക്കയും വേണം.”

ഇത്രനാളും ശരീരം കളഞ്ഞു യുദ്ധം ചെയ്തു നേടിയതെല്ലാം കളവാനാണു ജ്യേഷ്ഠൻ ഭാവിക്കുന്നതെന്നു കണ്ടു അർജ്ജുനൻ ആശ്ചര്യപ്പെട്ടു.

അപ്പോൾ ഭീമൻ:—“സഹോദരാ! ഭയപ്പെടേണ്ടാ. എന്റെ ഗദകൊണ്ടു ഞാൻ ദുര്യ്യോധനന്റെ തുടകളെ അടിച്ചു ഞെരിക്കുന്നതുണ്ടു. അങ്ങിനെ ചെയ്യുമെന്നാണു ഞാൻ അന്ന് ഹസ്തിനപുരത്തിൽവച്ചു ഇവൻ ദ്രൌപദിയെ ആക്ഷേപിച്ചപ്പോൾ ശപഥം ചെയ്തിരിക്കുന്നതു.”

പാണ്ഡവന്മാർ വനത്തിൽ വസിച്ചുകൊണ്ടിരുന്ന കാലത്ത് ദുര്യ്യോധനൻ നാട്ടിലിരുന്നു ഗദാഭ്യാസം ശീലിക്കുകയായിരുന്നു. അതുകൊണ്ടു ഗദാപ്രയോഗത്തിൽ അയാളെ ജയിക്കുവാൻ ഭാരതഖണ്ഡത്തിൽ ആരുംതന്നെ ഉണ്ടായിരുന്നില്ലെന്നുവേണം പറവാൻ. അതാണു ദുര്യ്യോധനൻ ഭീമനുമായുള്ള യുദ്ധത്തിനു ഗദയെടുത്തുകളയാമെന്നു തീർച്ചപ്പെടുത്തിയതു. അയാൾ ജലവിഭ്രാമമന്ത്രം ജപിച്ചു ഉറച്ചുകിടന്ന വെള്ളം ഉടനെ ദ്രവദ്രവ്യമായി. രണ്ടാമതൊന്നുകൂടി ജപിച്ചപ്പോൾ ജലം ഇരുഭാഗത്തും വാങ്ങിനിന്നു മാർഗ്ഗം നൽകി. കയ്യിൽ ഗദയുമെടുത്തു ദുര്യ്യോധനൻ ഈ മാർഗ്ഗത്തിൽക്കൂടെ ജലമന്ദിരത്തിൽനിന്നു കരയിലേക്കു വന്നു. ഭയങ്കരമായ സിംഹനാദം മുഴക്കിക്കൊണ്ടു വലിയ ഗദയോങ്ങി ഭീമന്റെ

നേരെ ചാടി. തടാകത്തിന്റെ ഒരററം മുതൽ മറെറ അററം വരെ ഇരുവരും യുദ്ധം പൊടിതകൎത്തു ദുൎയ്യോധനൻ പല വിദ്യകളും നോക്കി. കോപം മുഴുത്തു പല്ലുകടിച്ചു കണ്ണുരുട്ടിയലറിക്കൊണ്ടു രണ്ടുപേരും ഭയങ്കരമായി യുദ്ധം ചെയ്തു. വലിയ മലമുകളിൽനിന്നു ചെങ്കല്ലുഴിഞ്ഞൊഴുകുന്നതുപോലെ രണ്ടുപേരുടെ ശരീരങ്ങളിൽനിന്നും രക്തധാര പാഞ്ഞുതുടങ്ങി. ഭീമൻ തളൎന്നു. ദുൎയ്യോധനനു ആക്കം വൎദ്ധിച്ചു. ഇതുകണ്ടു മററുള്ളവൎക്കു പരിഭ്രമമായി. ശ്രീകൃഷ്ണൻ ഇവിടെ ഒരു വിദ്യ പ്രയോഗിച്ചതു നന്നായി.

"രാജധൎമ്മങ്ങൾ നിരൂപിച്ചുകാണ്കിലൊ
വ്യാജേനകൊല്ലാമരികളെ നിൎണ്ണയം."

വീരഗദായുദ്ധത്തിൽ അരയ്ക്കു കീഴെ തല്ലുവാൻ പാടില്ലെന്നാണു ന്യായം എന്നിരിക്കിലും ഇവിടെ ഇപ്പോൾ അതു ചെയ്യാതെ തരമില്ല. അൎജ്ജുനൻ തുടമേൽ കൈകൾകൊണ്ടു താളംപിടിച്ചു. ഭീമൻ അതുകണ്ടു താനുനിന്നു തലക്കു ഒരു തല്ലുവാങ്ങിയിട്ടു ദുൎയ്യോധനന്റെ തുടകളെ തച്ചുതകൎത്തു. ദുൎയ്യോധനൻ വിധിവശാൽ കാലൊടിഞ്ഞു നിലത്തുവീണു. പെട്ടെന്നു വൃകോദരൻ മാറത്തു കയറിനിന്നു ശത്രുവിന്റെ തലക്കടിച്ചു. യുദ്ധവും ഇതോടുകൂടി കലാശിച്ചു.

ദുൎയ്യോധനനെ കഴിയുന്നത്ര ശുശ്രൂഷിച്ചതിന്റെശേഷം പിറെറ ദിവസം രാവിലെ പാണ്ഡവന്മാർ പാളയത്തിലേക്കു മടങ്ങി. അവിടെ ചെന്നപ്പോൾ ഒരു ഭയങ്കരമായ കാഴ്ച അവരുടെ ദൃഷ്ടിക്കു വിഷയമായി. യുദ്ധത്തിൽ ശേഷിച്ച് കുരുക്ഷേത്രത്തിൽനിന്നു മടങ്ങിയെത്തിയിരുന്ന ഭടന്മാരിൽ മൃതനാകാതെകണ്ടു ഒരുത്തൻ പോലുമില്ല! കൂടാരം മുഴുവനും ശവശരീരങ്ങൾ അങ്ങുമിങ്ങും ചിതറിക്കിടക്കുന്നതായിട്ടു കണ്ടു.

പാണ്ഡവന്മാർ ദുൎയ്യോധനനെ തിരഞ്ഞുപോയിരുന്ന അവസരത്തിൽ കൃപരും കൃതവൎമ്മാവുംകൂടി ചെയ്ത ക്രൂരകൃത്യത്തിന്റെ ഫലമാണിതു. അൎദ്ധരാത്രി സമയത്തു അവർ ധൃഷ്ടദ്യുമ്നന്റെ കൂടാരത്തിൽചെന്നു സുഷുപ്തനായിരുന്ന അയാളെ നിഗ്രഹിച്ചു. പാഞ്ചാലീപുത്രന്മാരെ അഞ്ചുപേരെയും അവർ വെട്ടിമറിച്ചു. ശബ്ദംകേട്ടു ഭടന്മാർ ഉണൎന്നു തമ്മിലറിയാതെ വെട്ടിത്തുടങ്ങി. ചില

ർ പുറത്തേക്ക് പാഞ്ഞു. ദ്വാരഭാഗങ്ങളിൽ നിന്നിരുന്ന കൃപരും കൃതവർമ്മാവും അതുകളിൽക്കൂടെ പോകുന്നവരെ വെട്ടിവീഴ്ത്തി. വരുന്നവർ വൈരികളെന്നു അകത്തുള്ളവരും അകത്തു മുഴുവൻ ശത്രുക്കളാണെന്നു പുറത്തുള്ളവരും വിചാരിച്ചു തങ്ങളിൽ തങ്ങളിൽത്തന്നെ വെട്ടി മരിച്ചു അവസാനിച്ചു. എല്ലാം ഏകദേശം കഴിയാറായിയെന്നു കണ്ടപ്പോൾ അവർ കൈനിലക്കു തീയുംവെച്ചു. സകലവും വെന്തു ഭസ്മമായി. അശ്വത്ഥാമാവും ചങ്ങാതികളും വേഗത്തിൽ അവിടംവിട്ടു ദുര്യോധനൻ വീണുകിടക്കുന്നേടത്തു ചെന്നു. കാഴ്ചകണ്ടു അവർ ഏററവും ദുഃഖിതരായി നിലവിളിച്ചു. ദുര്യോധനൻ ആ കിടപ്പിൽ പ്രാണൻപോയി മരിക്കയും ചെയ്തു. എങ്കിലും ദുര്യോധനൻ മരിച്ചതു ധൃഷ്ടദ്യുമ്നൻെറയും പാഞ്ചാലീപുത്രന്മാരുടേയും മററു ഭടന്മാരുടെയും വധവൃത്താന്തം കേട്ടു സന്തോഷിച്ചുകൊണ്ടാണെന്നു സമാധാനപ്പെടാവുന്നതാണ്.

## പതിമ്മൂന്നാം അദ്ധ്യായം.

ദ്രൌപദീപുത്രന്മാരുടേയും ഭടജനങ്ങളുടേയും വധവൃത്താന്തമറിഞ്ഞു വിലപിച്ചതിനുശേഷം പാണ്ഡവന്മാർ ശ്രീകൃഷ്ണനോടുകൂടി ഹസ്തിനപുരത്തിലേക്കു പുറപ്പെട്ടു. ഇവരുടെ വരവു കേട്ടു ധൃതരാഷ്ട്രർ ഗോപുരത്തിങ്കലേക്കു വന്നു. ആദ്യം ഇദ്ദേഹം യുധിഷ്ഠിരനെ ആലിംഗനം ചെയ്തു. സ്നേഹമില്ലായ്കയാൽ മനസ്സില്ലാമനസ്സോടുകൂടിയാണു ആശ്ലേഷം നടത്തിയതു. പിന്നെ ഭീമനെ ആലിംഗനം ചെയ്യുന്നതിനു കൈകൾ നീട്ടി. ഭീമൻ മാറിക്കളഞ്ഞു. തൽസ്ഥാനത്തു ശ്രീകൃഷ്ണൻ ഒരു ഇരുമ്പുഭീമനെ കൊണ്ടുവന്നുവെച്ചു. ധൃതരാഷ്ട്രർ കൈനീട്ടി ഇരുമ്പുപ്രതിമയെ സ്പർശിച്ചു ഭീമനാണു നില്ക്കുന്നതെന്നു വിശ്വസിച്ചു കൈവട്ടം കോർത്തുകെട്ടി ഭയങ്കരബലത്തോടെ അതിനെ ഞെക്കിഞെരിച്ചുകളഞ്ഞു. ഇരുമ്പുപ്രതിമ ഇത്തരത്തിലായ സ്ഥിതിക്കു ഭീമനായിരുന്നു അവിടെ നിന്നിരുന്നതെങ്കിൽ പിന്നത്തെ കഥ എന്തായിരിക്കും! കൈവിട്ടപ്പോൾ ഇരുമ്പുപ്രതിമ പൊടിഞ്ഞു തകർന്നു താഴെ മറിഞ്ഞു.

അപ്പോൾ ധൃതരാഷ്ട്രർ:—"മകനേ! ഭീമസേനാ! നിന്നിലുള്ള പ്രേമംകൊണ്ടു ഞാൻ നിന്നെ അല്പം മുറുകെപ്പുണൎന്നുപോയി. പൈതലേ! നീ എല്ലുനുറുങ്ങി മരിച്ചുവെന്നുണ്ടോ? നീ പതുക്കെ കൂടിയുണ്ടായില്ലല്ലോ! വന്ന ദുഃഖങ്ങളൊക്കെക്കളഞ്ഞു ശേഷകാലമെങ്കിലും സമാധാനമായിട്ടു മക്കളോടൊന്നിച്ചിരിക്കാമെന്നു വിചാരിച്ചതെല്ലാം അരുതെന്നാണോ ദൈവം വിധിച്ചിരിക്കുന്നതു!

'ആപത്തുവന്നാലതിൽപ്പരമീശ്വര-
നാപത്തുതന്നേ വരുത്തുമേമേൽക്കുമേൽ.'

ആലിംഗനംകൊണ്ടു മനുഷ്യൻ മരിക്കുമെന്നു ഞാൻ കട്ടും നിരൂപിച്ചിരുന്നില്ല. കീചകൻ ആലിംഗനംകൊണ്ടു മരിച്ചുവെന്നു കേട്ടിട്ടുണ്ടു. നീയും അപ്രകാരംതന്നെ കലാശിച്ചുവെന്നോ? എന്നിങ്ങിനെ പറഞ്ഞു ധൃതരാഷ്ട്രർ ബഹുധാ മിത്ഥ്യാ വിലാപം ചെയ്തു.

പ്രലാപം കണ്ടു സകല ലോകാത്മകനായ ഭഗവാൻ ശ്രീകൃഷ്ണൻ മന്ദസ്മിതം ചെയ്തുകൊണ്ടു, 'അല്ലയോ വൈചിത്ര്യവീൎയ്യനായ മഹീപതേ! അങ്ങയുടെ ഈ തൊഴിൽ എത്രയും വൈചിത്ര്യംതന്നെ. അങ്ങ് ഇതു ചെയ്യുമെന്നു മുമ്പുതന്നെ ഞാൻ അറിഞ്ഞു. ഭീമനല്ലാ പൊടിഞ്ഞതു്. ഭീമപ്രതിമയായ ഇരുമ്പാണ്. വ്യസനിക്കേണ്ട സംഗതിയൊന്നും ഇവിടെ സംഭവിച്ചിട്ടില്ല. ഇനിയെങ്കിലും ഞാൻ പറയുന്ന നന്മകളെ ചെവികൊണ്ടു കേട്ടു തദനുസാരമായി വൎത്തിക്കുക. ഇത്തരത്തിലുള്ള ദുഷ്ടവിചാരമൊക്കെ കളഞ്ഞു മനസ്സിൽ നല്ലതു കരുതരുതേ? വൈരമൊക്കെയകററി നന്ദനന്മാരുമായിട്ടു സ്വസുഖം വസിക്കു. രാഗാദിദോഷങ്ങൾ ഉള്ളിൽ വച്ചുകൊണ്ടിരിക്കുന്ന കാലംവരെ മനുഷ്യനു സൽഗതിയില്ല.'

സജ്ജനസേവ്യനായ സാക്ഷാൽ അച്യുതന്റെ വചനംകേട്ടു അന്ധനായ രാജാവു തുലോം ലജ്ജിച്ചു. പിന്നെ മക്കളെ ക്രമേണ ഉഴുകി ഖിന്നഭാവത്തിൽനിന്നും വിമുക്തനായി.

ഇതിനുശേഷം പാണ്ഡവന്മാർ പാഞ്ചാലി മുതലായ സ്ത്രീകളോടുകൂടി ഗാന്ധാരിയെക്കാണുവാൻ പുറപ്പെട്ടു. ഇവർ ചെല്ലു

ന്നതിന്നു മുമ്പുതന്നെ വേദവ്യാസൻ ചെന്നു ഗാന്ധാരിയോടു പാണ്ഡവന്മാരെ ശപിക്കരുതെന്നു ഉപദേശിച്ചിട്ടുണ്ടായിരുന്നു. കോപം പാപമഹാമരത്തിന്റെ വിത്താണല്ലോ. മുമ്പാകെ വന്നു വണങ്ങിയ കുന്തീപുത്രന്മാരെ ഗാന്ധാരി ശരീരത്തോടണച്ചു തഴുകി. അപ്പോൾ അവിടെയുണ്ടായ കരച്ചിലും നിലവിളിയും ഇത്രയെന്നു പറഞ്ഞറിയിക്കുക വയ്യ. പാഞ്ചാലി വാവിട്ടു കരഞ്ഞു തല്ലിയലച്ചു തൊഴിച്ചു. ഒരു കുഡുംബത്തിൽ ഒരാൾ മരിച്ചാൽ സ്ത്രീകൾ എത്രമാത്രം കരഞ്ഞു ലഹള കൂട്ടാറുണ്ടെന്നുള്ളതു നമുക്കു അനുഭവമുള്ള സംഗതിയാണല്ലോ. പിന്നെ, അസംഖ്യം പേർ തമ്മിൽതമ്മിൽപ്പോരുതി അകാലമൃത്യുവിന്നു വശംവദന്മാരായാലത്തെ സ്ഥിതി പറവാനുണ്ടോ! രാജധാനി മുഴുവനും സ്ത്രീകളുടെ മുറവിളികൊണ്ടു ആകുലിതമായി. പ്രലാപം ഒട്ടു ശമിച്ചപ്പോൾ ഗാന്ധാരിയുടെ താല്പര്യപ്രകാരം കുന്തി, പാഞ്ചാലി, സുഭദ്ര, ഉത്തര മുതലായ സ്ത്രീകൾ പോരിൽ മരിച്ചവരുടെ ഉടലുകൾ കാണ്മാനായി കുരുക്ഷേത്രത്തിലേക്കു നടന്നു. കൂടെ ധൃതരാഷ്ട്രരും, പാണ്ഡവന്മാരും, ശ്രീകൃഷ്ണനും പുറപ്പെട്ടു. പതിനെട്ടു അക്ഷൌഹിണിപ്പട മരിച്ചുവീണുകിടക്കുന്ന പോർക്കളത്തിന്റെ മുന്നിൽ, അവർ ചെന്നുനിന്നു. വേദവ്യാസമഹർഷിയുടെ അനുഗ്രഹത്താൽ ദൂരെക്കിടക്കുന്ന ശവങ്ങളെ ഒക്കെ ഗാന്ധാരി അടുത്തു കിടക്കുന്നപോലെകണ്ടു. പത്തു ദിവസംകൊണ്ടു പത്തുസഹസ്രം ഗജാശ്വരഥികളെയും അതിനടുത്ത കാലാൾപ്പടകളേയും കൊന്നൊടുക്കിയ ഭീഷ്മർ അർജ്ജുനശരമേറ്റു ഛിദ്രിഭവിച്ച അംഗങ്ങളോടുകൂടി കിടക്കുന്നതുകണ്ടു ഗാന്ധാരിയുടെ ഹൃദയം തകർന്നു. പതിനെട്ടു ദിവസം യുദ്ധം ചെയ്തു മരിച്ചുകിടക്കുന്ന രാജാക്കന്മാരുടെ കിരീടകടകകുണ്ഡലാദ്യാഭരണങ്ങളും, ചിതറിക്കിടക്കുന്ന രഥചക്രങ്ങളും, ചോരയിൽ വീണിഴയുന്ന കൊടികളും, ചത്തു മലച്ചുകിടക്കുന്ന ഗജാശ്വങ്ങളും, അസ്തമനസമയത്ത് മേഘങ്ങൾ പരന്നപോലെ രക്തധാരകൊണ്ടു സിക്തമായ യുദ്ധഭൂമിയിൽ ഉടലറ്റു വീണുകിടക്കുന്ന പുത്രന്മാരുടെ ഗാത്രങ്ങളും കണ്ടു സ്ത്രീകളൊക്കെ നിലത്തു മറിഞ്ഞുവീണു ക്രന്ദനംചെയ്തു കഥാഭാഗം വാക്കുകൊണ്ടു വർണ്ണിക്കുന്നതിൽ നല്ലതു മനസ്സുകൊണ്ടു ഊഹിച്ചറിയുകയാണ്.

ധൃതരാഷ്ട്രരും ഭാൎയ്യയും യുദ്ധഭൂമി വിട്ടു ഹസ്തിനപുരത്തിലേക്കു പോയി. വയോവൃദ്ധനായ രാജാവിനു മുമ്പുണ്ടായിരുന്ന ബഹുമാനത്തിനു കുട്ടം കുറവുവരുത്താതെ യുധിഷ്ഠിരൻ അദ്ദേഹത്തെ ആശ്രയിച്ചുതന്നെ വസിച്ചു. മാതുലനെത്തന്നെ രാജാവായി വിചാരിച്ചു വൎത്തിച്ചുകൊള്ളണമെന്നു ധൎമ്മജൻ അനുജന്മാരോടും പ്രജകളോടും ആജ്ഞാപിച്ചു. യുദ്ധത്തിൽ തന്റെ ഭാഗത്തും ദുൎയ്യോധനന്റെ ഭാഗത്തും പൊരുതു മരിച്ച സകലരുടേയും ആത്മാവിനു പുണ്യം വരുത്തുവാനുള്ള ക്രിയകൾ യാതൊരു ഭേദബുദ്ധിയുംകൂടാതെ നടത്തണമെന്നും അദ്ദേഹം കല്പിക്കയുമുണ്ടായി. ആസന്നമായിരിക്കുന്ന ഭരതവംശനാശത്തെ ഓൎത്തു ധൎമ്മപുത്രർ ഇന്നപ്രകാരമാണു വ്യസനിച്ചതെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. ഇങ്ങിനെ വ്യസനിച്ചുകൊണ്ടിരിക്കുമ്പോൾ യുദ്ധത്തിൽ മരിച്ച അഭിമന്യുവിന്റെ ഭാൎയ്യയായ ഉത്തര ഒരു ആൺകുട്ടിയെ പ്രസവിച്ച വിവരം ഒരു ദാസിവന്നു അദ്ദേഹത്തെ അറിയിച്ചു. ഘോരമായ മരുഭൂമിയിൽകൂടി സഞ്ചരിക്കുന്ന പഥികന്റെ ദൃഷ്ടി ജലവും വൃക്ഷങ്ങളുമുള്ള വിശ്രമസ്ഥലത്തു പതിയുമ്പോൾ ഏതുപ്രകാരമിരിക്കുമോ അപ്രകാരം പാണ്ഡുപുത്രന്റെ ഹൃദയം ഈ സന്തോഷവൃത്താന്തം കേട്ടു കുളിൎത്തു. ഹസ്തിനപുരനിവാസികളായ സകല ജനങ്ങൾക്കും ഈ വൎത്തമാനം കൎണ്ണരസായനമായിട്ടുതീൎന്നു. അവസാനിക്കാറായ വംശത്തിനു പുനൎജ്ജീവനുണ്ടായതുകൊണ്ടു ഈ ബാലനെ പരീക്ഷിത്തെന്നു നാമകരണം ചെയ്തു.

ധൃതരാഷ്ടർ പതിനഞ്ചു സംവത്സരംകൂടി രാജ്യാധിപത്യം വഹിച്ച് ഹസ്തിനപുരത്തിൽ വാണു. യുധിഷ്ഠിരൻ അദ്ദേഹത്തെ കൃതജ്ഞതാപൂൎവ്വം സേവിച്ചുനില്ക്കയാൽ സ്വപുത്രനിൎവ്വിശേഷമായ സ്നേഹം അദ്ദേഹവും പ്രദൎശിപ്പിച്ചുപോന്നു. അനുജന്മാരോടും അങ്ങിനെതന്നെയാണു വൃദ്ധനായ രാജാവു പെരുമാറിയിരുന്നതു. എന്നാൽ ഭീമൻ രാജാവിന്റെ കൈതവപൂൎണ്ണമായ ആലിംഗനത്തെ മറന്നിരുന്നില്ല. യുധിഷ്ഠിരൻ ഇല്ലാത്ത സമയത്തു ഭീമൻ ധൃതരാഷ്ടരേയും ഗാന്ധാരിയേയും കുറെ പറയുക പതിവായിരുന്നു. ദുൎയ്യോധനന്റെ ചതിപ്രയോഗമാണു രാജ്യനാശത്തിനു ഹേതുവായതെന്നു ഭീമൻ പലപ്പോഴും മാതുലന്റെ നേരെവെച്ചു

പറയാറുണ്ട്. ഇതു ധൃതരാഷ്ട്രരെയും ഗാന്ധാരിയേയും കണക്കിലധികം ശല്യപ്പെടുത്തി. ഒടുവിൽ അവർ രാജ്യഭാരം ധൎമ്മജങ്കൽ സമൎപ്പിച്ചു വാനപ്രസ്ഥന്മാരായി വനത്തിലേക്കുപോയി. കുന്തിയും അവരെ അനുഗമിച്ചു. പ്രായാധിക്യംകൊണ്ടും സ്വപുത്രനായ കൎണ്ണന്റെ മരണമോൎത്തും കുന്തി വളരെ ക്ഷീണിച്ചിരുന്നു. ഗംഗാതീരത്തിലുള്ള വനപ്രദേശത്ത് ഇവർ മൂന്നുപേരും ഭിക്ഷുവേഷം ധരിച്ചു വസിച്ചു.

ഇങ്ങിനെയിരിക്കെ ഒരു ദിവസം ഒരു വലിയ കാട്ടുതീ പിടിപെട്ടു. വടക്കൻ കാററുതട്ടി വൎദ്ധിച്ചുവന്ന അഗ്നി ധൃതരാഷ്ട്രർ താമസിച്ചിരുന്ന ആശ്രമത്തിന്റെ നാലുപുറത്തും പടൎന്നുപിടിച്ചു. പുറത്തു പോകുവാൻ അവൎക്കു യാതൊരു മാൎഗ്ഗവും ഇല്ലാതായി. കാററുകൊണ്ടു അഗ്നി വളൎന്നു. അഹോ! സാധുക്കളായ വൃദ്ധരും ക്ഷണമാത്രംകൊണ്ടു ഭസ്മാവശേഷന്മാരായി! ഇങ്ങിനെ ധൃതരാഷ്ട്രരും ഗാന്ധാരിയും കുന്തിയും ജീവിതഭാരത്തെ ചുമലിൽനിന്നിറക്കിവെച്ചു നിത്യവിശ്രമത്തിനൊരുങ്ങി. ഇവരുടെ മരണവൃത്താന്തം ഹസ്തിനപുരത്തിൽ എത്തിയപ്പോൾ തദ്ദേശവാസികൾ യുധിഷ്ഠിരനെ രാജാവാക്കി അഭിഷേകം ചെയ്തു ആനന്ദപൂൎവ്വം വസിച്ചു.

## പതിനാലാം അദ്ധ്യായം.

ധൃതരാഷ്ട്രരുടെമരണശേഷം യുധിഷ്ഠിരൻ ഇരുപതുകൊല്ലം നീതിയോടെ രാജ്യഭരണം നടത്തി. ഈ ഭാഗ്യകാലത്തു ക്ഷാമത്തെപ്പററി കേട്ടുകേൾവി കൂടിയുണ്ടായിരുന്നില്ല. വേണ്ടപ്പോഴൊക്കെ മഴയുണ്ടാകുകയും ഐശ്വൎയ്യം വൎദ്ധിക്കുകയും ചെയ്തു. ഹസ്തിനപുരവാസികൾ ഇതിനു മുമ്പൊരു കാലത്തും ഇങ്ങിനെ സ[illegible]ൽസമൃദ്ധിപരിപൂൎണ്ണമായ ജീവിതം അനുഭവിച്ചിട്ടില്ലെന്നു വേണ[illegible] പറവാൻ. എന്നാൽ ഇരുപതു സംവത്സരം കഴിഞ്ഞപ്പോൾ [illegible] ഒരു വലിയ കഷ്ടകാലം പാണ്ഡവന്മാൎക്കു സംഭവിച്ചു. ദ്വാരകയിലെ രാജാവായ ശ്രീകൃഷ്ണന്റെ ദേഹവിയോഗമായിരുന്നു ഈ കാ

ലക്കേടിന്റെ ഹേതു പ്രപഞ്ചസ്ഥിതികർത്താവായ വിഷ്ണുവിന്റെ അവതാരവും രജോഗുണം മൂർത്തീകരിച്ച ക്ഷത്രിയോത്തമനും ആയ ശ്രീകൃഷ്ണന്റെ നിര്യ്യാണം പാണ്ഡവന്മാർക്ക് വളരെ നഷ്ടമായിട്ടാണ് തീർന്നതു.

യുധിഷ്ഠിരൻ സ്ഥാനത്യാഗത്തിനൊരുങ്ങി. അഭിമന്യുവിന്റെ പുത്രനായ പരിക്ഷിത്തിനെ വിളിച്ചു കിരീടം ആ യുവാവിന്റെ ശിരസ്സിൽ അർപ്പിച്ചു. സകല രാജഭൂഷണങ്ങളും പരിക്ഷിത്തിനു നൽകി. പരിക്ഷിത്തിനെ രാജാവാക്കി അഭിഷേകം ചെയ്തു.

ദേവപ്രീതിയ്ക്കുവേണ്ടി ഹോമാദികർമ്മങ്ങൾ നടത്തിയതിനു ശേഷം ധർമ്മപുത്രരും അനുജന്മാരും പാഞ്ചാലിയും മാൻതോലും വല്ക്കലവും ധരിച്ചു ഇന്ദ്രദിക്കിന്നഭിമുഖമായി യാത്രയാരംഭിച്ചു. സർവ്വസംഗപരിത്യാഗം ചെയ്തുകൊണ്ടുള്ള ഈ യാത്രയ്ക്കു "മഹാപ്രസ്ഥാനം" എന്നാകുന്നു പേർ. അപ്പോൾ ഒരു കിഴവനായ പട്ടി ധർമ്മപുത്രരുടെ പിന്നാലെ വിടാതെ കൂടിയിരുന്നു. ഇങ്ങിനെ ധർമ്മപുത്രരും അനുജന്മാരും പാഞ്ചാലിയും ജീവിതത്തിലെ അന്ത്യയാത്രയ്ക്കു പുറപ്പെട്ടു.

ഗാണ്ഡീവം അർജ്ജുനന്റെ കഴുത്തിൽ ഉണ്ടായിരുന്നു. പ്രായാധിക്യംകൊണ്ടു ദുർബ്ബലമായ കൈകൾ ആ മഹാചാപത്തെ താങ്ങത്തക്ക ശക്തിയുള്ളവയല്ലായിരുന്നുവെങ്കിലും ചെറുപ്പത്തിൽ തന്നെ സഹായിച്ചു വളരെ അത്ഭുതകർമ്മങ്ങളെ പ്രത്യക്ഷപ്പെടുത്തിയ ആ വില്ലിനെ വിട്ടുപിരിയുവാൻ അർജ്ജുനനു മനസ്സുവന്നില്ല. അവർ സഞ്ചരിച്ചുകൊണ്ടിരിയ്ക്കേ മുൻഭാഗത്തു ഒരു സ്വർണ്ണദീപ്തി കാണുമാറായി. അതു ക്രമേണ അടുത്തടുത്തും ഉയർന്നുയർന്നും കാണപ്പെട്ടു. അഗ്നിഭഗവാനായിരുന്നു ഈ പ്രഭാഗോളം. ഗാണ്ഡീവം സമുദ്രത്തിൽ എറിഞ്ഞിട്ടുവേണം പോകുവാനെന്നു അർജ്ജുനനെ ധരിപ്പിയ്ക്കുവാനാണു അഗ്നിദേവൻ ഇവരുടെ മുന്നിൽ ആവിർഭവിച്ചതു. സമുദ്രരാജാവായ വരുണന്റെ സ്വത്താണല്ലോ ഗാണ്ഡീവം. അതിനാൽ അതു കടലിൽത്തന്നെ ചേരേണ്ടതാണു. യുധിഷ്ഠിരനും അനുജന്മാരും ദാരങ്ങളും അഗ്നിയെ നമസ്കരിച്ചെഴുന്നേറ്റപ്പോൾ അദ്ദേഹം ഒരു മിന്നൽപിണരുപോലെ നഭോമണ്ഡലത്തിൽ മാഞ്ഞുകളഞ്ഞു.

അഗ്നിഭഗവാന്റെ കല്പനയനുസരിച്ചു ഇവർ പൃഥ്വിയ്ക്കുതീര

ത്തുചെന്നു. അൎജ്ജുനൻ കഴിയുന്ന ശക്തിയോടെ ഗാണ്ഡീവമ
ഹാകാർമ്മുകവും അതിന്റെ അക്ഷയമായ അവലഗവും സമുദ്ര
ത്തിലേക്കെറിഞ്ഞു.

ഭരതവംശജാതന്മാരായ മഹാവീരന്മാരഞ്ചുപേരും പാഞ്ചാ
ലപുത്രിയും കിഴക്കേ കടൽത്തീരം വിട്ടു പടിഞ്ഞാട്ടു നടന്നു ഭാരത
ഖണ്ഡം മുഴുവനും സഞ്ചരിച്ചു പശ്ചിമസമുദ്രതീരത്തുള്ള ദ്വാരകയി
ലെത്തി. യാദവന്മാരുടെ രാജധാനിയാണു ഈ രമണീയമായ
നഗരം. ഇവിടെ വെച്ചു യുധിഷ്ഠിരനു ഹിമാലയപർവ്വതത്തിന്റെ
ഹിമധവളങ്ങളായ ശൃംഗങ്ങളേയും ഛായാതരുക്കളാൽ നിബിഡ
മായ അതിന്റെ ശീതളസാനുക്കളേയും കാണേണമെന്നു മോഹം
തോന്നി. അതനുസരിച്ചു ഇവർ വടക്കോട്ടു നടന്നു കുറെ ചെന്നാ
പ്പോൾ, ആൎയ്യരാജാക്കന്മാരെ വിദേശീയാക്രമണങ്ങളിൽനിന്നു ര
ക്ഷിച്ചുകൊണ്ടുയർന്നു നില്ക്കുന്ന ഹിമവൽപർവ്വതപംക്തികൾ കാ[illegible]
റായി. കുറേ മേല്പോട്ടു കയറിയതോടുകൂടി ദ്രൗപതി ക്ഷീണിച്ചു
വീണു. മേല്പോട്ടു ചെല്ലുംതോറും ക്രമേണ സഹദേവൻ, നകുലൻ,
അൎജ്ജുനൻ, ഭീമൻ എന്നിവരും വീണു. ഇവരൊക്കെ വീണുവെന്ന
റിഞ്ഞിട്ടും ധൎമ്മപുത്രർ മനസ്സിനൊരു വികാരഭേദം കൂടാതെയും
പിന്നാക്കം തിരിഞ്ഞുനോക്കാതെയും നടന്നതേയുള്ളു. ശാന്തതയെ
ന്ന സത്ഗുണത്തിന്റെ പരമകാഷ്ഠ ഇതാകുന്നു. പട്ടിമാത്രം തു
ണയായിട്ടു കൂടെ നടന്നിരുന്നു.

അപ്പോൾ ഒരു ദേവദൂതൻ ഒരു വിമാനവും കൊണ്ടു ധൎമ്മപു
ത്രരുടെ മുമ്പിൽ പ്രത്യക്ഷമായിട്ടു, 'കയറാം; ദേവേന്ദ്രൻ കല്പനയാ
യിരിക്കുന്നു. സ്വൎഗ്ഗത്തിലേക്കെഴുന്നള്ളാം;' എന്നറിയിച്ചു. 'ഈ പ
ട്ടി മുമ്പിൽ കയറട്ടെ; പിന്നാലെ ഞാനും കയറാം' എന്നായിരുന്നു
ധൎമ്മപുത്രരുടെ മറുപടി. 'രാജസൂയയാഗം ചെയ്തിട്ടുള്ള അങ്ങേക്കു സ്വ
ൎഗ്ഗം അനശ്വരമായിട്ടുണ്ടു എന്നല്ലാതെ ഈ പുഴുത്ത പട്ടിക്കുണ്ടോ
സ്വൎഗ്ഗം കിട്ടുന്നു;' എന്നു ദേവദൂതൻ ചിരിച്ചുകൊണ്ടു പറഞ്ഞ
പ്പോൾ, 'എന്നാൽ എനിക്കും സ്വൎഗ്ഗം വേണ്ട, എന്നെ ഇത്രത്തോ
ളം ആശ്രയിച്ചു നിന്നിട്ടുള്ള ഇതിനെ ഉപേക്ഷിച്ചു ഞാൻ മാത്രം
സ്വൎഗ്ഗത്തിൽ ചെന്നു സുഖിച്ചിരിപ്പാൻ വിചാരിക്കുന്നില്ല;' എന്നു
ധൎമ്മപുത്രർ ഖണ്ഡിച്ചു മറുവടി പറഞ്ഞു. അപ്പോൾ ആ പട്ടി
സാക്ഷാൽ ധൎമ്മരാജാവിന്റെ ആകൃതിയിൽ പ്രത്യക്ഷമായി നി
ന്നിട്ടു, 'സന്തോഷമായി, മതി, പലപ്പോഴും പല വേഷമായിട്ടു
ഞാൻ അങ്ങയെ പരീക്ഷിച്ചുനോക്കി, ഒരിക്കലും ധൎമ്മ[illegible]
നു തെറ്റി പ്രവൃത്തിച്ചുകണ്ടില്ല. ഇനി സ്വൎഗ്ഗത്തി[illegible]
കാം;' എന്നു പുത്രനെ അനുഗ്രഹിച്ചു മറഞ്ഞു.

ധൎമ്മജൻ വിമാനവുമേറിപ്പോയി സ്വൎഗ്ഗംപൂക[illegible]

സ്വർഗ്ഗത്തിൽ ചെന്നപ്പോൾ ഇന്ദ്രൻ യഥായോഗ്യം സല്ക്കരിച്ചിട്ടു സ്വർഗ്ഗത്തിലെ സർവ്വൈശ്വര്യങ്ങളും കണ്ടുവരുവാനായിട്ടു ഭൂതന്മാരെ കൂട്ടി അയച്ചു. അത്ഭുതകരങ്ങളായ ഓരോ കാഴ്ചകൾ കണ്ടു സഞ്ചരിക്കുമ്പോൾ ഒരുപുറത്തു ധാർത്തരാഷ്ട്രന്മാരെല്ലാവരും സ്വർഗ്ഗപദവി അനുഭവിച്ചു സുഖിച്ചിരിക്കുന്നതും മറ്റൊരുപുറത്തു ഭീമാദികളായ അനുജന്മാരും പാഞ്ചാലിയും നരകത്തിൽ കിടന്നു നിലവിളിക്കുന്നതും കാണുവാനിടയായി. അപ്പോൾ തിരിഞ്ഞുനിന്നിട്ടു 'ധർമ്മാധർമ്മങ്ങൾക്കു ശരിയായ ഫലം കൊടുക്കാത്ത സ്വർഗ്ഗം, ഇനിക്കിതു വേണ്ടതന്നെ;' എന്നു ദേവപരിചാരകന്മാരോടരിയിട്ടു പറഞ്ഞു. അപ്പോഴക്കും ഇന്ദ്രൻ അവിടെ എത്തി, ഇതൊക്കെ മായയാണെന്നും, ദ്രോണരോടു കളവു പറഞ്ഞതിനു വ്യസനശിക്ഷ അനുഭവിപ്പാൻ വേണ്ടി കാണിച്ചതാണെന്നും പറഞ്ഞു സമാധാനപ്പെടുത്തി.

ധർമ്മതല്പരനായ ധർമ്മപുത്രർ അസത്യം പറഞ്ഞുവെന്ന കുററത്തിന്നു കുംഭീപാകനരകം നല്കുന്നതിനേക്കാൾ സങ്കടമായിട്ടുള്ളതു ധർമ്മിഷ്ഠരെ നരകത്തിലും അധർമ്മിഷ്ഠരെ സ്വർഗ്ഗത്തിലും കാണിക്കുക മാത്രമാകുന്നു. ഇതിലധികം വ്യസനം അദ്ദേഹത്തിന്നു മറെറാന്നുകൊണ്ടും ഉണ്ടാവുന്നതല്ലെന്നു അദ്ദേഹത്തിന്റെ സ്വഭാവം മനസ്സിലാക്കിയിട്ടുള്ള ദേവേന്ദ്രൻ അറിഞ്ഞുകൊടുത്തിട്ടുള്ള ശിക്ഷയാകുന്നു ഇത്. കുററം ചെയ്താൽ ശിക്ഷ കൊടുക്കുക എന്നതു എല്ലാവക്കും ഒരുപോലെയല്ലാ വേണ്ടത്. അവരവരുടെ മനോവൃത്തിയനുസരിച്ചു കൊടുത്താലെ മതിയാവുകയുള്ളൂ.

ഇപ്രകാരമുള്ള ശിക്ഷകൊണ്ടു പാപം നശിച്ചതിനുശേഷം യഥാർത്ഥവസ്ഥിതിയും ധർമ്മപുത്രർ കാണിച്ചുകൊടുക്കയുണ്ടായി. ഭീഷ്മരെ വസുക്കളിലും, ദ്രോണരെ ബൃഹസ്പതിയിലും, ഭീമനെ വായുവിലും, അർജ്ജുനനെ ഇന്ദ്രനിലും, നകുലസഹദേവന്മാരെ അശ്വിനീദേവകളിലും, ശക്തിസ്വരൂപിണിയായ പാഞ്ചാലിയെ ഇവരിലെല്ലാവരിലും, ദുര്യോധനാദികളെ കലിമുതലായ അധർമ്മവർഗ്ഗത്തിലും, കർണ്ണനെ ആദിത്യനിലും മററും ആയിട്ടു കണ്ടു സന്തോഷിച്ചു. അപ്പോഴാണു കർണ്ണന്റെ തത്വം ധർമ്മപുത്രർ നല്ലവണ്ണം മനസ്സിലായത്. അതിന്നുശേഷം സ്വർഗ്ഗഗംഗയിൽ സ്നാനം ചെന്ന് ദിവ്യവിഗ്രഹനായി ഹരിശ്ചന്ദ്രാദി മഹാരാജാക്കന്മാരെപ്പോലെ ധർമ്മപുത്രനായ യുധിഷ്ഠിരൻ ഏററവും പ്രകാശിച്ചു.

ശിവം.

21 NOV 1953

MUL
061863